

കൊടിയ ശത്രുവിനോടുപോലും
നീതി പാലിക്കുക

# സത്യദൂതൻ

2013 സെപ്റ്റംബർ | ലക്കം 9

വില ₹ 20




## വാഗ്ദത്ത മസീഹിന്റെ ചില അടയാളങ്ങൾ

## സിറിയയിലെ യുദ്ധത്തീ

## ആഗോള അഹ്മദിയ്യാ സമ്മേളനം

## ഓഗസ്റ്റ് 30,31, സെപ്റ്റംബർ 1 തീയതികളിൽ ലണ്ടനിൽ നടന്ന അഹ്മദിയ്യാ അന്തർദേശീയ വാർഷിക സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ





The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ


2013 സെപ്റ്റംബർ
ഹി.ശ.1392 - തബൂഖ്
1434 - ശവ്വാൽ - ദുൽഖഅദ്
പുസ്തകം 85 ലക്കം 9
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**കൊടിയ ശത്രുവിനോടുപോലും നീതി പാലിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


**13**
**വാഗ്ദത്ത മസീഹിന്റെ ചില അടയാളങ്ങൾ**
ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)

റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം സംഭവിച്ച ഇസ്‌ലാമിന്റെ ദൈവികമായ ഒരു പുനരുജ്ജീവനപ്രക്രിയയാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ആവിർഭാവം. ഹദീസുകളിൽ അത് സംബന്ധിച്ച് നിരവധി അടയാളങ്ങൾ പ്രവചിക്കപ്പെട്ടിട്ടുണ്ട്. ആലങ്കാരികവും പ്രതീകാത്മകവുമായ ആ പ്രവചനങ്ങളുടെ യാഥാർഥ താൽപര്യത്തെ പറ്റി വാഗ്ദത്ത മസീഹിന്റെ പുത്രൻ കൂടിയായ ലേഖകൻ എഴുതിയ 'തബ്‌ലീഗെ ഹിദായത്ത്' എന്ന പുസ്തകത്തിൽ നിന്നെടുത്ത ഒരു ഭാഗമാണിത്.

**17**
**വിവാഹമോചനവും ലിംഗസമത്വവും ഇന്ത്യൻ മുസ്‌ലിം വ്യക്തി നിയമത്തിൽ**
ഡോ. കൗസർ ഇടപ്പകത്ത്

പ്രഗല്‌ഭ നിയമ പണ്ഡിതനായ ലേഖകന്റെ ഡോക്ടറേറ്റ് ലഭിച്ച ഗവേഷണ പ്രബന്ധത്തിലെ പ്രസക്ത ഭാഗങ്ങൾ

**20**
**അമീനുൽഉമ്മത്ത്**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ



**26**
**പ്ലേറ്റോ: മഹാനായ സത്യാന്വേഷകൻ**
എ. ക്യു. മഹ്ദി

**30**
**മതത്തെ രാഷ്ട്രമാക്കി മാറ്റുവാൻ സാദ്ധ്യമാണോ?**
എ. എം. മുഹമ്മദ് സലീം

മനുഷ്യന്റെ ആത്മീയ-സാമൂഹിക വികാസത്തിനായി അല്ലാഹു അവതരിപ്പിച്ച സ്നിഗ്ദ സുന്ദരവും ആർദ്രപൂർണവുമായ മതത്തെ അധികാരത്തിന്റെ സമ്മർദ സ്വഭാവമുള്ള രാഷ്ട്രമാക്കി പരിവർത്തിപ്പിക്കാൻ സാദ്ധ്യമല്ല.

**36**
**സിറിയയിലെ യുദ്ധത്തീ**
അുസാഫിർ



**40**
**വാർത്തകൾ**
**ആഗോള അഹ്മദിയ്യാ സമ്മേളനം**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അന്ന് അവരിൽ ചിലരെ മറ്റുചിലർക്കെതിരിൽ ചിലരെ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ടു നാം അവരെയെല്ലാവരെയും ഒരുമിച്ചു കൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുന്നിൽ നരകത്തെ ശരിയായി നാം പ്രദർശിപ്പിക്കും.(18:100,101)



## നബിവചനം

ജഹ്ശിന്റെ മകൾ സൈനബ് (റ) നിന്ന് നിവേദനം: ഒരു ദിവസം നബി തിരുമേനി(സ) സംഭീതനായി അവരുടെ അടുക്കൽ പ്രവേശിച്ചു. തിരുമേനി(സ) ഇങ്ങനെ അരുളി ചെയ്തു: 'അല്ലാഹുവല്ലാതെ വേറെ ആരാധ്യനാരുമില്ല. ആസന്നമായിരിക്കുന്ന വിപത്ത് കാരണം അറബികൾക്ക് മഹാ നാശം! ഇന്നേ ദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽ കെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു.' (ഇത്രയെന്നു പറഞ്ഞു കൊണ്ടു തിരുമേനി(സ) തന്റെ പെരുവിരലും തൊട്ടടുത്ത വിരലും കൊണ്ട് ഒരു വൃത്തമുണ്ടാക്കി കാണിച്ചു. സൈനബ(റ) പറയുന്നു: 'അപ്പോൾ ഞാൻ ചോദിച്ചു അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരി ക്കേ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? നബിതിരുമേനി (സ) പ്രതിവചിച്ചു: അതെ, (നശിപ്പിക്കപ്പെടും) തിന്മകൾ അധികമായാൽ' (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



വാഗ്ദത്ത മസീഹിന്റെ കാലത്ത് വെളിപ്പെടുവാൻ വിധിക്കപ്പെട്ടിട്ടുള്ള ആ വിപത്തുകളിൽ ഏറ്റവും വലുത് യഅ്ജൂജ് മഅ്ജൂജിന്റെയും ശപിക്കപ്പെട്ട ദജ്ജാലിന്റെയും പുറപ്പാട് ആകുന്നു. അവർ മുസൽമാന്മാർക്ക് വേണ്ടി പ്രിയങ്കരനായ ദൈവത്തിൽനിന്നുള്ള അകൽച്ചയുടെയും അനുസരണ ക്കേടിന്റെയും കാലത്ത് പ്രത്യക്ഷപ്പെടുന്നതും മുസൽമാൻമാരെ സംബന്ധി ച്ചിടത്തോളം കഠിന കഷ്ടപ്പാടുകൾക്ക് കാരണമായിത്തീരുന്നതുമാണ്. എപ്രകാരം യഹൂദികൾക്ക് ചരിത്രപരമായ കഷ്ടപ്പാടുകൾ വന്നിറങ്ങിയിരുന്നുവോ അപ്രകാരം തന്നെ മുസ്‌ലിംകളിലും (വാഗ്ദത്ത മസീഹിനെയും ജമാഅത്തിനെയും കഠിനമായ ദുഃഖമേൽപ്പിച്ചത് നിമിത്തം) കടുത്ത കഷ്ടപ്പാടുകൾ ഇറങ്ങുന്ന തായിരിക്കും.

യഅ്ജൂജ് മഅ്ജൂജ് തങ്ങളുടെ യുദ്ധങ്ങളിലും കണ്ടുപിടുത്തങ്ങളിലും അഗ്നി ഉപയോഗപ്പെടുത്തുന്നു. അഥവാ തീ ഉപയോഗിക്കുന്ന രണ്ട് ജനതകളാണെന്ന് അറിഞ്ഞുകൊൾവിൻ. ഈ രണ്ട് ശക്തികളും തീ ഉപയോഗിക്കുന്നത് കൊണ്ടാണ് അവർക്ക് യഅ്ജൂജ് എന്ന പേർ ഉണ്ടായത്. ജ്വാലകളുയർത്തുക എന്നത് അഗ്നിയുടെ ഗുണമാണല്ലോ. അവരുടെ യുദ്ധങ്ങളിൽ അഗ്നിയുടെ അടിസ്ഥാന ഘടകങ്ങൾ ഉപയോഗ പ്പെടുത്തുന്നതിനാൽ അവർ ലോകത്തുള്ള എല്ലാ ജനതകളെയും മറച്ചുകളയുന്നതും അവരെ യാതൊരു പർവതത്തിനും കടലിനും തടയാനാവാത്തതുമത്രെ. രാജാക്കന്മാർ (രാഷ്ട്രത്തലവന്മാർ) അവരുടെ മുമ്പാകെ ഭയം നിമിത്തം അനുസരണത്തിന് നിർബന്ധിതരായിരിക്കുന്നതുമാണ്. ആരുംതന്നെ അവരെ നേരിടാൻ പ്രാപ്തരായിരിക്കുന്നതല്ല. അവർ ഒരു നിശ്ചിത കാലയളവോളം സകലരേയും തങ്ങളുടെ ചവിട്ടടിയിൽ ഒതുക്കി കളയുന്നതാണ്. ഈ രണ്ട് കല്ലുകളുടേയും ഇടയിൽപ്പെടുന്നത് ആരായിരുന്നാലും എത്ര വലിയ രാഷ്ട്രീയാധികാരം അവർക്കുണ്ടായിരുന്നാലും ധാന്യപ്പൊടി പോലെ ധൂളിക്കപ്പെടുകയും ആ രണ്ടു വൻ ശക്തികൾ കാരണം ഭൂമിയിൽ വലുതായ പ്രകമ്പനങ്ങൾ അനുഭവപ്പെടുകയും ചെയ്യും.(ഖുത്ബ ഇൽഹാമിയ്യ)

എഡിറ്റോറിയൽ

# അരക്ഷിതമായ ലോകം

അവസാനകാലം ലോകം യുദ്ധങ്ങളാലും യുദ്ധ ശ്രുതികളാലും മുഖരിതമാവുമെന്ന് തിരുവചനങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: '**ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ കാണുകയും നാം അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന നാളിൽ. അപ്പോൾ അവരിൽ ഒരാളെയും നാം വിട്ടുകളയുകയില്ല.' (18:48)** അവസാനകാലത്ത് സംഭവിക്കുന്ന കാര്യങ്ങളെ പരാമർശിച്ചുകൊണ്ടുള്ള ഒരു ബൈബിളിൽ വചനം ഇങ്ങനെയാണ്. '*നിങ്ങൾ യുദ്ധങ്ങളെപറ്റിയും യുദ്ധശ്രുതി കളെപറ്റിയും കേൾക്കും. പരിഭ്രാന്തരാകാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുക. കാരണം ഇതെല്ലാം സംഭവിച്ചേ തീരൂ. എങ്കിലും അവസാനം ഇനിയും ആയിട്ടില്ല. ജനത ജനതയോടും രാജ്യംരാജ്യത്തോടും യുദ്ധം ചെയ്യും പല സ്ഥലങ്ങളിലും ക്ഷാമങ്ങളും ഭൂകമ്പങ്ങളും ഉണ്ടാകും. ഇതെല്ലാം ഈറ്റു നോവിന്റെ തുടക്കം മാത്രമാണ്. അപ്പോൾ അവർ നിങ്ങളെ മർദനത്തിന് ഏൽപ്പിച്ചു കൊടുക്കും, വധിക്കുകയും ചെയ്യും. എന്റെ നാമം നിമിത്തം സർവജനതകളും നിങ്ങളെ വെറുക്കും. പലരും ഇടറിപ്പോവും' ( മത്തായി24:4-10)* റസൂൽ തിരുമേനി (സ) ഹദീസുകളിൽ ഒരു **'മൽമഹതുൽ കുബ്റ'** (അതിഘോരയുദ്ധം) യെപറ്റിയും പ്രതിപാദിച്ചിരിക്കുന്നു. റസൂൽ തിരുമേനി(സ) യുടെ ഒരു വചനം നോക്കൂ, '*ജഹ്ശിന്റെ മകൾ സൈനബ് (റ) ൽ നിന്ന് നിവേദനം: ഒരു ദിവസം നബി തിരുമേനി(സ) സംഭീതനായി അവരുടെ അടുക്കൽ പ്രവേശിച്ചു. തിരുമേനി (സ) ഇങ്ങനെ അരുളി ചെയ്തു:' അല്ലാഹുവല്ലാതെ വേറെ ആരാധ്യനാരുമില്ല. ആസന്നമായിരിക്കുന്ന വിപത്ത് കാരണം അറബികൾക്ക് മഹാ നാശം! ഇന്നേ ദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽ കെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു.'(ഇത്രയെന്നു പറഞ്ഞു കൊണ്ടു തിരുമേനി(സ) തന്റെ പെരുവിരലും തൊട്ടടുത്ത വിരലും കൊണ്ട് ഒരു വൃത്തമുണ്ടാക്കി കാണിച്ചു. സൈനബ(റ) പറയുന്നു: ' അപ്പോൾ ഞാൻ ചോദിച്ചു അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരി ക്കേ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? നബി തിരുമേനി (സ) പ്രതിവചിച്ചു: അതെ, (നശിപ്പിക്കപ്പെടും) തിന്മകൾ അധികമായാൽ' (ബുഖാരി).* മറ്റൊരിടത്ത് റസൂൽ തിരുമേനി (സ) പറഞ്ഞു: '*(അക്കാലത്ത്)ഹർജ് അധികരിക്കും. അവർ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരെ, എന്താണ് ഹർജ്? അവിടുന്ന് മറുപടി പറഞ്ഞു, അത് കൊലയാണ് '(ബുഖാരി)*

ഭൗതികാസക്തിയും ധാർമികബോധത്തിന്റെ അഭാവവുമാണ് യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും കാരണമായിത്തീരുന്നത്. അത് അവസാനം ലോകവ്യാപകമായ മഹായുദ്ധമായി കലാശിക്കുന്നിടം വരെ എത്തും. ഇത്തരത്തിലുള്ള രണ്ട് മഹായുദ്ധങ്ങൾ ലോകം കണ്ടതാണ്. ഈ വിപത്തിന്റെയെല്ലാം കേന്ദ്ര സ്ഥാനം എണ്ണവിഭവങ്ങൾ കൊണ്ടും ഖനിജങ്ങൾക്കൊണ്ടും സമ്പന്നമായ മുസ്‌ലിം നാടുകളുടെ ഹൃദയ ഭൂമിയായ മദ്ധ്യപൗരസ്ത്യ ദേശമാണ്. അശക്തരും അൽപ്പ ബുദ്ധികളുമായ മുസ്‌ലിം ഭരണാധികാരികൾക്ക് നടുവിൽ ന്യൂക്ലിയർ ബോംബുകളടക്കം വൻ ആയുധ ശേഖരവുമായി അന്യായമായി കുടിയിരുത്തപെട്ട ഇസ്റയേലാണ്, ഈ സംഘർഷങ്ങൾക്കെല്ലാം പ്രത്യക്ഷവും പരോക്ഷവുമായ കാരണമായി തീരുന്നത്. പഴയ കുരിശുയുദ്ധങ്ങളുടെ ചരിത്രസ്മരണകൾ മുസ്‌ലിംലോകത്തോടുള്ള പകയും വിരോധവും പാശ്ചാത്യരിൽ ഇപ്പോഴും നിലനിൽക്കുന്നത് കൊണ്ടാവാം, ഇസ്റായേലിന്റെ അതിക്രമങ്ങൾക്കെതിരെ അവരുടെ ഭാഗത്ത് നിന്ന് ധാർമിക രോഷം ഉയരാത്തത്.

അറബ് വസന്തം എന്ന പേരിൽ മുസ്‌ലിം നാടുകളിൽ കാണുന്ന രാഷ്ട്രീയ പരിവർത്തനങ്ങളും ഉണർച്ചകളും കാണുമ്പോൾ തങ്ങളുടെ ചൊൽപ്പടിക്ക് നിൽക്കാത്ത ഭരണകൂടങ്ങൾ സൃഷ്ടിക്കപ്പെടുമോ എന്ന ഭീതികൊണ്ടായിരിക്കാം അമേരിക്കയും പാശ്ചാത്യ സഖ്യവും അവിടങ്ങളിൽ സായുധമായി ഇടപെടാൻ വെപ്രാളപ്പെടുന്നത്. ഈജിപ്തിലെ തിരഞ്ഞെടുക്കപ്പെട്ട മുർസി ഭരണകൂടത്തെ അട്ടിമറിച്ചതിന് പിന്നാലെ ഇപ്പോൾ സിറിയക്കെതിരെയുള്ള പടയൊരുക്കത്തിനും കാരണമിതാണ്. അമേരിക്കയിലേയും യൂറോപ്പിലേ യും ജനങ്ങളെല്ലാം സിറിയൻ ആക്രമണത്തിനെതിരാണ്. ബ്രിട്ടന്റെ പാർലമെന്റും ജർമനിയും യുദ്ധത്തിനെതിരെ പ്രതിഷേധം രേഖപ്പെടുത്തിക്കഴിഞ്ഞു. യുദ്ധത്തിന് വേണ്ടി കരുക്കൾ നീക്കുന്ന ചില കുടില മാനസരാണ് അദൃശ്യ ശക്തിയായിനിന്ന് യുദ്ധത്തീ കത്തിച്ചു കൊണ്ടിരിക്കുന്നത്. അല്ലാഹു ഖുർആനിൽ പറയുന്നു: '**അവർ യുദ്ധത്തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കാൻ അവർ ഓടി നടക്കുകയാണ്. അല്ലാഹു കു ഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല. '(5:65)** പക്ഷേ ലോകം വമ്പിച്ച ഒരു നാശം അർഹിക്കുന്ന വിധം അപചയത്തിന് വിധേയമായാൽ പരസ്പരം പോരടിച്ചു നശിക്കുന്ന വൻ യുദ്ധങ്ങൾ ഭാവിയിൽ നമ്മെ കാത്തിരിക്കുന്നുണ്ട്. ഖുർആൻ വചനം വീണ്ടും ആവർത്തിക്കട്ടെ '**ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ കാണുകയും നാം അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന നാളിൽ. അപ്പോൾ അവരിൽ ഒരാളെയും നാം വിട്ടുകളയുകയില്ല.' (18:48)**



ഹദ്റത്ത് അഹ്മദ് (അ)

# അവസാനകാലത്തെ അടയാളങ്ങൾ

വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ട ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമന കാലത്തിലേക്ക് വിരൽ ചൂണ്ടുന്നു, യഅ്ജൂജ് മഅ്ജൂജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതിയിട്ടുള്ളതും അതുകൊണ്ടു തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ് (Gog Magog) രണ്ടു ജനതകളാണ് അതിനെ പറ്റി പൂർവികഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അവർ അജീജ് അതായത് അഗ്നികൊണ്ട് പലതും കാട്ടി കൂട്ടും എന്നതിനാലാണ്. ഈ പേർ അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങൾ ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായി തീരും അവർ. അപ്പോൾ അതേ കാലത്ത് തന്നെ സ്വർഗത്തിൽ നിന്നും വലുതായ പരിവർത്തനങ്ങളും ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും ഭൂമിയിൽനിന്ന് പല പല ഖനിജങ്ങളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്ത് വരുമെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യചന്ദ്ര ഗ്രഹണങ്ങളുണ്ടാകും ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്ന് പിടിക്കും. ഒട്ടകം നിഷ്പ്രയോജനകരമായിഭവിക്കും. എന്നുവെച്ചാൽ ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യന്ത്രം ഉണ്ടാക്കപ്പെടും. അതു ഇപ്പോൾ നാം നോക്കി കാണുന്നുവല്ലോ. പണ്ടു ഒട്ടകം മുഖേന കടത്തിപോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റയിൽ മാർഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റയിൽ മാർഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്. ***വലയുത്റകന്നൽ ഖിലാസു ഫലായുസ്ആ അലൈഹാ***(മുസ്ലിം, കിതാബുൽ ഈമാൻ)

ചുരുക്കത്തിൽ അവസാന നാളുകളുടെ ഈ അടയാളങ്ങമെല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രത്തിൽ ഇത് അവസാനത്തെ കാലചക്രമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങൾ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളാണെന്നും നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴ് ആയിരം ആണെന്നത് ഖുർആന്റെ ഖണ്ഡിതവചനമാണെന്ന് വ്യക്തമായി. ദൈവം ഒറ്റയാകുന്നു അതു കൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഏഴു ദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴ് ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനത്തെ കാലവും ലോകത്തിന്റെ അവസാനത്തെ കാലചക്രമാണെന്നും അതിന്റെ തലക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹ് വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജ്ജത്തുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ഇസ്ലാമിൽ കടന്നു കഴിഞ്ഞ എല്ലാ അഹ്ലുൽ കശ്ഫുകാരും(കശ്ഫ് അഥവാ ദിവ്യദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിനപ്പുറം കടന്നിട്ടില്ല. അപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിന്റെ ഈ ഉമ്മത്തിൽ സമുദായത്തിൽ-നിയോഗിച്ചയച്ചതിനുള്ള കാരണം എന്തായിരുന്നുവെന്ന് സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്. തിരുനബി (സ)തന്റെ നുബൂവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി (അ) ന്റെ നുബൂവ്വത്ത് കാലത്തിന്റെ സദൃശനായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദത്തം ചെയ്യപെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബി (സ) യുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു. മറ്റൊന്ന് അവസാന കാലഘട്ടത്തിലും. അങ്ങിനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി, എപ്രകാരം ഹദ്റത്ത് മൂസാ നബി (അഫിർഔനും അയാളുടെ സൈന്യത്തിനും മേൽ വിജയം നൽകിയോ അപ്രകാരം തന്നെ തിരുനബി(സ) ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും

ശേഷം പേജ് 19 ൽ

# കൊടിയ ശത്രുവിനോടുപോലും നീതി പാലിക്കുക

**(09 – 08 – 2013 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅഖുത്വ്ബയുടെ സംഗ്രഹം)**




**തി**രുനബി(സ)യുടെ പ്രിയ പ്രേമിയുടെ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കുകയും ശത്രുക്കളുടെ ആരോപണങ്ങൾക്ക് വ്യക്തമായ തെളിവുകൾ സഹിതം മറുപടി നല്കി അവരെ നിശബ്ദരാക്കുകയും ചെയ്യുക എന്നത് നമ്മുടെ ജോലിയാണ്. എന്നാൽ അല്ലാഹു സ്വയം ഇതിനുള്ള സംവിധാനവും ഒരുക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ നീതിബോധമുള്ള അമുസ്‌ലിം വ്യക്തികളെ ഇതിനായി എഴുന്നേൽ പ്പിക്കുന്നു. അവർ ഇസ്‌ലാമിന്റെ ശ്രേഷ്ഠത ലോകസമക്ഷം സമർപ്പി ക്കുന്നു. പ്രൊഫസറും പണ്ഡിതനു മായ ഒരു കത്തോലിക്കൻ ക്രിസ്ത്യാനി കഴിഞ്ഞ ദിവസം ഡെയ്‌ലി ടെലിഗ്രാഫിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രശംസിച്ചു കൊണ്ടാണ് എഴുതിയത്. മുസ്‌ലിംകളുടെ ഉന്നത മൂല്യങ്ങളും അധ്യാപനങ്ങളും ഉൾക്കൊള്ളാൻ നാം ശ്രമിക്കേണ്ടതാണെന്നും അദ്ദേഹം എഴുതി.

അല്ലാഹുവിന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്നവരാണ് ഇക്കാലത്ത് മതത്തെയും ഇസ്‌ലാമിനെയും ആക്ഷേപിക്കുന്നവർ. ഞാൻ പറഞ്ഞതുപോലെ മതത്തിന്റെ ആവശ്യകതയെകുറിച്ച് പറയലും ജീവനുള്ള ദൈവത്തിന്റെ അസ്തിത്വം ലോകത്ത് തെളിച്ചു കാട്ടുക എന്നതും നമ്മുടെ കടമയാണ്. കാരണം ഒരു യഥാർഥ വിശ്വാസിക്ക് മാത്രമേ ഈ ജോലി ശരിക്കും ചെയ്യാൻ സാധിക്കുകയുള്ളൂ. കാലത്തിന്റെ ഇമാമുമായി ബന്ധപ്പെട്ടതിനാൽ അഹ്മദികൾക്ക്

മാത്രമേ ഇസ്‌ലാ മിന്റെ യഥാർഥ അധ്യാപനം മനസ്സി ലാക്കാനും ലോകത്ത് പ്രചരിപ്പി ക്കാനും കഴിയുകയുള്ളൂ. ഇങ്ങ നെയാണ് ആകേണ്ടതും. വിശുദ്ധ ഖുർആന്റെ അ ധ്യാ പ ന ത്തി ന്റെ യും കല്പനയുടെയും അടിസ്ഥാന ത്തിൽ പ്രവർത്തിക്കുമ്പോൾ മാത്ര മേ ഈ ജോലി നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ.

ഇന്ന് പറയാൻ പോകുന്നതിൽ ഒന്നാമത്തേത് നീതിയെ കുറിച്ചും ന്യായത്തെ കുറിച്ചുമാണ്. നിങ്ങൾ സംസാരിക്കുമ്പോൾ നീതിയോട് കൂടി സംസാരിക്കുക. നിങ്ങൾ ആരെക്കുറിച്ചാണോ പറയുന്നത് അവർ എത്രതന്നെ അടുത്ത ആളാ യാൽ പോലും.

നീതിയുടെ വിവിധ വശങ്ങ ളുണ്ട്. ഇതു സംബന്ധമായി വിശു ദ്ധഖുർ ആനിൽ വിവിധ സ്ഥലങ്ങ ളിൽ വിശദമായ പരാമർശങ്ങൾ കാണാവുന്നതാണ്. അടുത്തബ ന്ധുക്കൾക്ക് വേണ്ടി നൽകാൻ പോകുന്ന സാക്ഷ്യത്തെക്കുറിച്ച് മറ്റൊരു സ്ഥലത്ത് അല്ലാഹു വിശദ മായി പറയുന്നുണ്ട്. അവിടെ അടു ത്ത ബന്ധുവിനെ കുറിച്ച് മാത്രമല്ല, തന്നെക്കുറിച്ച് തന്നെ പറയേണ്ടി വന്നാലും മാതാപിതാക്കളെക്കുറി ച്ചാണെങ്കിലും നീതിയോടു കൂടി പറ യുക എന്നാണ് പറഞ്ഞിരിക്കുന്നത്. സൂറത്തുന്നിസാഇലെ 136-ാം ആയ ത്താണത്. അല്ലാഹു പറയുന്നു: വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണ മായി നീതിപാലിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾ ക്കോ എതിരായിരുന്നാൽ പോലും. അയാൾ ധനികനോ, ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും കൂടുതൽ അവകാ ശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച് ഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിനു വേണ്ടിയാ ണിത്. നിങ്ങൾ സത്യം മറച്ചുവെക്കു കയോ അവ്യക്തമായ കാര്യങ്ങൾ പറയുകയോ ചെയ്താൽ ഓർ ക്കുക; അല്ലാഹു നിങ്ങൾ പ്രവർത്തി ക്കുന്നതിനെ സംബന്ധിച്ച് നല്ലവ ണ്ണം അറിയുന്നവനാകുന്നു.

ഇവിടെ സാക്ഷികളെ കുറിച്ച് ഒരടിസ്ഥാനകാര്യമാണ് വിവരിച്ചത്. അല്ലാഹുവിന്റെ പ്രീതി മാത്രം കാം ക്ഷിച്ചുകൊണ്ടായിരിക്കണം നിങ്ങൾ സാക്ഷി പറയേണ്ടത്. അല്ലാഹുവി ന്റെ കല്പനക്ക് കീഴ്പ്പെട്ടു കൊണ്ടാ യിരിക്കണം. ഹദ്റത്ത് മസീഹ് മൗ ഊദ് (അ) ഒരു സ്ഥലത്ത് പറയു ന്നു: "സത്യത്തിലും നീതിയിലും നിലനിൽക്കുക. നിങ്ങ ളുടെ ഓരോ സാക്ഷ്യവും തന്നെ അല്ലാഹുവിന് വേണ്ടിയായിരിക്കേണ്ടതാണ്"

ലോകത്ത് നീതിയും ന്യായവും സ്ഥാപിക്കാനുള്ള ഒരേ ഒരു മാർഗം അല്ലാഹുവിന്റെ പ്രീതി മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുക എന്നതാണ്. ഇതല്ലാതെ ലോകത്ത് നിന്ന് അനീതിയും ദേഹേച്ഛക ളെയും അവസാനിപ്പിക്കാനായി മറ്റൊരു മാർഗവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു: എല്ലാ ശക്തി കളുടെയും രാജാവ് നീതിയാകു ന്നു. ഈ ശക്തി മനുഷ്യനിൽ ഇല്ലെങ്കിൽ പിന്നെ എല്ലാം നഷ്ടമാ യിത്തീരുന്നതാണ്. നീതിയും ന്യായവും മനുഷ്യനിൽ ഉണ്ടാകുക എന്നത് അവന്റെ ഗുണങ്ങളെ പ്രകാശപൂരി തമാക്കുന്നതാണ്.

ഈ ആയത്തിൽ വിവരിച്ചതനു സരിച്ച് പ്രവർത്തിക്കുകയാണെ ങ്കിൽ, നീതി സ്ഥാപിക്കുന്നതിനായി തനിക്കെതിരിൽ തന്നെ സത്യം പറയേണ്ടി വന്നാലും മാതാപി താക്കൾക്കെതിരിലോ അടുത്ത ബന്ധുക്കൾക്കെതിരിലോ സാക്ഷ്യം പറയേണ്ടി വന്നാലും അതിൽ നിന്ന് മുഖം തിരിക്കാതെ പ്രവർത്തി ക്കുകയാണെങ്കിൽ ഇതുമുഖേന മനോഹരമായ ഒരു സമൂഹം കെട്ടിപ്പടുക്കപ്പെടുന്നതാണ്. ഇതിന് സമാനമായത് നമുക്ക് മറ്റെവി ടെയും ലഭിക്കില്ല.

ഇരുകക്ഷികൾക്കിടയിൽ പ്രശ്നമുണ്ടാകുമ്പോഴാണ് സാക്ഷി യുടെ ആവശ്യം നേരിടുന്നത്. ഇങ്ങ നെയുള്ള അവസ്ഥയിൽ ഇരു കക്ഷികളോടും അവരുടെ കാര്യ ങ്ങൾ വിവരിക്കാൻ പറയുകയോ സാക്ഷികളെ സമർപ്പിക്കുകയോ ചെയ്യുന്നു. പ്രശ്നം എന്താണെന്ന് ഇത് മുഖേന വ്യക്തമാകുന്നതാണ്. തീരുമാനം കല്പിക്കാനും നീതി സ്ഥാപിക്കാനും എളുപ്പമായി ത്തീരുന്നതാണ്. സാക്ഷ്യങ്ങൾ തന്നെ കള്ളമാണെങ്കിൽ തങ്ങളുടെ കാര്യങ്ങൾ വളച്ചൊടിച്ച് അന്യാ യമായ അവകാശം നേടാനായി ശ്രമിക്കുകയാണെങ്കിൽ വിധി കല്പിക്കുന്നവരുടെ വിധിയും ഒരു പക്ഷേ ശരിയായിക്കൊള്ളണമെ ന്നില്ല. തെറ്റിപ്പോകാൻ സാധ്യത യുണ്ട്. ഇങ്ങനെയുള്ള അവസര ത്തിൽ ഇതിന്റെ പാപം സാക്ഷി പറഞ്ഞവർക്കാണ്. വിധി കല്പിക്കു ന്നവർക്കല്ല. തന്റെ ബന്ധുക്കളുടെ നേട്ടത്തിനായി സാക്ഷ്യം പറയുന്നു. വിധി കല്പിക്കുന്ന സ്ഥാപനത്തെ തെറ്റായ ദിശയിലൂടെ കൊണ്ടു പോകാൻ ശ്രമം നടത്തുന്നു. അങ്ങനെ തെറ്റുകാരായിത്തീരുന്നു. തിരുനബി (സ) അരുളി: ആരെ ങ്കിലും തെറ്റായ വിവരണം നൽകി എന്നെ കൊണ്ട് തെറ്റായ വിധി പുറപ്പെടുവിക്കുകയാണെങ്കിൽ അവൻ തീയുടെ കഷണമാണ് കൂടെ കൊണ്ടുപോകുന്നതെന്ന് മനസ്സിലാക്കുക.

ചുരുക്കത്തിൽ തെറ്റായ വിവരം നൽകി കള്ള സാക്ഷ്യം പറഞ്ഞ് തീക്കനൽ കരസ്ഥമാക്കുന്നതിൽ നിന്ന് ഓരോരുത്തരും രക്ഷപ്പെടേ ണ്ടതാണ്. ഇതിൽ നിന്നെല്ലാം രക്ഷപ്പെടുന്നവനാണ് യഥാർഥ വിശ്വാസി.

ഞാൻ ഓതിക്കേൾപ്പിച്ച സൂറ ത്തുന്നിസാഇലെ വചനത്തിന് മുമ്പ് കുടുംബ പ്രശ്നങ്ങളെകുറിച്ചാണ് പറയുന്നത്. ഭാര്യയോ ഭർത്താവോ അന്യായമായ അവകാശങ്ങൾ കര സ്ഥമാക്കാനായി ശ്രമിക്കുകയാണെ ങ്കിൽ തലാഖ്, ഖുലാഅ് വേളയിൽ പുരുഷന്റെയും സ്ത്രീയുടെയും ബന്ധുക്കൾ തെറ്റായ വിവരം നൽകി അന്യായമായി അവകാശം കരസ്ഥമാക്കാൻ ശ്രമിക്കുകയാ ണെങ്കിൽ അവർ നീതിയുടെ കഴു

ത്തിന് കത്തിവെക്കുകയാണ് ചെയ്യുന്നത്. ഇതു മുഖേന അവർ താത്കാലികമായ ഭൗതിക നേട്ടം കരസ്ഥമാക്കിയേക്കാം. എന്നാൽ തിരുനബി (സ) പറഞ്ഞത് പോലെ അവർ തീകഷണമാണ് കൂടെകൊണ്ട് പോകുന്നത്. അത് ഖിയാമത്ത് നാളിൽ മോശമായ പര്യവസാനത്തിലേക്ക് ചെന്നെത്തിക്കുന്നതാണ്. ഇരു കക്ഷികളും സാക്ഷികളും സ്വേച്ഛകളെ പിൻ പറ്റിക്കൊണ്ട് നീതിയിൽ നിന്ന് തുലോം അകലുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സ്വേച്ഛകളെ പിൻപറ്റരുത്. നീതിയും ന്യായവും സ്ഥാപിക്കാനായി ശ്രമിക്കുക.

അല്ലാഹു തുടർന്നു പറയുന്നു: നിങ്ങൾ അവ്യക്തമായ കാര്യങ്ങൾ പറയുകയോ ഇതിൽ നിന്ന് മുഖം തിരിച്ചു കളയുകയോ ചെയ്താൽ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അറിയുന്നവനാണ് അല്ലാഹു എന്ന് അറിയുക.

കള്ള സാക്ഷ്യങ്ങൾ നൽകിക്കൊണ്ട് തീരുമാനം കല്പ്പിക്കുന്നവനെ വഞ്ചിക്കാൻ സാധിച്ചേക്കാം. ആരുടെ അടുത്താണോ ഈ പ്രശ്നമുള്ളത് അവരെ വഞ്ചിക്കാൻ സാധിച്ചേക്കാം. അദ്ദേഹത്തോട് തനിക്കനുകൂലമായും മറുകക്ഷി ക്കെതിരിലും നീതിക്കും ന്യായത്തിനുമെതിരിലും തീരുമാനം എടുപ്പിക്കാൻ സാധിച്ചേക്കാം. എന്നാൽ എല്ലാം അറിയുന്ന അല്ലാഹുവിനെ നമുക്ക് വഞ്ചിക്കാൻ സാധ്യമല്ല. തിരുനബി (സ) പ്രത്യേകിച്ച് നിക്കാഹ് ഖുത്വുബകളിൽ നേരെ ചൊവ്വേ കാര്യങ്ങൾ സംസാരിക്കാനായി നിർദേശിച്ച വിശുദ്ധ ഖുർആന്റെ പാഠം പ്രത്യേകമായി കേൾപ്പിക്കാറുണ്ട്. അതിനുള്ള കാരണം ബന്ധം ഉറപ്പിക്കുമ്പോഴും അതിനു ശേഷം പരസ്പരം ജീവിതം കഴിച്ചു കൂട്ടുമ്പോഴും വല്ല പ്രശ്നവും വന്നാൽ അപ്പോഴും **കൂലൂ കൗലൻ സദീദാ** നേരെ ചൊവ്വേ കാര്യങ്ങൾ സംസാരിക്കേണ്ടതാണ്. ഈ മാർഗം കൈവിടുമ്പോൾ ഇത് നിങ്ങളെ തഖ്‌വയിൽ നിന്ന് അകറ്റും. ഇത് നിങ്ങളെ നീതിയിൽ നിന്നും ന്യായത്തിൽ നിന്നും ദൂരെയകറ്റും. ഇത് സമൂഹത്തിൽ കുഴപ്പത്തിന് കാരണ മായിത്തീരുന്നതാണ്.

നമ്മുടെ ഖളായിൽ ഖുൽ അയുടെയും തലാഖിന്റെയും കേസുകൾ വരുമ്പോൾ ചില പ്രശ്നങ്ങൾ ഞാൻ സ്വയം നോക്കാറുണ്ട്. നീതിയിലും യാഥാർഥ്യത്തിലും അധിഷ്ഠിതമായ കാര്യങ്ങൾ പറയുകയോ സാക്ഷികൾ യഥാർഥ സാക്ഷ്യങ്ങൾ നൽകുകയോ ചെയ്യാറില്ല. ഇതേ പോലെ ഇടപാടുകളിൽ ചിലർ താത്കാലിക നേട്ടത്തിനായി തഖ്‌വയിൽ നിന്ന് അകന്നു കൊണ്ട് തീക്കനൽ വാങ്ങുന്നവരായി മാറുന്നു.

തീ കഷണമാണ് അവർ കൊണ്ട് പോകുന്നത് എന്ന് പറയുന്ന ഹദീസിൽ രണ്ട് സഹോദരങ്ങളുടെ സ്വത്തിന്റെ കാര്യമാണ് പരാമർശിക്കുന്നത്. ഈ കേസ്സ് തിരുനബി (സ)യുടെ സവിധത്തിൽ സമർപ്പിക്കപ്പെടുകയുണ്ടായി. അപ്പോൾ അവരോട് തിരുനബി (സ) പറഞ്ഞത് വാചാലമായി സംസാരിച്ചു കൊണ്ട് എന്നോട് അവർക്കനുകൂലമായി ആരെങ്കിലും തീരുമാനം നേടുമ്പോൾ അവർ അഗ്നിയുടെ ഒരു ഭാഗമാണ് കരസ്ഥമാക്കുന്നത് എന്ന് ഓർക്കേണ്ടതാണ്. ഈ അഗ്നിയുടെ ഭാഗം ഖിയാമത്ത് നാളിൽ നിങ്ങളുടെ നാശത്തിന് കാരണമായിത്തീരുന്നതാണ്. ഇത് കേട്ടപ്പോൾ രണ്ട് സഹോദരന്മാരും പൊട്ടിക്കരഞ്ഞുകൊണ്ട് മാപ്പപേക്ഷിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു: 'ഞങ്ങൾക്കൊന്നും വേണ്ട. എന്റെ അവകാശം കൈവിടുന്നു. അത് മറുകക്ഷിക്ക് നൽകുക'. തിരുനബി (സ) പറഞ്ഞു: 'നിങ്ങളുടെ അവകാശം ഉപേക്ഷിക്കുന്നതും ശരിയല്ല. നിങ്ങളുടെ അവകാശമാണെങ്കിൽ തീർച്ചയായും കൈവശമാക്കുക. തീരുമാനം കല്പിക്കാൻ കഴിയുന്നില്ലെങ്കിൽ, ഇതിന് വേണ്ടി വ്യക്തമായ രേഖകൾ തെളിവായി ഹാജരാക്കാനില്ലെങ്കിൽ ഇതിന് തെളിവായി ശരിയായി സാക്ഷികളുമില്ലെങ്കിൽ നറുക്കിടുക. ആർക്ക് എത്രയാണോ വരുന്നത് അത് ഓരോരുത്തരും സ്വീകരിക്കുക.' പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങളാണിവ. ഒരു വിശ്വാസിയിൽ ഉണ്ടായിത്തീരേണ്ട തഖ്‌വയുടെ നിലവാരമാണിത്.

നീതി നടപ്പിൽ വരുത്തുന്നതിന് തടസ്സമായിത്തീരുന്നവരോട് അല്ലാഹു കരുണ ചൊരിയട്ടെ. അവർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. ഗാർഹിക പ്രശ്നങ്ങളാണെങ്കിലും ഇടപാടുകളിലാണെങ്കിലും സത്യസന്ധമായ സാക്ഷ്യങ്ങൾ നൽകുക. നീതി നടപ്പിൽ വരുത്തുന്നതിനുള്ള സാക്ഷ്യങ്ങൾ ആയിരിക്കേണ്ടതാണ്. ഇങ്ങനെയാണെങ്കിൽ നമ്മുടെ സമൂഹം സ്വർഗത്തിന്റെ മാതൃക ഈ ലോകത്ത് തന്നെ സമർപ്പിക്കുന്നതായി മാറും.

ഞാൻ പറഞ്ഞതു പോലെ വിശുദ്ധ ഖുർആനിൽ നീതിയെ കുറിച്ച് വിശദമായ പാഠങ്ങൾ കാണുന്നതാണ്. ഇതു സംബന്ധമായി ഒന്ന് രണ്ട് ആയത്തുകൾ കൂടി ഞാൻ കേൾപ്പിക്കാം. സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു: അമാനത്തുകൾ അതിന്റെ അവകാശികളെ ഏൽപിക്കാൻ അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ ഭരണം നടത്തുമ്പോൾ നീതി പൂർവം ഭരണം നടത്തുക. അല്ലാഹു നിങ്ങൾക്ക് ഉപദേശം നൽകുന്നത് ഏറ്റവും ഉത്തമമായതാണ്. അല്ലാഹു നല്ലതു പോലെ കേൾക്കുന്നവനും എല്ലാ കാര്യങ്ങളും ശരിക്കും നോക്കുന്നവനുമാണ്.

ഈ വചനത്തിൽ ആദ്യമായി പറയുന്നത് അമാനത്തുകളെ അതർഹിക്കുന്നവരെ ഏൽപ്പിക്കാനാണ്. കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇതു സംബന്ധമായ വിശദമായ ഒരു ഖുത്വുബ ഞാൻ നൽകിയിട്ടുള്ളതാണ്. അതിൽ പറഞ്ഞിരുന്നത് ഈ വർഷം ജമാഅത്ത് ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന വർഷമാണ്, അതിനാൽ വ്യക്തികളെ തിരഞ്ഞെടുക്കുമ്പോൾ വ്യക്തി താത്പര്യങ്ങൾ പരിഗണിക്കാതെ, കുടുംബ ബന്ധങ്ങളെ പരിഗണിക്കാതെ നീതിയോടു കൂടി അമാനത്തിന്റെ കടമകൾ നിറവേറ്റിക്കൊണ്ട് തങ്ങളുടെ

ജോലിയിൽ നീതി പാലിക്കും എന്ന് നിങ്ങൾക്ക് തോന്നുന്ന ഭാരവാഹികളെ തിരഞ്ഞെടുക്കുക എന്നാണ്.

ഏതായിരുന്നാലും തിരഞ്ഞെടുപ്പ് കഴിഞ്ഞു. ചില സ്ഥലങ്ങളിൽ തിരഞ്ഞെടുക്കുന്നവർ അവരുടെ ദൃഷ്ടിയിൽ ഉത്തമ രായിട്ടുള്ളവരെ തിരഞ്ഞെടുത്തു. ചില സ്ഥലങ്ങളിൽ ഞാൻ സ്വയം ചില മാറ്റങ്ങൾ വരുത്തുകയുണ്ടാ യി. മശ്‌വറ നൽകുന്നവരുടെ മശ്‌വറ ഞാൻ അംഗീകരിച്ചില്ല. നല്ല പ്രവൃത്തി ചെയ്യുന്ന ആളായി രുന്നുവെങ്കിൽ അദ്ദേഹത്തെ തന്നെ നിലനിർത്തി.

ഓരോരുത്തർക്കും പ്രവർത്തിക്കാനുള്ള കഴിവിന് ഒരു പരിധിയുണ്ട്. ആ പരിധിവരെ എത്തിക്കഴിഞ്ഞാൽ പിന്നീട് ആ വകുപ്പിൽ പുരോഗതി ഉണ്ടാവുകയില്ല. ഒരു പക്ഷേ ഒരു വകുപ്പിൽ ശരിക്ക് പ്രവർത്തിക്കാൻ കഴിയാത്ത വ്യക്തിക്ക് മറ്റൊരു വകുപ്പിൽ നല്ലതുപോലെ പ്രവർത്തിക്കാൻ കഴിഞ്ഞേക്കും. ഇതു കാരണമായും ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. ചിലർ കരുതുന്നത് ചിലരെ മാറ്റിയത് അവരോടുള്ള അനിഷ്ടം കാരണമാണെന്നാണ്. ഇവിടെ ഞാൻ ജമാഅത്തിന്റെ ഗുണമാണ് നോക്കിയത്. ജമാഅത്തിന് ഏറ്റവും ഗുണമുള്ളത് എവിടെയാണോ അവിടെ മാറ്റണം എന്നതാണ് നീതി പറയുന്നത്. അതുകൊണ്ട് അങ്ങനെയുള്ള വകുപ്പുകളിൽ മാറ്റം ഉണ്ടായി. ഹൃദയാവസ്ഥ അല്ലാഹുവിനാണ് അറിയുക. ബാഹ്യമായ അവസ്ഥ നോക്കിയാണ് നമുക്ക് അഭിപ്രായം പറയാനും തീരുമാനമെടുക്കാനും കഴിയുകയുള്ളൂ. എന്നാൽ ചില പ്രാദേശിക ജമാഅത്തുകളിൽ, ചില നാടുകളിൽ ഇപ്പോഴും വ്യക്തി താത്പര്യങ്ങളും ബന്ധങ്ങളും പരിഗണിച്ച് കൊണ്ട് തിരഞ്ഞെടുപ്പ് നടത്തിയിരിക്കുകയാണ്. അങ്ങനെയുള്ളവർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. അവരോട് കരുണ ചൊരിയട്ടെ. അവർ വ്യക്തിതാത്പര്യങ്ങൾ നീതിക്കതീതമായി കരുതുകയാണ്.

> അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകളെ നിങ്ങൾ നിറവേറ്റുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും നാനാതരം മാലിന്യങ്ങളിൽ നിന്നും ശുദ്ധമാക്കി അവന്റെ സാമീപ്യം കരസ്ഥമാക്കിയ മുത്തഖീങ്ങളിൽ അവർ ഉൾപ്പെടുകയും ചെയ്യുന്നതാണ്. അവരെ അല്ലാഹു സ്നേഹിക്കുന്നു. പ്രതിജ്ഞകൾ പാലിച്ചിട്ടില്ലെങ്കിൽ അനുഗ്രഹങ്ങൾ ലഭിക്കില്ല എന്ന് മാത്രമല്ല, മറിച്ച് നിങ്ങളോട് നിങ്ങളുടെ പ്രതിജ്ഞകളെകുറിച്ച് ചോദിക്കുന്നതാണ്. ഇതിൽ എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും ഉൾപ്പെടുന്നു. അല്ലാഹുവിനോട് ചെയ് തിരിക്കുന്ന കരാറുകളെകുറിച്ച് ചോദിക്കപ്പെടുന്നതാണ്.

ഏതായിരുന്നാലും തിരഞ്ഞെടുപ്പ് കഴിഞ്ഞു, തിരഞ്ഞെടുക്കപ്പെട്ട ആളുകൾ തങ്ങളുടെ ബലഹീനതകളെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചു കൊണ്ട് അവനോട് മഗ്ഫിറത്തിനു വേണ്ടിയും സഹായത്തിനു വേണ്ടിയും അപേക്ഷിക്കുക. നീതി ബോധത്തോടു കൂടിതങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുക. ഭാരവാഹിത്വം എന്നത് ഒരു സേവനമാണ്. അല്ലാഹുവിന്റെ ഒരു അനുഗ്രഹവും സമ്മാനവുമാണ്. അതിനെ ആദരിക്കേണ്ടതാണ്. ജമാഅത്തംഗങ്ങളുമായുള്ള പെരുമാറ്റത്തിലും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും അവരുടെ ശിക്ഷണ കാര്യത്തിൽ ശ്രദ്ധിക്കുന്നതിലും ജമാഅത്തിന്റെ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള പ്രോഗ്രാം ഉണ്ടാക്കുന്നതിലും എല്ലാം നീതി ബോധത്തോടു കൂടി പ്രവർത്തിക്കുക. കഠിന പ്രയത്നം ചെയ്യുക. നല്ലതുപോലെ പരിശ്രമിക്കുക. കാരണം **തഹ്കുമൂബിൽ അദ്ൽ** നീതിയോടുകൂടി ഭരണം നടത്തുക എന്ന കല്പന നടപ്പിൽ വരുത്തണമെങ്കിൽ നമ്മുടെ സർവ കഴിവുകളും പ്രാപ്തിയും എല്ലാം ഉപയോഗിച്ചു കൊണ്ട് ദീനി സേവനത്തിനു ലഭിച്ചിരിക്കുന്ന ഈ അവസരം പ്രായോഗികവത്കരിക്കുമ്പോഴാണ് സാധിക്കുക. ഈ കല്പനയിൽ പ്രാദേശികാടിസ്ഥാനത്തിലും ദേശീയാടിസ്ഥാനത്തിലുമുള്ള എല്ലാ ഭാരവാഹികളും ഉൾപ്പെടുന്നതാണ്. അവരെല്ലാം ഇവ്വിധ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിന്റെ ഗുണമാണ് മറ്റെല്ലാ വ്യക്തിതാത്പര്യങ്ങളെക്കാളും മികച്ചു നിൽക്കേണ്ടത്. അല്ലാഹു പറയുന്നു: അവൻ എല്ലാം ശരിക്കും ശ്രദ്ധിക്കുന്നവനാണ്. നിങ്ങളുടെ ഓരോ നിമിഷനേരത്തെയും പ്രവർത്തനം അവന് അറിയാൻ സാധിക്കും. അതെല്ലാം രേഖപ്പെടുത്തപ്പെടുന്നുണ്ട്. അതുകൊണ്ട് ദീനി സേവനത്തിനു വേണ്ടി ലഭിച്ചിരിക്കുന്ന ഈ അവസരം ഒരു ദൈവിക വരദാനമായി കരുതി ഇനി മുതൽ പ്രവർത്തിക്കേണ്ടത് എല്ലാ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെയും നിയമിക്കപ്പെട്ട ഭാരവാഹികളുടെയും കടമയാണ്. അല്ലാഹു ഭൗതിക ഭരണാധികാരികളോടു ചോദിക്കുന്നതാണ്. അവരോട് കണക്ക് ചോദിക്കുന്നതാണ്. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ നാമത്തിൽ ഏതെങ്കിലും പ്രവർത്തനത്തിനായി നിയമിച്ചു കഴിഞ്ഞാൽ അവർ തങ്ങളുടെ കടമകൾ ശരിയാംവണ്ണം നിറവേറ്റുന്നില്ലെങ്കിൽ, നീതി ബോധത്തോടു കൂടി തങ്ങളുടെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ അവർ ഭൗതിക ഭരണകർത്താക്കളേക്കാളും കൂടുതലായി ചോദിക്കപ്പെടുന്നതാണ്.

അതിനാൽ ഓരോരുത്തരും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ട്, അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട്, വിനയം കാണിച്ചുകൊണ്ട് തങ്ങളുടെ ഉത്തരവാദിത്വം നിറവേ

റ്റാനായി ശ്രമിക്കുക. അല്ലാഹു എല്ലാ ഭാരവാഹികൾക്കും സേവനം ചെയ്യുന്ന എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഗാർഹിക പ്രശ്നങ്ങളിലും വ്യാപാര പ്രശ്നങ്ങളിലും ഭാരവാഹികളുടെ പ്രശ്നങ്ങളിലും നീതി നടപ്പിൽ വരുത്തിയതിന് ശേഷം അടുത്തതായി നീതി പുലർത്തുന്നതിനെ കുറിച്ച് ഏതെല്ലാം കല്പന കളാണ് ഇസ്ലാം നൽകുന്നത് എന്ന് നോക്കാം. സമൂഹത്തിൽ മാത്രമല്ല, ലോകം മുഴുവനും സമാധാനവും നീതിയും നടപ്പിൽ വരുത്താനുതകുന്ന ഒരു കല്പന നമുക്ക് കാണാൻ സാധിക്കുന്നതാണ്. അല്ലാഹു സൂറാ മാഇദയിലെ ഒമ്പതാമത്തെ ആയത്തിൽ പറയുന്നു:

'വിശ്വസിച്ചവരേ! നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്."

ലോകത്ത് നിന്ന് കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിനുള്ള എത്ര മനോഹരമായ അധ്യാപനമാണിത്. ഇസ്ലാമിനെ ആക്ഷേപിക്കുന്നവർ അവരുടെ ഭൗതിക നിയമത്തിലോ അവരുടെ ഏതെങ്കിലും മതപരമായ അധ്യാപനങ്ങളിലോ ഇത്രയും മനോഹരമായ അധ്യാപനം കാണിച്ചു തരില്ല. അല്ലാഹു വിശ്വാസികളോട് പറയുന്നത് **കവ്വാമീന ശുഹദാഅ ലില്ലാഹി** എന്നതാണ്. അല്ലാഹുവിനായി നിലനിൽക്കുക എന്നാണ്. അല്ലാഹുവിനായി നിലനിൽക്കുക എന്നതാണ് **ഖവ്വാം** എന്ന അറബി വാക്കിന്റെ അർഥം. തന്റെ ജോലി വളരെ ഭംഗിയായി യാതൊരു ന്യൂനതയും ഇല്ലാതെ സ്ഥിരചിത്തതയോടു കൂടി നിർവഹിക്കുന്നതിനാണ് ഇങ്ങനെ പറയുക. ഒരു യഥാർഥ വിശ്വാസി അല്ലാഹുവിന്വേണ്ടിയാണ് പ്രവർത്തിക്കുന്നത്. അതിൽ ഒരു കുറവ് വരുവാൻ അനുവദിക്കുന്നതല്ല. അതിൽ അലസത പ്രകടിപ്പിക്കുകയുമില്ല. വ്യക്തിതാത്പര്യങ്ങളെ പിൻ പറ്റുകയുമില്ല. വിശ്വാസിയുടെ പ്രവൃത്തി എന്നത് നീതിയോടു കൂടി സാക്ഷ്യം പറയുക എന്നതാണ്. നീതി എന്താണ് ആഗ്രഹിക്കുന്നത് ? ഭാര്യയോടും കുടുംബത്തോടും മാത്രം നീതി പാലിക്കുക എന്നതല്ല. തന്റെ കൂടെ ബിസിനസ് നടത്തുന്നവരോടും തന്റെ മേലുദ്യോഗസ്ഥനോടും കീഴുദ്യോഗസ്ഥനോടും നീതി നടപ്പിൽ വരുത്തുക എന്നതു മാത്രമല്ല. മറിച്ച് നീതിയുടെ അളവുകോൽ അല്ലാഹു പറയുന്നത് ശത്രുക്കളോട് നീതി പാലിക്കുക എന്നതാണ്. ശത്രുവിനോടു പോലും നീതിയോടും ന്യായത്തോടും കൂടി വർത്തിക്കുമ്പോഴാണ് യഥാർഥ തഖ്വ സ്വായത്തമാകുന്നത്. ഒരു യഥാർഥ വിശ്വാസി ആണെന്ന സ്ഥാനം അപ്പോഴാണ് കരസ്ഥമാകുക. തബ്ലീഗിനുള്ള വഴി തുറക്കപ്പെടുന്നത് അപ്പോഴായിരിക്കും. ഇസ്ലാമിന്റെ യഥാർഥ അധ്യാപനം മറ്റുള്ളവർക്ക് വ്യക്തമാകുന്നതും അപ്പോഴായിരിക്കും. ഈ വചനത്തിന്റെ അവസാനത്തിലും അല്ലാഹു പറയുന്നത് നിങ്ങളുടെ ഓരോ പ്രവൃത്തിയും അല്ലാഹു കാണുന്നുണ്ടെന്നാണ്. ഈ ഒരു സ്ഥാനം നിങ്ങൾ കരസ്ഥമാക്കിയിട്ടില്ലെങ്കിൽ തഖ്വയിൽ ചരിക്കുന്നവരാണെന്ന് നിങ്ങളെ കുറിച്ച് പറയാൻ കഴിയില്ല. **ഖവാം** എന്ന് പറഞ്ഞു കൊണ്ട് നീതിയിൽ എപ്പോഴും അടിയുറച്ച് നിൽക്കും എന്നാണ് അല്ലാഹു പറയുന്നത്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "പൂർണമായും സത്യത്തിൽ അടിയുറച്ച് നിൽക്കാതെ നീതിയിൽ നിലനിൽക്കാൻ കഴിയില്ല എന്ന് അല്ലാഹു പറഞ്ഞത് ഇതാണ്.

ശത്രു ജനത്തിനോടുള്ള ശത്രുത പോലും നീതി നടപ്പിൽ വരുത്തുന്നതിന് നിങ്ങൾക്ക് തടസ്സമായി നിൽക്കരുത്. നീതിയിൽ അടിയുറച്ച് നിൽക്കുക. ഇതിലാണ് തഖ്വയുള്ളത്. അന്യായമായ രീതിയിൽ ഉപദ്രവിക്കുകയും കഷ്ടതകൾ നൽകുകയും രക്തം ചിന്തി പുറത്താക്കുകയും കുട്ടികളെയും സ്ത്രീകളെയും വധിക്കുകയും ചെയ്യുന്ന സമൂഹം, മക്കയിലെ നിഷേധികൾ ചെയ്തതുപോലെ; മാത്രമല്ല യുദ്ധത്തിൽ നിന്നും പിൻമാറാത്ത സമൂഹം, അങ്ങനെയുള്ളവരോട് നീതിയോടു കൂടി പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് എന്തു മാത്രം പ്രയാസമുള്ള കാര്യമാണ്. എന്നാൽ വിശുദ്ധ ഖുർആൻ അങ്ങനെയുള്ള കഠിന ശത്രുക്കളുടെ അവകാശം പോലും നൽകാനാണ് പറയുന്നത്. അവരോട് നീതിയോടും ന്യായത്തോടും കൂടി വർത്തിക്കാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ താങ്കൾ (ചോദ്യം ഉന്നയിച്ച വ്യക്തി) വിദ്വേഷത്തിൽ നിറഞ്ഞിരിക്കുകയാണ്. ഈ പരിപാവനമായ അധ്യാപനങ്ങൾ എങ്ങനെ താങ്കൾക്ക് മനസ്സിലാക്കാൻ കഴിയും?

ബൈബിളിൽ ശത്രുക്കളെ സ്നേഹിക്കാനായി എഴുതിയത് കാണാം. ശത്രുസമൂഹത്തോടുള്ള ശത്രുത നിങ്ങൾക്ക് നീതി നടപ്പിൽ വരുത്തുന്നതിന് തടസ്സമായി നിൽക്കരുത് എന്നെഴുതിയിട്ടില്ല. ശത്രുക്കളോട് സ്നേഹത്തോടെ ബന്ധപ്പെടുക എന്നത് എളുപ്പമുള്ള കാര്യമാണെന്നത് ശരിതന്നെ. എന്നാൽ ശത്രുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുക, പ്രശ്നങ്ങൾ വരുമ്പോൾ നീതിയെ കയ്യൊഴിയാതിരിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ഇത് വീരപുരുഷന്മാരുടെ പ്രവൃത്തിയാണ്. പലരും തന്റെ കൂടെയുള്ള ശത്രുക്കളെ സ്നേഹിക്കുന്നു. മധുര മോഹനവാക്കുകൾ അവരോട് പറയുന്നു. എന്നാൽ അവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നു. ഒരു സഹോദരൻ മറ്റൊരു സഹോദരനെ സ്നേഹിക്കുന്നു. എന്നാൽ സ്നേഹത്തിന്റെ മറവിൽ വഞ്ചിച്ചുകൊണ്ട്

അവന്റെ അവകാശങ്ങൾ നിഷേധിക്കുന്നു. ഉദാഹരണമായി ഭൂഉടമയാണെങ്കിൽ ചതിയിലൂടെ തന്റെ സഹോദരന്റെ പേര് സർക്കാർ രജിസ്ട്രറിൽ ചേർക്കുന്നില്ല. എന്നാൽ അവനോട് വല്ലാത്ത സ്നേഹം പ്രകടിപ്പിക്കുകയും അവന് വേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറാവുകയും ചെയ്യുന്നു. അതു കൊണ്ടാണ് അല്ലാഹു ഇവിടെ സ്നേഹത്തെ കുറിച്ച് പറയാതിരുന്നത്. മറിച്ച് സ്നേഹത്തിന്റെ പദവി എത്ര മാത്രമായിരിക്കണമെന്നാണ് പറയുന്നത്. (സ്നേഹിക്കുക എന്ന് പറയാതെ സ്നേഹത്തിന്റെ നിലവാരം എത്രയായിരിക്കണം എന്നാണ് പറയുന്നത്) പറയുന്നു: നീതി പുലർത്തുക. തന്റെ കൊടിയ ശത്രുവിനോട് നീതി പാലിക്കുന്നവർ, സത്യത്തിൽ നിന്നും നീതിയിൽ നിന്നും മുഖം തിരിക്കുന്നില്ലെങ്കിൽ യഥാർഥത്തിൽ സ്നേഹിക്കുന്നവരും അവരായിരിക്കും"

ചുരുക്കത്തിൽ ഈ ഒരു ഉന്നത സ്ഥാനമാണ് നാം കരസ്ഥമാക്കാനായി ശ്രമിക്കേണ്ടത്.

നീതിയുടെയും ന്യായത്തിന്റെയും നിലവാരം സമൂഹത്തിലും രാജ്യത്തും നടപ്പിലാക്കാൻ കല്പിച്ചതിനെകുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു. അടുത്ത കല്പന അല്ലാഹു നൽകുന്നത് അല്ലാഹുവിനോട് ചെയ്ത കരാറുകളെ നിറവേറ്റുക. ഇസ്‌ലാമിന്റെ മറ്റൊരു മനോഹര അധ്യാപനത്തിലേക്കും അല്ലാഹുവിന്റെ ഒരു കല്പന യിലേ ക്കുമാണ് ഇവിടെ വിരൽ ചൂണ്ടുന്നത്. എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുക എന്നത് മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ സൗന്ദര്യത്തിന് അനുപേക്ഷണീയമാണ്.

വിവിധ സന്ദർഭങ്ങളിലായി അല്ലാഹു വിശുദ്ധ ഖുർആനിൽ വിവിധ കല്പനകൾ നൽകിയപ്പോൾ കൂടെ പറഞ്ഞത് എല്ലാ പ്രവർത്തനവും അല്ലാഹുവിന്റെ പ്രീതിക്കായിരിക്കണം ചെയ്യേണ്ടത് എന്നാണ്. നിങ്ങളുടെ ഹൃദയം ശുദ്ധമാകുമോഴാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുക. ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും തന്നെ എന്റെ നാഥനോട് ഞാൻ ചെയ്തിരിക്കുന്ന ഓരോ കരാറും നിറവേറ്റുകയാണ് എന്ന വികാരം ഹൃദയത്തിൽ ഉണ്ടായിരിക്കുമ്പോഴാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുക. ഒരു അഹ്മദി അല്ലാഹുവിനോട് ചെയ്യുന്ന ഏറ്റവും സുപ്രധാനമായ കരാർ ബൈഅത്തിന്റെ പ്രതിജ്ഞയാണ്. ഈ പ്രതിജ്ഞയുടെ യാഥാർഥ്യം നാം മനസ്സിലാക്കുകയാണെങ്കിൽ എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തിക്കുന്നതിലേക്കും നന്മ ചെയ്യുന്നതിലേക്കും ശ്രദ്ധയുണ്ടായിത്തീരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ നിബന്ധനയിൽ വാങ്ങിയിരിക്കുന്ന പ്രതിജ്ഞ നാം ഇടക്കിടക്ക് ഓർക്കുകയാണെങ്കിൽ അഹ്മദിയ്യാ സമൂഹം തീർച്ചയായും പരിശുദ്ധ സമൂഹമായിത്തീരുന്നതാണ്. കാരണം അവ്വിധമുള്ള കാര്യങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. ബൈഅത്ത് ചെയ്യുമ്പോൾ ഏതെല്ലാം പ്രതിജ്ഞകളാണ് നാം എടുക്കു ന്നതെന്ന് ചുരുങ്ങിയ രീതിയിൽ പറയാം.

ഒന്നാമത്തെ കാര്യം ജീവിതാന്ത്യം വരെ ശിർക്ക് ചെയ്യില്ല എന്നതാണ്. ശിർക്കിന്റെ വിവിധ വശങ്ങളുണ്ട്.

രണ്ടാമത്തെ കാര്യം കളവ്, വ്യഭിചാരം, ദുർനോട്ടം നീചകൃത്യങ്ങൾ, നിഷിദ്ധകാര്യങ്ങൾ, വഞ്ചന, രാജ്യദ്രോഹം, കുഴപ്പമുണ്ടാക്കൽ എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കുന്നതാണ് എന്നതാണ്. ഒരിക്കലും ഇവയെ തങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുത്.

അടുത്തത് നമസ്കാരം കൃത്യമായി അനുഷ്ഠിക്കൽ, സ്വലാത്ത് ചൊല്ലൽ, ഇസ്തിഗ്ഫാറിന് ഊന്നൽ നൽകൽ, അതിൽ സ്ഥിരചിത്തത കാണിക്കൽ എന്നിവയാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഓർക്കു കയും അവനെ സ്തുതിക്കുകയും ചെയ്യുക.

അടുത്തതായി പറഞ്ഞത് ആർക്കും ഒരു തരത്തിലുമുള്ള പ്രയാസം നൽകരുത്. അല്ലാഹു വിനോട് കൂറു പുലർത്തുക. ഒരിക്കലും പരാതിപ്പെടാൻ പാടില്ല. അല്ലാഹു അനുഗ്രഹം നൽകുമ്പോൾ അവന് നന്ദിയുള്ളവനായിത്തീരേണ്ടതാണ്. ഇനി പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടി വന്നാൽ അപ്പോ ഴും ഒരു പരാതിയും ഉണ്ടാകാൻ പാടില്ല. ലോകത്തുള്ള അനാചാരങ്ങളിൽ നിന്ന് സ്വതന്ത്രനായിക്കൊണ്ട് നാനാതരം ദേഹേച്ഛകളിൽ നിന്നും സ്വയം രക്ഷപ്പെട്ട് കൊണ്ട് അല്ലാഹുവിന്റെയും അവന്റെ റസൂൽ (സ) യുടെയും കല്പന കളനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. അഹങ്കാരവും പൊങ്ങച്ചവും ഉപേക്ഷിച്ചുകൊണ്ട് വിനയസ്വഭാവം സ്വീകരിക്കുന്നതായിരിക്കും. ഇസ്‌ലാമിന്റെ അഭിമാനം തന്റെ ജീവനേക്കാളും ധനത്തേ ക്കാളും മക്കളെക്കാളും പ്രിയപ്പെട്ടതായി കരുതുന്നതാണ്. സൃഷ്ടിക ളോടും മാനവ സമൂഹത്തോടും സഹാനുഭൂതി പ്രകടിപ്പിച്ചുകൊണ്ട് തന്റെ സർവ വിധ കഴിവുകളും അവരുടെ സേവനത്തിനായി സമർ പ്പിക്കുന്നതാണ്. സൃഷ്ടി സേവന ത്തിനുള്ള ആവേശം വളരെ കൂടുതലായിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹത്തിലും അനുസര ണത്തി ലും അനിതര സാധാരണമായ മാതൃ ക പ്രകടിപ്പിക്കുന്നതാണ്. മറ്റൊന്നി നും ഈ സ്ഥാനം നൽകാതിരിക്കുക.

ചുരുക്കത്തിൽ അഹ്മദിയ്യത്തിൽ പ്രവേശിക്കുമ്പോൾ നാം ചെയ്തിരിക്കുന്ന കരാറാണിത്. ഈ കരാറിനെ നാം എത്ര മാത്രം നിറവേറ്റുന്നുണ്ട് എന്ന് ഒരാത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. അല്ലാഹു പറയുന്നു: ഈ പ്രതിജ്ഞ നിങ്ങൾ ചെയ്യുകയാണെങ്കിൽ മഹത്തായ പ്രതിഫലം നിങ്ങൾക്ക് ലഭിക്കുന്ന താണ്. നിങ്ങൾക്ക് ഒരിക്കലും ചിന്തി ക്കാൻ കഴിയാത്തത്ര പ്രതിഫലം ലഭിക്കുന്നതാണ്. ഈ പ്രതിജ്ഞ ചെയ്ത് പ്രവർത്തിക്കുക.

അല്ലാഹുവിനോട് ചെയ്തി

ശേഷം പേജ് 34 ൽ

# വാഗ്ദത്ത മസീഹിന്റെ ചില അടയാളങ്ങൾ

റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം സംഭവിച്ച ഇസ്ലാമിന്റെ ദൈവികമായ ഒരു പുനരുജ്ജീവന പ്രക്രിയയാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ആവിർഭാവം. ഹദീസുകളിൽ അത് സംബന്ധിച്ച് നിരവധി അടയാളങ്ങൾ പ്രവചിക്കപ്പെട്ടിട്ടുണ്ട്. ആലങ്കാരികവും പ്രതീകാത്മകവുമായ ആ പ്രവചനങ്ങളുടെ യാഥാർഥതാൽപര്യത്തെ പറ്റി വാഗ്ദത്ത മസീഹിന്റെ പുത്രൻ കൂടിയായ ലേഖകൻ എഴുതിയ 'തബ്ലീഗെ ഹിദായത്ത് 'എന്ന പുസ്തകത്തിൽ നിന്നെടുത്ത ഒരു ഭാഗമാണിത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)

***വാ**ഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) തനിക്കുള്ള അടയാളങ്ങളെ സംബന്ധിച്ചുള്ള ഒരു വിവരണം നൽകിയിരിക്കുന്നത് ഇപ്രകാരമാണ്:*

ഓർമിച്ചു കൊള്ളുക! മസീഹ് മൗഊദിന്റെ പ്രത്യേക അടയാളങ്ങളുടെ കൂട്ടത്തിൽ താഴെ പറയുന്നവയും ഉൾപ്പെടുത്തിയിരിക്കുന്നു

1. അദ്ദേഹം രണ്ട് മഞ്ഞ പുതപ്പുകളോടുകൂടി ഇറങ്ങുന്നതാണ്. 2. അദ്ദേഹം രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചു കൊണ്ടായിരിക്കും ഇറങ്ങുക. 3. അവിശ്വാസികൾ അദ്ദേഹത്തിന്റെ നിശ്വാസം കൊണ്ട് മരണമടയും. 4. അദ്ദേഹം കുളികഴിഞ്ഞ ശേഷം കുളിപ്പുരയിൽ നിന്ന് പുറത്ത് വന്ന ആളിനെ പോലെ കാണപ്പെടുന്നതാണ്. അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് ജലകണങ്ങൾ മുത്തുമണി പോലെ ഇറ്റിവീഴുന്നതായും കാണപ്പെടുന്നതാണ്. 5.അദ്ദേഹം ദജ്ജാലിനോട് മത്സരിച്ച് കഅ്ബപ്രദക്ഷിണം ചെയ്യുന്നതാണ്. 6. അദ്ദേഹം കുരിശ് മുറിക്കും. 7. അദ്ദേഹം പന്നിയെ കൊല്ലും. 8. അദ്ദേഹം വിവാഹം കഴിക്കും. അദ്ദേഹത്തിന് സന്തതികളുണ്ടാവും. 9. അദ്ദേഹം ദജ്ജാലിനെ കൊല്ലും. 10. അദ്ദേഹം കൊല്ലപ്പെടുകയില്ല. മറിച്ച് പ്രകൃതി സാധാരണമായ രീതിയിൽ മരണം പ്രാപിക്കുന്നതും നബി തിരുമേനി (സ) യുടെ ഖബറിൽ അടക്കം ചെയ്യപ്പെടുന്നതുമാണ്.

രണ്ട് മഞ്ഞ പുതപ്പുകളെ സംബന്ധിച്ച് പറഞ്ഞത് രണ്ട് രോഗങ്ങളാണെന്ന് നാം വിവരിച്ചിട്ടുണ്ട്. ഈ രണ്ടും മസീഹ് മൗഊദിനുണ്ടാകുന്ന അടയാളങ്ങളാണെന്ന നിലയിൽ അദ്ദേഹത്തിനുണ്ടാകുമെന്ന് ആദ്യമേ തന്നെ വിധിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ അസാധാണമായ ദേഹസ്ഥിതി ഒരു അടയാളമായിരിക്കുവാനാണിത്.

രണ്ട് മലക്കുകളെ കൊണ്ട് ഉദ്ദേശിക്കപ്പെട്ടത്, അദ്ദേഹത്തിന്റെ സത്യ സാക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് അടിസ്ഥാനമായി മറഞ്ഞ് കിടക്കുന്ന, ഗയ്ബിയായ രണ്ട് സഹായങ്ങളാണ്. ഒന്നാമത്തേത് പരിശ്രമം കൊണ്ടും പരിശീലനം കൊണ്ടും സമ്പാദിക്കപ്പെടാത്തതും ബുദ്ധിപരവും പ്രമാണപരവുമായി അദ്ദേഹത്തിന് നൽകപ്പെടുന്നതു മായജ്ഞാന സംബന്ധിയായ തെളിവ്. രണ്ടാമത്തേത്, മനുഷ്യന്റെ സഹായമില്ലാതെ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഇറക്കപ്പെട്ടതെളിവുകൾ.

രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ച് ഇറങ്ങുമെന്നതു കൊണ്ട് സൂചിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ അഭിവൃദ്ധിക്കായി പ്രത്യക്ഷമല്ലാത്ത സഹായങ്ങൾ കൈവരുന്നതും അവയുടെ സഹായത്താൽ ദൗത്യം നിർവഹിക്കപ്പെടുമെന്നുമുള്ളതാണ്. മുമ്പൊരിക്കൽ ഞാനൊരു സ്വപ്നം കണ്ട കഥ പറഞ്ഞിട്ടുണ്ടായിരുന്നു. അതിതാണ്. എന്റെ കയ്യിൽ ഒരു വാൾ നൽകപ്പെട്ടിട്ടുള്ളതായി ഞാൻ കണ്ടു. അതിന്റെ പിടി എന്റെ കയ്യിലും അതിന്റെ അറ്റം ആകാശത്തിലുമായിരുന്നു. ഞാൻ അത് രണ്ട് ഭാഗത്തും വീശികൊണ്ടിരുന്നു. ഓരോ ഭാഗത്തും വീശുമ്പോഴും നൂറുകണക്കിനാളുകൾ കൊല്ലപ്പെടുന്നു. ഈ സ്വപ്നത്തിന്റെ അർഥം ഒരു പുണ്യാത്മാവ് സ്വപ്നത്തിൽ തന്നെ വിവരിച്ചു തന്നു. അത് തെളിവിന്റെ വാളാണെന്ന്. വലത് ഭാഗം കൊണ്ട് ഉദ്ദേശി

ക്കപ്പെട്ടത് അടയാളങ്ങൾ മുഖേന യുള്ള എല്ലാ തെളിവുകളുമാണ്. ഇടത് ഭാഗം കൊണ്ട് ഉദ്ദേശിക്ക പ്പെട്ടത് ബുദ്ധിയും പ്രമാണവുമുള്ള എല്ലാ തെളിവുകളാകുന്നു. ഈരണ്ട് വിധത്തിലുള്ള തെളിവുകളും മനു ഷ്യന്റെ പ്രവൃത്തിയും പരിശ്രമവും കൂടാതെ തന്നെ പ്രത്യക്ഷപ്പെടുന്ന താണ്. അവിശ്വാസികളെ നിശ്വാസം കൊണ്ട് വധിക്കുമെന്നതിന്റെ അർ ഥം മസീഹ് മൗഊദിന്റെ ആത്മാവ് കൊണ്ട് അതായത് അദ്ദേഹത്തിന്റെ പരിശ്രമം കൊണ്ട് അവിശ്വാസികൾ നാശമടയുമെന്നാണ്.

കുളിപ്പുരയിൽ നിന്ന് പുറത്ത് വന്നത് പോലെയും മുത്തുമണി പോലെയും ശിരസ്സിൽ നിന്ന് ജലക ണങ്ങൾ ഉതിരുന്നത് പോലെയും മസീഹ് മൗഊദിനെ കാണപ്പെടു മെന്ന് പറഞ്ഞിരിക്കുന്നതിന്റെ സാരം അദ്ദേഹം അടിക്കടിയുള്ള തൗബ യും വണക്കവും കൊണ്ട്, അല്ലാഹു വിനോട് തനിക്കുള്ള ബന്ധത്തെ പുതുക്കി കൊണ്ടിരിക്കുമെന്നാണ്. എല്ലായ്പ്പോഴും കുളിക്കുന്നത് പോലെയും ആ കുളിയുടെ പരി ശുദ്ധ ജലകണങ്ങൾ മുത്തുമണി കളായി ശിരസ്സിൽ നിന്ന് ഉതിരുന്നത് പോലെയും എന്നല്ലാതെ മാനുഷിക പ്രകൃതിക്ക് വിരുദ്ധമായി അദ്ദേഹ ത്തിൽ വല്ലൊരു കാര്യവും കാണു മെന്നല്ല. ഈസാ നബിയുടെ മേൽ പ്രകൃതി വിരുദ്ധമായ കാര്യങ്ങൾ ആരോപിക്കപ്പെട്ടതിന്റെ ഫലം ജനങ്ങൾ ഇതിന് മുമ്പ് കണ്ട് കഴി ഞ്ഞതാണല്ലോ? കോടിക്കണക്കിന് ജനങ്ങളെ അത് നരകാഗ്നിക്ക് വിറകാക്കി തീർത്തു. എന്നിട്ട് ഇനിയും മനുഷ്യ പ്രകൃതിക്ക് വിരുദ്ധമായ രീതിയിൽ ഈ സാനബി ആകാശത്ത് നിന്ന് ഇറങ്ങുമെന്നും അദ്ദേഹത്തിന്റെ കൂടെ മലക്കുകൾ ഉണ്ടായി രിക്കുമെന്നും അദ്ദേഹം തന്റെ നിശ്വാസം കൊണ്ട് ജനങ്ങളെ നശിപ്പിക്കുമെന്നും അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് മുത്ത് മണികൾ പോലെ ജലകണങ്ങൾ ഉതിരു മെന്നും പ്രതീക്ഷിക്കുകയോ! ചുരു ക്കത്തിൽ മസീഹ് മൗഊദിന്റെ ദേഹ ത്ത് നിന്ന് മുത്തുമണികൾ പോലെ ജലകണങ്ങൾ ഉതിരും എന്നതിന് ഞാൻ എഴുതിയ അർഥമാണ് ശരി യായിട്ടുള്ളത്. നബി തിരുമേനി (സ) തന്റെ കരങ്ങളിൽ സ്വർണവളകൾ കണ്ടത് കൊണ്ട് വളകൾ തന്നെയാ യിരുന്നോ ഉദ്ദേശ്യം? ഒരുക്കലുമില്ല. അവകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ആന്തരികാർഥമായിരുന്നു. അതു പോലെ മസീഹ് മൗഊദിനെ കുളിച്ച് വരുന്നത് പോലെയും അദ്ദേഹത്തി ന്റെ ശിരസ്സിൽ നിന്ന് മുത്തുക ണക്കെ ജലബിന്ദുക്കൾ ഉതിരുന്നത് കണ്ടതിന്റെയും അർഥം അദ്ദേഹം ഒട്ടധികം തൗബാ ചെയ്യുകയും വണങ്ങുകയും ചെയ്യുന്ന ആളായി രിക്കുമെന്നും അല്ലാഹു വുമായുള്ള അദ്ദേഹത്തിന്റെ ബന്ധം എപ്പോഴും പുതുക്കിയ നിലയി ലായിരിക്കു മെന്നുമാണ്. അതായത് അദ്ദേഹം എല്ലാ സമയത്തും കുളിക്കുന്നത് പോലെയും പരിശുദ്ധമായ വണക്ക ത്തിന്റെ പരിശുദ്ധ ബിന്ദുക്കൾ അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് ഉതിരുന്നത് പോലെ യുമിരിക്കും. മറ്റൊരു ഹദീസിൽ അല്ലാഹുവി ലേക്കുള്ള മടക്കത്തെ കുളി യോട് ഉപമിച്ചിട്ടുണ്ട്. അതായത് നബി തിരുമേനി (സ) സഹാബത്തിനോട് ചോദിച്ചു: ആരുടേയെങ്കിലും വീട്ടിൽ ഒരു നദിയുണ്ടാകുകയും അയാൾ ആ നദിയിൽ ദിവസവും അഞ്ചു നേരം കുളിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ ശരീരത്തിൽ അഴുക്കുണ്ടാകുമോ? സഹാബത്ത് ഇല്ലെന്ന് മറുപടി പറഞ്ഞു. അത്പ്രകാരം അഞ്ച് നേരം നമസ്ക്കരിക്കുന്നവ ന്റെ ആത്മാവിലും (നമസ്ക്കാര മാകട്ടെ തൗബ, പശ്ചാത്താപം പ്രാർഥന, വണക്കം, വിനയം, തഹ്മീദ്, തസ്ബീഹ് എന്നിവയുടെ സമാഹാ രമാണ്) പാപത്തിന്റെ അഴുക്ക് ഉണ്ടായിരിക്കുകയില്ല. അതായത് അവൻ അഞ്ച്നേരം കുളിക്കുന്ന വനെ പോലെ ഇരിക്കുന്നതാണ്. മസീഹ് മൗഊദിന്റെ കുളിയുടെയും അർഥമിതാണെന്ന് ഈ ഹദീസ് കൊണ്ട് വ്യക്തമാകുന്നതാണ്. അങ്ങനെയല്ലെങ്കിൽ ശാരീരികമായ കുളിയിൽ എന്ത് പ്രത്യേകതയാണുള്ളത്? അമുസ് ലിംകളും നിത്യേന രാവിലെ കുളി ക്കാറുണ്ടല്ലോ. അവരുടെ ശിരസ്സിൽ നിന്ന് കുളിയിൽ നിന്നുണ്ടാകുന്ന ജലബിന്ദുക്കൾ ഉതിരാറില്ലയോ? കഷ്ടം? ശാരീരികമായി ചിന്തിക്കുന്ന ആളുകൾ എല്ലാ ആത്മീയ കാര്യ ങ്ങളും ശാരീരികകാര്യങ്ങളി ലേക്ക് വലിച്ചിഴച്ച് കൊണ്ടു പോകുന്നു! യഹൂദരെ പോലെ ഗഹനമായ തത്ത്വങ്ങളും ആന്തരാർഥങ്ങളും അവഗണിക്കുകയും ചെയ്യുന്നു.

മസീഹ് മൗഊദ് ദജ്ജാലിനോട് മത്സരിച്ച് കഅ്ബ പ്രദക്ഷിണം ചെയ്യുമെന്ന് പറഞ്ഞതിന്റെ അർഥം അതായത് മസീഹ് മൗഊദിനെ പോലെത്തന്നെ ദജ്ജാലും കഅ്ബ പ്രദക്ഷിണം ചെയ്യുമെന്നതിന്റെ അർഥം ബാഹ്യമായ പ്രദക്ഷിണ മല്ലെന്നുള്ളത് പ്രകടമാണ്. ബാഹ്യ മായ പ്രദക്ഷിണമാണെങ്കിൽ ദജ്ജാൽ കഅ്ബയിൽ പ്രവേശിക്കുമെന്ന് സമ്മതിക്കേണ്ടി വരും. അല്ലെങ്കിൽ അവർ മുസൽമാനാകുമെന്ന് സമ്മ തിക്കേണ്ടി വരും. എന്നാൽ ഇത് രണ്ടും ഹദീസുകളുടെ വ്യക്തമായ പ്രസ്താവനക്ക് എതിരാണ്. അതി നാൽ ഈ ഹദീസ് വ്യാഖ്യാന മർഹിക്കുന്ന ഒന്നാണ്. ഈ ഹദീ സിന് അല്ലാഹു എനിക്ക് വെളിപ്പെടു ത്തിതന്നിട്ടുള്ള വ്യാഖ്യാനമിതാകു ന്നു. അവസാന കാലത്ത് ദജ്ജാൽ എന്ന് പേരുള്ള ഒരു കൂട്ടരുണ്ടാകും. അവർ ഇസ്ലാമി ന്റെ ശത്രുക്കളായിരിക്കും. അവർ ഇസ്ലാമിനെ നശിപ്പിക്കുവാനായി അതിനെ ഭൂമിയിൽ നിന്നും വേരോടെ പിഴുതെറിയുവാനായി, കള്ളനെപോലെ, കഅ്ബ (അതാണ ല്ലോ ഇസ്ലാമിന്റെ കേന്ദ്രം) പ്രദക്ഷിണം ചെയ്യുന്നതായിരിക്കും. അതിനെതിരെ മസീഹ് മൗഊദും (ഇസ്ലാമിന്റെ കേന്ദ്രം) പ്രദക്ഷിണം ചെയ്യും. ആ പ്രദക്ഷിണം കൊണ്ടു ള്ള മസീഹ് മൗഊദിന്റെ ഉദ്ദേശ്യം ദജ്ജാൽ എന്ന് നാമകരണം ചെയ്യ പ്പെട്ട ആ കള്ളനെ പിടിക്കുകയും അവന്റെ കയ്യേറ്റത്തിൽ നിന്ന് ഇസ് ലാമിക കേന്ദ്രത്തെ രക്ഷിക്കുകയു

മാണ്. രാത്രി കാലങ്ങളിൽ കള്ളനും കാവൽക്കാരനും വീട് പ്രദക്ഷിണം ചെയ്യുന്നത് പ്രകടമായി സംഭവിക്കുന്ന കാര്യമാണല്ലോ .കള്ളന്റെ ഉദ്ദേശ്യം വീടിന് തുരങ്കം വെക്കുകയും വീട്ടിലുള്ള വരെ നശിപ്പിക്കുകയുമാണ്. കാവൽക്കാരന്റെ ഉദ്ദേശ്യമാവട്ടെ, കള്ളനെ പിടിക്കുകയും. കാരാഗൃഹത്തിലടക്കുകയുമാണ്. മേൽപ്പറഞ്ഞ ഹദീസിൽ ഈ മത്സരത്തെപറ്റിയാണ് പറഞ്ഞിട്ടുള്ളത്. ആ കള്ളൻ ഇസ്ലാമിന്റെ കെട്ടിടം പൊളിക്കുന്നതിന് വേണ്ടി അങ്ങേയറ്റം പരിശ്രമിക്കും. മസീഹ് മൗഊദാകട്ടെ ഇസ്ലാമിനോടുള്ള അനുകമ്പയാൽ തന്റെ ശബ്ദം ആകാശം വരെ ഉയർത്തും. അവസാന സമയത്തിൽ അദ്ദേഹത്തിന് വിജയമുണ്ടാകുന്നതിനായി എല്ലാ മലക്കുകളും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരിക്കും. അദ്ദേഹം തളരുകയോ മടിയനാകുകയോ പിൻവാങ്ങുകയോ ചെയ്യാതെ ആ കള്ളനെ പിടിക്കാനായി അങ്ങേയറ്റം ശ്രമിക്കും. അദ്ദേഹത്തിന്റെ ശ്രമം പരമകാഷ്ഠയിലെത്തുമ്പോൾ ഇസ്ലാമിന് വേണ്ടി അദ്ദേഹത്തിന്റെ ഹൃദയം എത്രത്തോളമാണ് ഉരുകി പോയിട്ടുള്ളതെന്ന് അല്ലാഹു കാണുന്നതാണ്. ലോകത്തിന് ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ആ പ്രവൃത്തി അദ്ദേഹം നിർവഹിക്കും. മനുഷ്യകരങ്ങളാൽ നേടാൻ കഴിഞ്ഞിട്ടില്ലാത്ത വിജയം മലക്കുകൾ മുഖാന്തിരം കൈവരുത്തുകയുംചെയ്യും.

മസീഹ് മൗഊദിന്റെ അവസാന ദിവസങ്ങളിൽ കഠിനമായ ആപത്തുകൾ ഇറങ്ങും. ഉഗ്രമായ ഭൂകമ്പങ്ങൾ ഉണ്ടാകും. മുഴുവൻ ലോകത്ത് നിന്നും സമാധാനം നീങ്ങി പോകും. അപ്പോൾ ഈ അടയാളങ്ങൾക്ക് ശേഷം അദ്ദേഹത്തിന് വിജയമുണ്ടാകും. മസീഹ് മൗഊദ് ചുമരിൽ കൈവെച്ച് കൊണ്ട് ഇറങ്ങുമെന്ന് പറയപ്പെട്ടിട്ടുള്ള മലക്കുകൾ അതാണ്. ഈ ദജ്ജാലിയായ വിപത്ത് കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അവസാന കാലത്ത് വഴിപിഴച്ച പാതിരിമാരുടെ ഗൂഢാലോചനയാണ്. ഇത് മനുഷ്യശ്രമത്താൽ ഇല്ലാതാകുമെന്ന് ഇന്ന് ആർക്കും പറയാൻ സാധ്യമല്ലല്ലോ. എന്നാൽ അല്ലാഹു തന്നെ ഈ വിപത്തിനെ നിർമാർജനം ചെയ്യും. അവൻ മിന്നൽ പോലെ പതിക്കും. കോളു പോലെ വരും. കൊടുങ്കാറ്റു പോലെ ലോകത്തെ കുലുക്കും എന്തെന്നാൽ അവന്റെ കോപാഗ്നിയുടെ കാലം വന്നു. പക്ഷേ അവൻ നിരാശ്രയനാണ്. ഖുദ്റത്താകുന്ന കല്ലിന്റെ തീജ്വലിപ്പിക്കണമെങ്കിൽ മനുഷ്യന്റെ അർഥനയുടെ സമ്മർദം കൂടിയേ കഴിയൂ. ഹാ എത്ര പ്രയാസമുള്ള പ്രവൃത്തിയാണിത്! നാമൊരു ത്യാഗം ചെയ്യേണ്ടിയിരിക്കുന്നു. നാം ആ ത്യാഗം ചെയ്യുന്നത് വരെ കുരിശ് ഖണ്ഡനം സാദ്ധ്യമാവുകയില്ല. അത്തരം ത്യാഗം ഏതെങ്കിലുമൊരു നബി ചെയ്യാതിരിക്കുന്നിടത്തോളം കാലം അദ്ദേഹത്തിന് വിജയമുണ്ടായിട്ടില്ല. ആ ത്യാഗത്തെ സംബന്ധിച്ചാണ് വിശുദ്ധ ഖുർആനിൽ 'പ്രവാചകന്മാർ തന്നെത്താൻ സമരാഗ്നിയിൽ പതിപ്പിച്ചു കൊണ്ട് വിജയം നേടി' എന്ന വചനം സൂചിപ്പിക്കുന്നത്.

കുരിശു മുറിക്കുമെന്നതിന് മരത്തിന്റെയോ സ്വർണത്തിന്റെയോ വെള്ളിയുടേയോ കുരിശ് മുറിക്കുമെന്ന് അർഥം കൽപ്പിക്കുന്നത് അങ്ങേയറ്റം അബദ്ധമാണ്. അത്തരം കുരിശുകൾ എപ്പോഴും ഇസ്ലാമിക യുദ്ധങ്ങളിൽ ഉടഞ്ഞു കൊണ്ടിരുന്നിട്ടുണ്ട്. അതിനാൽ അതിന്റെയർഥം മസീഹ് മൗഊദ് കുരിശ് സിദ്ധാന്തത്തെ ഖണ്ഡിക്കുമെന്നും അതിന് ശേഷം ലോകത്ത് കുരിശ് സിദ്ധാന്തം അഭിവൃദ്ധിപ്പെടുകയില്ലെന്നുമാണ്. അവസാന കാലം വരെ മുളയെടുക്കാത്ത വിധം അത് മുറിഞ്ഞ് പോകും. മനുഷ്യന്റെ കരങ്ങളായിരിക്കില്ല അതിനെ മുറിക്കുന്നത്. എല്ലാ ശക്തികളുടെയും നാഥനായ അല്ലാഹുവായിരിക്കും അതിനെ മുറിക്കുന്നത്. ഏത്വിധം അവൻ ഈ വിപത്ത് ഉണ്ടാക്കിയോ അതേ വിധം അവൻ ഇതിനെ ഉന്മൂലനം ചെയ്യുന്നതാണ്. അവൻ മറ്റുള്ളവർക്ക് ഈ ബഹുമതി നൽകുകയില്ല. പക്ഷേ അവന്റെ കരങ്ങളുടെ സൃഷ്ടിയായ മസീഹിന് ഈ ബഹുമതി ലഭിക്കുന്നതാണ്. അല്ലാഹു ബഹുമതി നൽകുന്നവനെ അപമാനിതനാക്കാൻ ആർക്കും കഴിയുന്നതല്ല. ആ മസീഹ് മഹത്തായ ഒരു കാര്യത്തിനു വേണ്ടി നിയോഗിതനായിരിക്കുന്നു. ആ കാര്യം അദ്ദേഹത്തിന്റെ കയ്യാൽ വിജയിക്കും. അദ്ദേഹത്തിന്റെ ആഗമനം കുരിശിന്റെ അധഃപതനത്തിന് കാരണമാകും. കുരിശ് സിദ്ധാന്തത്തിന്റെ ആയുസ്സ് അദ്ദേഹത്തിന്റെ ആവിർഭാവത്തോടു കൂടി പൂർത്തിയാവും. ജനങ്ങളുടെ ചിന്താഗതി തന്നത്താൻ കുരിശ് സിദ്ധാന്തത്തിൽ നിന്ന് മടുത്ത് പിന്തിരിഞ്ഞുകൊണ്ടിരിക്കും. യൂറോപ്പിൽ ഇപ്പോൾ ആ അവസ്ഥയാണ് പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത്. ഇന്ന് ശമ്പളക്കാരായവർ മാത്രമാണ് ക്രിസ്തുമതത്തിന് വേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. വിജ്ഞാനികൾ ആ സിദ്ധാന്തം കൈവെടിഞ്ഞു കൊണ്ടിരിക്കുന്നു. കുരിശ് സിദ്ധാന്ത ത്തിനെ തിരായി യൂറോപ്പിൽ വീശാൻ തുടങ്ങിയ കാറ്റാണിത്. നിത്യേന അതിന്റെ ഊക്കും ആക്കവും കൂടിക്കൊണ്ടിരിക്കുന്നു. ഇതാണ് മസീഹ് മൗഊദിന്റെ ആവിർഭാവത്തിന്റെ ലക്ഷണം. എന്തെന്നാൽ മസീഹ് മൗഊദോടുകൂടി ഇറങ്ങേണ്ട ആ രണ്ട് മലക്കുകൾ കുരിശു സിദ്ധാന്തത്തിനെതിരായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ലോകം അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ദജ്ജാലിന്റെ തന്ത്രം പ്രത്യക്ഷമായ നിലയിൽ തകരുന്ന ആ സമയം അടുത്തിരിക്കുന്നു.

മസീഹ് മൗഊദ് പന്നിയെ കൊല്ലുമെന്ന പ്രവചനം നികൃഷ്ടനും ചീത്ത നാവുകാരനു മായ ഒരു ശത്രു വിനെ പരാജയപ്പെടുത്തുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയുള്ള മസീഹ് മൗഊദിന്റെ പ്രാർഥനകൊണ്ട് നാശമടയുമെന്നും അത് സൂചിപ്പിക്കുന്നു.

മസീഹ് മൗഊദിന് മക്കളുണ്ടാകുമെന്ന പ്രവചനത്തിന്റെ സാരം,

അല്ലാഹു അദ്ദേഹത്തിന്റെ വംശ ത്തിൽ നിന്ന് അദ്ദേഹത്തിന്റെ പ്രതി നിധിയായും ഇസ്‌ലാം മതത്തെ സഹായിക്കുകയും ചെയ്യുന്ന ഒരാളെ ജനിപ്പിക്കുമെന്നാണ്. എന്റെ ചില പ്രവചനങ്ങളിൽ ഈ സംഗതി വെളിവാക്കപ്പെട്ടിട്ടുണ്ട്.

മസീഹ് മൗഊദ് ദജ്ജാലിനെ കൊല്ലുമെന്ന പ്രവചനത്തിന്റെ അർഥം അദ്ദേഹത്തിന്റെ ആവി ർഭാവത്താൽ ദജ്ജാലിന്റെ വിപത്ത് തനിയെ കുറഞ്ഞുപോകുമെന്നും ബുദ്ധി ജീവികളുടെ ഹൃദയം ഏക ദൈവവിശ്വാസത്തിലേക്ക് തിരിയു മെന്നുമാണ്. ദജ്ജാൽ എന്ന പദ ത്തിന് രണ്ട് വിധത്തിലുള്ള അർഥ മാണ്കൽപ്പിക്കപ്പെട്ടിരിക്കുന്നതെന്ന സംഗതി മനസ്സിലാക്കണം. അതാ യത് ദജ്ജാലിന്റെ ഒരർഥം നുണയെ സഹായിക്കുകയും വഞ്ചനയും ചതിയും കൊണ്ട് കാര്യം സാധിക്കുകയും ചെയ്യുന്ന ഒരു ജനസമൂഹമെന്നാണ്. മറ്റൊരർഥം എല്ലാ കളവിന്റെയും വിപത്തി ന്റെയും പിതാവായിരിക്കുന്ന ശൈ ത്താൻ എന്നാണ്. തന്മൂലം അവനെ കൊല്ലുക എന്നതിനർഥം അവസാന കാലം വരെ വളർന്നു വരാത്തവിധം ഉന്മൂലനം ചെയ്യുമെന്നുമാണ്. അതാ യത് ഈ അവസാന യുദ്ധത്തിൽ ശൈത്താൻ വധിക്കപ്പെടും.

മസീഹ് മഊദിന്റെ വഫാത്തിന് ശേഷം നബി തിരുമേനി(സ)യുടെ ഖബറിൽ പ്രവേശിപ്പിക്കപ്പെടുമെന്ന തിന് (നഊദുബില്ലാഹ്) നബി തിരുമേനിയുടെ ഖബർ തുറക്ക പ്പെടുമെന്ന് അർഥം കൽപ്പിക്കു ന്നത് ബാഹ്യമായി മാത്രം ചിന്തിക്കു ന്നവരുടെ അബദ്ധമാണ്. അത് നിർമര്യാദയും അനാദരവുമായ ഒരു ചിന്താഗതിയാണ്. അതിന്റെ നേരായ അർഥം മരണാനന്തരം മസീഹ് മൗഊദിന് നബി തിരുമേനി (സ) യുടെ സാമീപ്യം സിദ്ധിക്കു മെന്നും രണ്ട് ആത്മാക്കളും ഒരേ ഖബറിൽ അടക്കം ചെയ്യപ്പെട്ടത് പോലെ അദ്ദേഹത്തിന്റെ ആത്മാവ് നബി തിരുമേനി(സ)യുടെതുമായി അടുക്കുമെന്നുമാകുന്നു. ശരിയായ അർഥം ഇതാണ്. ഇഷ്ടമുള്ളവർ മറ്റർഥം കൽപ്പിച്ചുകെള്ളട്ടെ. മരണാ നന്തരം ശാരീരികമായ ഒരു പ്രാധാ ന്യവുമില്ലെന്ന് ആദ്ധ്യാത്മിക പ്രബു ദ്ധരായ ആളുകൾക്കറിയാം. നബി തിരുമേനി(സ)യുമായി അദ്ധ്യാ ത്മിക ബന്ധമുള്ള എല്ലാവരുടെയും ആത്മാവിന് നബി തിരുമേനി(സ) യുടെ ആത്മാവിന്റെ സാമീപ്യം സിദ്ധിക്കും 'ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ' എന്റെ അടിയാ രോട് കൂടി ചേർന്ന് എന്റെ സ്വർഗ ത്തിൽ പ്രവേശിക്കുക എന്ന് അല്ലാ ഹു പറഞ്ഞത് പോലെ.

മസീഹ് മൗഊദ് കൊല്ലപ്പെടു കയില്ല എന്ന പ്രവചനം സൂചിപ്പി ക്കുന്നത് ഖാത്തമുഖുലഫാഅ് കൊല്ലപ്പെടുക എന്നത് ഇസ്‌ലാമിന് അപമാനകരമാണെന്നാണ്. ഇതേ കാരണത്താൽ തന്നെയാണ് നബി തിരുമേനി (സ) യും വധശ്രമത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടത് (ഹഖീഖത്തുൽ വഹ്‌യ്)


mta INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കി യിരിക്കുന്നു.

www.mta.tv

# വിവാഹമോചനവും ലിംഗസമത്വവും ഇന്ത്യൻ മുസ്‌ലിം വ്യക്തി നിയമത്തിൽ

പ്രഗല്ഭ നിയമ പണ്ഡിതനായ ലേഖകന്റെ ഡോക്ടറേറ്റ് ലഭിച്ച ഗവേഷണ പ്രബന്ധത്തിലെ പ്രസക്ത ഭാഗങ്ങൾ

ഡോ. കൗസർ ഇടപ്പകത്ത്

വിവാഹ സമ്പ്രദായം അതിന്റെ വർണത്തിലും രീതിയിലും നിർണായകമായ പരിവർത്തനങ്ങൾക്ക് വിധേയ മായിട്ടുണ്ടെങ്കിലും, ഭൂമിയിലെ ഏറ്റവും പുരാതനമായ ഒരു മാനവ സ്ഥാപനത്തിന്റെ സുസ്ഥിരവും ശക്ത വുമായ ഒരു ദൃഢസാന്ദ്ര ഘടന യായി ഇക്കാലത്ത് പോലും വൈ വാഹിക സ്ഥാപനം നിലകൊള്ളുന്നു. കുടുംബവും വിവാഹ വും സമൂഹത്തെയും സംസ്ക്കാരത്തെയും നിലനിർത്തുന്ന രണ്ട് അടിസ്ഥാന സ്ഥാപനങ്ങളാണ്. ലോകത്തിലെ വലിയൊരു വിഭാഗം ജനങ്ങളിലും നിരവധി രാജ്യങ്ങളിലും വിവാഹമാണ് കുടുംബത്തിന്റെ അടിസ്ഥാനമായി നില കൊള്ളുന്നത്. വംശത്തിന്റെനൈരന്തര്യത്തെ പറ്റി പ്രതിപാദിക്കുമ്പോൾ കുടുംബ നിർമിതിയുടെ മൂലക്കല്ല് എന്ന നിലക്ക് എല്ലാ മനുഷ്യ സമൂഹങ്ങളിലും ഏറ്റവും സുപ്രധാനമായ ഒരു നിയമക്കരാറായി വിവാഹം ഗണിക്കപ്പെടുന്നു.[1] എല്ലാനിയമ വ്യവസ്ഥയിലും വിവാഹം സമൂഹത്തിന്റെ നട്ടെല്ലായി വർത്തിക്കുന്നു. അത് ജീവിതത്തിന് വേണ്ടി യുള്ള സവിശേഷമായ ഒരു സംഘാടനമാണ്.

വിവാഹം ഒരു സാർവത്രിക മായ പ്രതിഭാസമാണ്. എല്ലാ സംസ്കാരങ്ങളിലും സുപരിചിതമാണ് വിവാഹം. അത് ലൈംഗി കതയുടെയും പ്രജനനത്തിന്റെയും നിയമപരമായ ഒരു പ്രകാശ നോപാധിയാകുന്നു. വിവാഹം കഴി ക്കാനുള്ള അവകാശം പ്രായപൂർത്തിയുടെ മുദ്രയും സാമൂഹ്യ പങ്കാളിത്തത്തിന്റെ പ്രതീകവും പൗരത്വവുമായി ബന്ധപ്പെട്ടതും കുടുംബത്തിന്റെയും സമൂഹത്തിന്റെയും അംഗത്വം സംബന്ധിച്ച അവബോധത്തിന്റെ അട യാ ളവുമാണ്. വിവാഹം മനുഷ്യ ബന്ധങ്ങളിൽ പരസ്പര പരിചര ണവും പിന്തുണയും പ്രതിബദ്ധതയും ഉണ്ടാക്കുന്നു. വ്യക്തികൾ തമ്മിലുള്ള പരസ്പര സ്നേഹവും പ്രതിബദ്ധതയും സമൂഹം ആഘോഷിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്ന സുപ്രധാനമായ ഒരു സ്ഥാപനമാണത്[2] വിവാഹം എന്നത് സമൂഹത്തിനും വ്യക്തി ക്കും ഒരു പോലെ മഹിത പ്രാധാന്യമുള്ള ഒരു സ്ഥാപനമാണെന്നത് അവിതർക്കിതമായകാര്യമാണ്.

ആചാരപരമായോ നിയമം മുഖേനയോ അംഗീകരിക്കപ്പെട്ട തും ഏർപ്പെടുന്ന ഇരു കക്ഷികൾ ക്കും നിശ്ചിത അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ടതും, അപ്രകാരം ആ ബന്ധത്തിൽ ജനിക്കുന്ന സന്താനങ്ങൾക്കും അത് ബാധക മായിട്ടുള്ളതുമായ സ്ത്രീപുരുഷ ബന്ധം എന്ന് വിവാഹത്തെ നിർവചിക്കാവുന്നതാണ്. വിവാഹത്തിന് നിർവഹിക്കാൻ രണ്ട് ധർമങ്ങളുണ്ട്. ഒന്നാമതായി സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലൈംഗികത നിയന്ത്രിക്കാൻ സമൂഹം സ്വീകരിച്ച ഒരു വ്യവസ്ഥയാണത്. രണ്ടാമതായി ഒരു മനുഷ്യ ശിശുവിന് സമൂഹവു മായുള്ള ബന്ധം നിർണയിക്കുന്ന ഉപാധിയുമാണത്.[3]

**വിവാഹം: ഉദ്ഭവവും വികാസവും**

മനുഷ്യ സമൂഹത്തിന്റെ ഏറ്റ വും പുരാതനമായ ഒരു സ്ഥാപ നമാണ് വിവാഹം. മനുഷ്യ നാഗരികതയുടെയും മനുഷ്യ ക്ഷേമത്തി ന്റെയും എല്ലാ ഉപരിഘടനയും പണിതിരിക്കുന്നത് വിവാഹമെന്ന അടിത്തറയിലാണ്. വിവാഹ സമ്പ്രദായത്തിന്റെ വികാസ പരിണാമങ്ങൾ ചരിത്രപരമായ കൗതുക മുളവാ ക്കുന്ന ഒന്നാണ്. ക്രമരഹിതമായ സമാഗമരൂപങ്ങളിൽ നിന്നും ദാമ്പത്യ സമാഗമങ്ങളിൽ നിന്നുമാണ് വിവാഹം എന്ന സ്ഥാപനം ഉരുവംകൊള്ളുന്നത്. കവർന്നെടുത്തു കൊണ്ടുപോയുള്ള വിവാഹം, വിവാഹ സമ്പ്രദായത്തിന്റെ ഒരു പ്രാകൃതരൂപമായിരുന്നു. പിന്നീട് അപഹർത്താവിന് സമ്മതിച്ചു കൊണ്ടും വിധേയയായിക്കൊണ്ടുമുള്ള ഒളിച്ചോട്ടസമ്പ്രദായത്തിന് (Elopement with consent) അത് രൂപം നൽകി. വധുവിനെ വില കൊടുത്തു വാങ്ങിക്കൊണ്ടുള്ള വിവാഹം

ക്രമേണ വളർന്നു വരികയുണ്ടായി. ഇത്തരത്തിൽ ഒരു ജംഗമസ്വത്തു പോലെ ഭാര്യയെ ആർജിക്കുന്ന സമ്പ്രദായം സ്ത്രീധനത്തിന് വിധേയമായ വിവാഹക്കരാർ സമ്പ്രദായത്തിന് രൂപം നൽകി. പൗരാ ണിക ഭാരത ത്തിൽ വധുവിനെ വിലക്ക് വാങ്ങി ക്കൊണ്ടുള്ള അസുര സമ്പ്രദായത്തിലുള്ള വിവാഹം അനുവദനീയമായിരുന്നു. ശൂദ്രന്മാരിലും വൈശ്യന്മാരിലും ഈ സമ്പ്രദായം ഇപ്പോഴും വ്യാപകമാണ്. മനുവിന്റെ നിയമങ്ങൾ അത്തരം പരിഗ്രഹത്തെ വിലക്കുന്നു. അപ്രകാരം തന്നെ പുരാതന ഗ്രീക്കുകാരും വധുവിനെ വിലക്ക് വാങ്ങിയിരുന്നു. പിന്നീട് വെപ്പാട്ടി യേയും ഭാര്യയേയും തമ്മിൽ തിരിച്ചറിയാനുള്ള സ്ത്രീധന സമ്പ്രദായത്തിന് ഇത് തുടക്കം കുറിച്ചു. അപ്പോഴേക്കും സ്ത്രീ ധനം വിപരീത ദിശയിലായിരുന്നു.[4] പുരാതന അറേബ്യയിൽ വിലക്ക് വാങ്ങിയുള്ള വിവാഹം വ്യാപകമായിരുന്നു. ബഹുഭർത്തൃത്വം, ബഹുഭാര്യത്വം, ഏകഭാര്യത്വം പോലും ലോകത്ത് ആചാര ബഹുലതയേടെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള പുരാതന വിവാഹ സമ്പ്രദായങ്ങളായിരുന്നു. പിതൃ വംശത്തിലോ മാതൃ വംശത്തിലോ സ്വവംശത്തിലോ അന്യവംശത്തിലോ, പുരാതന ജനങ്ങൾ ഏത് ബന്ധത്തിലാണ് വിവാഹം കഴിക്കാൻ ഇഷ്ടപ്പെട്ടിരുന്നതെന്ന് ഉറപ്പിച്ചു പറയാൻ ബുദ്ധിമുട്ടാണ്. പുരാതന കുല വ്യവസ്ഥ (Totemic System) വിവാഹ ബന്ധങ്ങളുടെ പവിത്ര തയും നൈരന്തര്യവും ക്രമീകരിക്കാൻ സഹായകരമായി രുന്നു. വിവാഹത്തോടുള്ള സമീപ നം അലംഘനീമായ അഥവാ വേർ പെടുത്താൻ കഴിയാത്ത ദിവ്യത്വം (Sacramen talIddissol ubility) എന്ന നിലയിൽ നിന്നും ഒരു സിവിൽ കരാർ എന്ന നിലയിലേക്കുള്ള മാറ്റം ആധുനികമായ ഒരു ആശയമാണ്.[5]

ഒരു ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം വിവാഹം എന്നത് അനിവാര്യമായ മത സംസ്കാരങ്ങളിൽ (Sacrament) പെട്ട എതിർ ലിംഗങ്ങളുടെ പരസ്പര സമാഗമമാണ്. അതായത് ദിവ്യമായ സമാഗമം. മതപരമായ ആചാര കർമങ്ങൾ നിർവഹിക്കാനും ബലി തർപ്പണങ്ങൾ നടത്താനും ഉന്നതമായ ദാമ്പത്യ സന്തോഷം ലഭിക്കാനും പിതൃക്കൾക്കും സ്വയം തന്നെയും സ്വർഗീയമായ ആനന്ദം ലഭിക്കാനും വേണ്ടി സന്താനങ്ങൾ ലഭിക്കുക എന്നതാണ് ഹിന്ദു വിവാഹത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യങ്ങളെല്ലാം ഭാര്യയെ ആശ്രയിച്ചാണല്ലോ നിറവേറ്റപ്പെടുക. ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം മതപരമായ സമ്മതിയോടെയാണ് വിവാഹത്തിന് അതിന്റെ പരമ പ്രാധാന്യവും സാധുതയും കൈവരുന്നത്.

നിലവിലുള്ള ബ്രാഹ്മണ സാമൂഹ്യക്രമത്തിന് വെല്ലുവിളിയായി ഉയർന്നുവന്ന ബൗദ്ധ ജൈന മതങ്ങളുടെസ്വാധീന ഫലമായി വിവാഹ സങ്കൽപ്പം ഗണ്യമായ മാറ്റങ്ങൾക്ക് വിധേയമാവുകയു ണ്ടായി. ഏറ്റവും പ്രധാനപ്പെട്ട മാറ്റം എന്തെന്നാൽ ഒരു മതസംസ്കാരം എന്ന നിലക്ക് വിവാഹം കൂടാതെ മനുഷ്യ ജീവിതം പരിപൂർണ മാകില്ല എന്ന വൈദിക കാലത്തെ യും വൈദികാനന്തര കാലഘട്ട ത്തിലെയും നിലപാടിൽ നിന്നുമുള്ള മാറ്റമാണ്. ബൗദ്ധ ജൈനമതങ്ങൾ അങ്ങനെയാണ് വിവാഹത്തെ നോക്കിക്കണ്ടിരുന്നത്. നിർവാണ പദം പ്രാപിക്കുന്നതിന് വിവാഹം വിഘ്നം നിൽക്കുന്നു എന്നാണ് ബുദ്ധമത സങ്കൽപ്പം. വിവാഹം എന്നത് പരമ പാവനമായ ഒരു മതാചാരം എന്ന് ബുദ്ധമതം കരുതുന്നില്ല. മറിച്ച് അത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള കേവലം ഒരു കരാർ മാത്രമായാണ് പരിഗണിച്ചത്.[6] ബുദ്ധമതത്തെ പോലെജൈന മതവും വിവാഹത്തിന്റെ പരമ പവിത്രതാസങ്കൽപ്പം നിരാകരിച്ചിരുന്നു മാത്രമല്ല വിവാഹം ബ്രഹ്മചര്യത്തേക്കാൾ താഴ്ന്ന സ്ഥാനത്തിലുള്ളതാണെന്നും അവർ കരുതി. ഹിന്ദുക്കളുടെ നിരവധി വിവാഹാചാരങ്ങൾ ജൈനന്മാർ അംഗീകരിക്കുകയുണ്ടായി. മാത്രമല്ല ഹിന്ദുക്കളും ജൈനന്മാരും തമ്മിലുള്ള വിവാഹങ്ങൾ ക്രമേണ നടപ്പിലാവുകയും ചെയ്തു.[7]

ഇന്ന് പരമ്പരാഗതമായ വിവാഹസങ്കൽപ്പം ആസകലം മാറിയിരിക്കുന്നു. വിവിധ നിയമ വകുപ്പുകളുടെയും നിയമ പരിഷ്ക്കരണങ്ങളുടെയും സഹായത്തോടെ ഹിന്ദു വിവാഹങ്ങൾ ഏറെക്കുറെ ഇരുകൂട്ടർക്കും ഗുണം ലഭിക്കുന്ന രൂപത്തിലുള്ള ഒരു കരാറിന്റെ രീതിയിൽ പരിണമിച്ചിരിക്കുന്നു.[8] 1955 ലെ ഹിന്ദു വിവാഹ നിയമം സമൂല മാറ്റത്തിന് വിധേയമായി. ഈ നിയമം, ഹിന്ദു വേദഗ്ര ന്ഥങ്ങളുടെ അടിസ്ഥാ നത്തിലുള്ളതോ നിയമത്തിന്റെ പിൻബലത്തോടെ നടപ്പാക്കുന്ന ആചാര പ്രകാരമുള്ളതോ ആയ എല്ലാ വൈവാഹിക നിയമങ്ങളേയും അസാധുവാക്കി. 1955 ലെ ഹിന്ദു വിവാഹ നിയമം മതാചാരപ്രകാരമുള്ള വിവാഹം (Sacramental Marriage) എന്ന വിശേഷണം പ്രയോഗിച്ചില്ല, പകരം വിവാഹത്തിൽ പങ്കാളി യാവുന്ന ഏതെങ്കിലുമൊരു കക്ഷിയുടെ ആചാര വിധിപ്രകാരമുള്ളതോ കീഴ്വഴക്ക പ്രകാരമുള്ളതോ ആയ ഹിന്ദു വിവാഹത്തിന് കാർമികത്വം വഹിക്കൽ എന്നാണ് ആ നിയമം പറയുന്നത്. ഹിന്ദു വിവാഹ നിയമം ഹിന്ദു ത്വത്തെ ഒരു മതമായി പരിഗണിക്കുന്നില്ല. വിശാലമായ അർഥത്തിൽ എല്ലാവരേയും ഹിന്ദുക്കളായി അത് കാണുന്നു. 1955 ലെ ആദ്യത്തെ ക്രോഢീകൃത ഹിന്ദു വിവാഹ നിയമം 1964 ലെ ഹിന്ദു വിവാഹഭേദഗതി നിയമ പ്രകാരവും 1976 ലെ ഹിന്ദു വിവാഹ ഭേദഗതി നിയമ പ്രകാരവും ഭേദഗതി ചെയ്യുകയുണ്ടായി.[9]

ക്രിസ്ത്യാനികളുടെ വീക്ഷണ പ്രകാരം വിവാഹം എന്നത് അലംഘനീയ പാവനത്വം എന്ന അനുബന്ധ തത്ത്വത്തോടുകൂടിയ ദിവ്യ കൂദാശയിലധിഷ്ഠിതമായ മതാചാരമായാണ് (Sacrament) ഗണിച്ചിരുന്നത്. ഭാര്യയും ഭർത്താവും ദൈവപ്രവൃത്തിയാൽ ഒരൊറ്റമാംസമായി. ദൈവം കൂട്ടി ചേർത്തതിനെ മനുഷ്യൻ വേർപ്പെടുത്താൻ പാടില്ല'

'Quod deus conjunxit, homo non separt.' എന്ന ക്രിസ്ത്യൻ സങ്കൽപ്പ പ്രകാരം വിവാഹം ഒരു ദിവ്യകൂദാശ (Sacrament) എന്ന നിലക്ക് എല്ലാ വർക്കും ദൈവികാജ്ഞ പ്രകാര മുള്ള ഒരു നിയമ ബാദ്ധ്യതയാണ്. (പുരോഹിതന്മാർക്കൊഴികെ). അത് ദിവ്യ കാർമികത്വത്തിൽ നടക്കുന്ന അലംഘനീയമായതും വേർപിരി ക്കാൻ പാടില്ലാത്തതുമായ സ്ത്രീ പുരുഷ സമാഗമവും വ്യഭിചാരം തടയാനും (ധാർമിക പാപം) ജനശോഷണത്തിനെതിരെ യുള്ള ഒരു ഉപാധിയുമാണ്.[10] ഇന്ത്യയിൽ ക്രിസ്തീയ മതവിശ്വാ സികളുടെ മതാചാര പ്രകാരമുള്ള വിവാഹ നിയമം ഇംഗ്ലീഷ് പാർലമെന്റിലെ രണ്ട് നിയമങ്ങളിലും ഇന്ത്യൻ പാർലമെന്റിലെ മൂന്ന് നിയമങ്ങ ളിലും വേരുകളു ള്ളതാണ്. 1872ൽ അന്ന് നിലവിലുണ്ടായിരുന്ന വിവിധ ങ്ങളായ എല്ലാ ക്രിസ്തീയ വൈവാ ഹിക നിയമങ്ങളും റദ്ദാക്കി കൊണ്ട് വിവാഹ നിയമങ്ങൾ ലളിത വത്ക്കു കയും അത് ഒരു ലഘു വൃത്ത ത്തിലേക്ക് ചുരുക്കുകയും ചെയ്തു കൊണ്ട് 1872 ലെ ഇന്ത്യൻ ക്രൈ സ്തവ വിവാഹ നിയമം പാസ്സാക്കി. അതിന് ശേഷം ഇന്ത്യ യിൽ ക്രിസ്തീയ വിവാഹ സംബ ന്ധമായി നിരവധി നിയമ നിർമാണ ങ്ങൾ നടക്കുകയുണ്ടായി. അവ The Indian Christian Marriage Act 1872, The Marriage Validation Act,1892, The Cochin Christian Civil Marriage Act, 1905, The Indian Matrimonial Courts (War Marriages) Act, 1948, The Converts Marriage Dissolution Act, 1866, and The Indian Divorce Act, 1869vv എന്നിവയാണ്.

പാർസികൾക്കിടയിലും ഇന്ത്യൻ ജൂതന്മാർക്കിടയിലും വിവാഹം ഒരു കരാർ ആണ്. പാർസികൾക്കിടയിൽ 'ആശീർവാദ്' എന്ന പേരിൽ അറിയ പ്പെടുന്ന മത ചടങ്ങിലൂടെയാണ് അതിന് സാധുത കൈവരുന്നത്. പാർസികൾ അവരുടെ വിവാഹവും വിവാഹ മോചനവും നടത്തുന്നത് 1936 ലെ പാർസി മാര്യേജ് ആക്റ്റ് അനുസരിച്ചാണ്. ഈ നിയമം 1988 ലെ പാർസി വിവാഹ-വിവാഹ മോചന (ഭേദഗതി) നിയമത്തിലൂടെ മാറ്റുകയുണ്ടായി. 1936 ലെ പാർസി വിവാഹ നിയമത്തിൽ പക്ഷപാതി ത്വപരമായ ചില പഴഞ്ചൻ വ്യവ സ്ഥകളുണ്ടായിരുന്നു. പാർസികൾ തമ്മിലുള്ള വിവാഹം, വിവാഹ ക്കോടതികൾ, വിവാഹ കേസുകൾ, തർക്ക കക്ഷികളുടെ കുട്ടികൾ, പലവക എന്നീ ആറു അദ്ധ്യായ ങ്ങളായി പാർസി വിവാഹ നിയമ ങ്ങളെ വിഭജിച്ചിരിക്കുന്നു.

ഇന്ത്യൻ യഹൂദന്മാരും അവ രുടെ വിവാഹം അനിവാ ര്യമായ ഒരു മത ചടങ്ങിലൂടെ നിർവഹിക്ക പ്പെടുന്ന കരാറായി കാണുന്ന വരാണ്. യഹൂദ വിവാഹങ്ങളിൽ വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികൾ തമ്മിലും 'ഖുത്തുബ' എന്നറിയപ്പെപ്പെടുന്ന ഒരു ലിഖിത കരാർരേഖ വിവാഹത്തിന്റെ സാധു തക്ക് ആവശ്യമാണ്.[11] ഇന്ത്യ യിൽ യഹൂദരുടെ വിവാഹ-വിവാഹ മോചന നിയമങ്ങൾ ക്രോഢീകരി ക്കപ്പെട്ടിട്ടില്ല. ഇപ്പോഴും അവരുടെ മത നിയമങ്ങളനുസരിച്ചാണ് അവ നിർവഹിക്കപ്പെടുന്നത്. (തുടരും)

REFERENCE


1. Ushadevi.R, Divorced Women Socio-Psychological Problems 1(APH Publishing Corporation, New Delhi, 1998),
2. Beegum Asma Siddiqua, "Marriage Deed as a Woman's security Document in Bengladesh – Demand for Equity", paper presented at International Family Law Conference 2007, Kuala Lumpur, Malaysia,
3. Thanzeen Fathima, Marriage Contract in Islam1 (Deep and Deep, New Delhi, 2007).,
4 Al-Haj Muhammed Ullah, Women in Islamic Shariah 13-4 (Islamic Book Service, New Delhi, 2000),
5. Story, Conflict of Laws 143 as quoted in Women in Islamic Sharia 1 by Al-Haj Muhammed, Ullah ( Islamic Book Service, New Delhi, 2000),
6. Monmayee Basu, "Hindu Women and Marriage Law", in Flavia Agnes (ed), Women and Law in India 30-1 (Oxford, New York, 2004),
7. Id at 31-2.
8. Id at 36,
9. Mamatha Rao, Law relating to Women and Children 180 (Eastern Book Company, Lucknow, 2005),
10.Paras Diwan,law of marriage and divorce18 ( Wadhwa and company, new Delhi 1988),
11.Benjemin v. Benjemin, ILR 50 Bombay 359.


---

പേജ് 6 ൽ നിന്നും തുടർച്ച

അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകുകയും എല്ലാവരെയും നശിപ്പിച്ചുകൊണ്ട് ഇസ്‌ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈ വികസഹായം മുഖേന ***'ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു' (73:16)***

അവസാന കാലത്ത് ഈ സാദൃ ശ്യം ഇപ്രകാരമാണ് പുലർന്നി രിക്കുന്നത്. മൂസാ നബി(അ)യുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപ രമായ പോരാട്ടത്തിൽ യാതൊരു താൽപര്യമില്ലാത്ത, ക്ഷമയും സഹ നവും മാത്രം ഉപദേശിച്ച ആളായി രുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെ യേറെ വൈരുദ്ധ്യങ്ങൾ പ്രകടമാവു കയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങു കയും ചെയ്തിരുന്നു. അവർ റോമാ ഭരണത്തിന് കീഴിലായി. ഹദ്റത്ത് മൂസാ നബി (അ) ന് ശേഷം 14 നൂറ്റാണ്ടു കൃത്യം പൂർത്തിയാ യപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. അദ്ദേഹത്തിൽ ഇസ്റായേലി നുബു വ്വത്ത് പരമ്പര അവസാനിക്കുകയും ചെയ്തിരുന്നു. (ലക്ചർസിയാൽ കോട്ട്)

## ഹദ്റത്ത് അബൂഉബയ്ദഃ(റ) തുടർച്ച

# അമീനുൽഉമ്മത്ത്

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**ബഹ്റൈനിലെ സമ്പത്തുകൾ:**

ഇറാനിലെ കിസ്റാ ഭരണകൂടത്തിന് നികുതി കൊടുത്തുകൊണ്ടിരുന്ന ബഹ്റൈൻ ഭരണകൂടവുമായി ഹിജ്റ 8-ാം വർഷം മുസ്ലീംകൾ സന്ധിചെയ്തു. ഹദ്റത്ത് അലാഅ് ബിൻ ഹദ്റമീ (റ) അവിടെ അമീറായി നിയമിക്കപ്പെട്ടു. ഹദ്റത്ത് അബൂഉബയ്ദഃ(റ) ഭൂനികുതിയുടെ അമാനത്തുകൾ ശേഖരിച്ച് ഇസ്ലാമിക കേന്ദ്രമായ മദീനയിൽ കൊണ്ടുവരാനും നിയമിതനായി. അദ്ദേഹത്തിന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും അല്ലാഹു എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ, ബഹ്റൈനിൽനിന്ന് കുന്നുകണക്കിന് സമ്പത്തുമായിട്ടാണ് അദ്ദേഹം മദീനയിൽ വന്നത്. ഇതറിഞ്ഞപ്പോൾ പിറ്റേ ദിവസത്തെ സുബ്ഹി നമസ്കാരത്തിന് ധാരാളം അൻസ്വാറുകൾ പള്ളിയിലെത്തി. നമസ്കാരത്തിനുശേഷം നബി(സ) തിരുമേനി സ്വഹാബാക്കളെ അഭിസംബോധന ചെയ്തു: 'അബൂഉബയ്ദഃ വന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. നിങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കപെടുമെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. എന്നാൽ, ഓർത്തുകൊള്ളുക! നിങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലുമാകുമെന്ന് ഞാൻ ഭയപ്പെടുന്നില്ല. പ്രത്യുത മുൻകഴിഞ്ഞ ജനതകൾക്ക് വിശാലമാക്കപ്പെട്ടതുപോലെ നിങ്ങൾക്കു ദുൻയാവ് വിശാലമാക്കപ്പെടും. പക്ഷേ, അതിന്റെ ഫലമായി അവസാനം അവർ നശിക്കുകയാണുണ്ടായത്. അവരുടെ അവസ്ഥ നിങ്ങൾക്കെങ്ങാനും വരുമോ എന്നാണ് എനിക്കുള്ള ആശങ്ക.' (ബുഖാരി)

**സമുദായത്തിന്റെ വിശ്വസ്തൻ നജ്റാനിൽ**

ബഹ്റൈനിലെ സമ്പത്തുകളോടുള്ള കടമ നിറവേറ്റിയശേഷം ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ നജ്റാനിലെ സാമ്പത്തിക കാര്യങ്ങളുടെ അമീനാക്കി. ഹിജ്റ 9-ാം വർഷം നജ്റാനിലെ ഉന്നതാധികാരികളുടെ സംഘം(അവരിൽ സർക്കാർ പ്രതിനിധികളും മതപ്രതിനിധികളുമുണ്ടായിരുന്നു)മദീനയിൽ വന്നു. നജ്റാൻകാരുമായിട്ട് താഴെ കാണുന്ന നിബന്ധനകളോടെ സന്ധി ചെയ്തു:

1. രണ്ടായിരം പുതപ്പുകൾ അവർ വർഷംതോറും കൊടുത്തുകൊണ്ടിരിക്കും. ഓരോ പുതപ്പിന്റേയും വില ഒരു ഊഖിയഃ ആയിരിക്കും. ഊഖിയഃയുടെ തൂക്കം 40 ദിർഹമായിരിക്കും.

2. ഒരു ഊഖിയായെക്കാൾ കൂടുതൽ വിലയുള്ള പുതപ്പാണെങ്കിൽ എണ്ണത്തിൽ കുറവു വരുത്തിയും കുറഞ്ഞ വിലയുടേതാണെങ്കിൽ പുതപ്പുകളുടെ എണ്ണം വർധിപ്പിച്ചും അതു പരിഹരിക്കേണ്ടതാണ്.

3. പുതപ്പുകളുടെ മൂല്യത്തിനു സമാനമായി ആയുധങ്ങൾ, കുതിരകൾ, അല്ലെങ്കിൽ മറ്റു സാധനസാമഗ്രികൾ എന്തെങ്കിലും നല്കാനാഗ്രഹിച്ചാൽ അതും സ്വീകരിക്കുന്നതായിരിക്കും.

ഈ നിബന്ധനകൾ പാലിച്ച് പ്രവർത്തിക്കാനും വിശ്വസ്തനായ ഒരു വ്യക്തിയുടെ ആവശ്യമുണ്ടായിരുന്നു. അത് നജ്റാൻകാർ ഉന്നയിക്കുകയും ചെയ്തു. അതായത് ഈ ഉടമ്പടി നടപ്പിൽ വരുത്താൻ തങ്ങളോടൊപ്പം വിശ്വസ്തനായ ഒരു വ്യക്തിയെ അയക്കാൻ അവർ പറഞ്ഞു. അതനുസരിച്ച് നബി(സ)തിരുമേനി **'സമുദായത്തിന്റെ വിശ്വസ്തൻ'** എന്ന ബഹുമതി നല്കി ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ ആ സംഘത്തോടൊപ്പം നജ്റാനിലേക്കയച്ചു. ഹദ്റത്ത് അബൂഉബയ്ദ(റ)യ്ക്ക് ഇവിടേയും അമാനത്തുകളോടുള്ള കടമ നല്ലവണ്ണം നിർവഹിക്കാൻ സൗഭാഗ്യം സിദ്ധിച്ചു.

**ആദ്യത്തെ ഖിലാഫത്ത് തിരഞ്ഞെടുപ്പ്**

ഹിജ്റ 10-ാം വർഷം ഹദ്റത്ത് അബൂഉബയ്ദഃ(റ) ഹജ്ജത്തുൽവിദായുടെ അവസരത്തിലും നബി(സ)തിരുമേനിയുടെ സഹയാത്രികനായിരുന്നു. തുടർന്ന് നബി(സ) തിരുമേനി ഇഹലോകവാസം വെടിഞ്ഞു. നബി(സ)തിരുമേനിയുടെ വിയോഗം മുസ്ലീംകളുടെ ജീവിതത്തിൽ കൊടുങ്കാറ്റു വിതച്ചു. സ്വന്തം യജമാനരുടെ വേദനാജനകമായ വേർപാടിന്റെ ആഘാതത്താൽ സ്വഹാബാക്കൾ അസ്വസ്ഥരും അനിയന്ത്രിതരും ദുഃഖഭാരം സഹിക്കവയ്യാതെ സ്വബോധം നഷ്ടപ്പെട്ടവരുമായിത്തീർന്നിരുന്നു. ബനുസാഇദ സൗധത്തിൽ അൻസ്വാറുകളുടെ ഒരു നേതാവ് നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അൻസ്വാറിൽനിന്നായിരിക്കണം അമീർ നിശ്ചയിക്കപ്പെടേണ്ടതെന്ന ആവശ്യം ഉന്നയിച്ചു. തദവസരത്തിൽ 'ഖിലാഫത്ത്' എന്ന അമാനത്ത് ആരെ ഏല്പിക്കണമെന്ന ചർച്ച നടക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത്

ഉമർ(റ), ഹദ്റത്ത് അബൂഉബയ്ദഃ(റ) എന്നിവർ അൻസ്വാറുകളെ കാര്യങ്ങൾ ധരിപ്പിച്ചു. ഓരോരുത്തരും അങ്ങേയറ്റം വിനയത്തോടും തികഞ്ഞ വണക്കത്തോടും തങ്ങളുടെ ആദരണീയനായ മുഹാജിർ സഹോദരന്റെ പേരു പറഞ്ഞ് സത്യസന്ധതയോടെ തങ്ങളുടെ ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സമർപ്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു, 'നോക്കൂ! നിങ്ങളിൽ ഉമർ ഉണ്ട്. അദ്ദേഹത്തെക്കൊണ്ടു അല്ലാഹു ദീനിനെ ആദരണീയമാക്കിയതാണ്. നിങ്ങളിൽ അബൂഉബയ്ദഃയുമുണ്ട്. അദ്ദേഹത്തിന് 'അമീനുൽഉമ്മത്ത്' (സമുദായത്തിന്റെ വിശ്വസ്തൻ) എന്ന ബഹുമതി നല്കപ്പെട്ടിരിക്കുന്നു. ഇവരിൽ നിങ്ങൾ ഇഷ്ടപ്പെടുന്നവരുടെ കൈയിൽ ബയ്അത്ത് ചെയ്ത് സംഘടിക്കുക.'

ഹദ്റത്ത് ഉമർ(റ) തന്റെ ഒഴികഴിവ് പറഞ്ഞ് മറ്റു രണ്ടു മഹാത്മാക്കളുടെ പേര് സ്മരിക്കുകയും ഹദ്റത്ത് അബൂബക്കർ(റ)ന്റെ സ്വാഭാവികമായ പശ്ചാത്തലം മനസ്സിലാക്കി ഹദ്റത്ത് അബൂഉബയ്ദഃയോട് 'അബൂഉബയ്ദഃ, താങ്കൾ ഈ സമുദായത്തിന്റെ വിശ്വസ്തനാണെന്ന് നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് ബയ്അത്തു വാങ്ങാൻ കൈനീട്ടൂ' എന്നുവരെ പറയുകയും ചെയ്തു. അതുകേട്ടപ്പോൾ ഹദ്റത്ത് അബൂഉബയ്ദഃ(റ)തന്റെ അഭിപ്രായാവകാശത്തിന്റെ അമാനത്ത് ഇങ്ങനെ പറഞ്ഞുകൊണ്ടു നിർവേറ്റി: "നബി(സ)തിരുമേനി തന്റെ അവസാന രോഗാവസ്ഥയിൽ ഇമാമാക്കുകയും ആ മഹാത്മാവിന്റെ മരണംവരെ നമുക്ക് ഇമാമത്തു വഹിക്കുകയും ചെയ്ത വ്യക്തിയെക്കാൾ മുൻഗണന എനിക്കുചിതമല്ല."

അതിനുശേഷം അൻസ്വാറുകളായ സ്വഹാബിമാർക്ക് മനോഹരമായ നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു: ''അൻസ്വാറുകളേ! നിങ്ങളാണ് അല്ലാഹുവിന്റെ ദൂതരെ ഒന്നാമതായി സഹായിച്ചവർ. ഇന്ന് അതിനെ മാറ്റുന്നതിൽ മുമ്പന്മാരാകാതിരിക്കുക."

അങ്ങനെ ഒന്നാമത്തെ ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ സുപ്രധാനവും നിർണായകവുമായ ഘട്ടത്തിലും 'അമീനുൽഉമ്മത്ത്' ഹദ്റത്ത് അബൂഉബയ്ദഃ(റ)തന്റെ ബഹുമതി നല്ലവണ്ണം കാക്കുകയും അമാനത്തിന്റെ കടമ നിറവേറ്റിക്കാണിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂഉബയ്ദഃ(റ)തന്റെ കർമപരമായ ജീവിതത്തിൽ സമ്പൂർണ വിശ്വസ്തനായിരുന്നു എന്ന് ഹദ്റത്ത് ഉമർ(റ)ന് ഉത്തമ വിശ്വാസമുണ്ടായിരുന്നു. അതദ്ദേഹം മരണത്തിനുമുമ്പേ തന്റെ ഹൃദയാഭിലാഷമെന്ന നിലയിൽ ഇങ്ങനെയാണ് വിവരിച്ചത്: "ഇന്ന് അബൂഉബയ്ദഃ ജീവിച്ചിരുന്നെങ്കിൽ എനിക്കുശേഷം ഞാൻ അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കുമായിരുന്നു. അതിനെക്കുറിച്ച് ആരോടെങ്കിലും അഭിപ്രായം ചോദിക്കേണ്ട ആവശ്യമുണ്ടാകുമായിരുന്നില്ല. അതിനെക്കുറിച്ച് ചോദിക്കപ്പെട്ടാൽ ഞാൻ മറുപടി പറയും, 'അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിശ്വസ്തനായ വ്യക്തിയെ എന്റെ പ്രതിനിധിയായി നിശ്ചയിച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നത്' എന്ന്."

**പ്രൗഢോജ്ജ്വലമായ വിജയങ്ങളും കീഴടക്കിയവരോടുള്ള പെരുമാറ്റവും**

ഒന്നാമത്തെ ഖലീഫ ഹദ്റത്ത് അബൂബക്കറും(റ) തന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യിൽ പൂർണവിശ്വാസം അർപ്പിച്ച് ശാം (സിറിയ)ദേശത്തിന്റെ നാലു ഭാഗങ്ങളിലും വിന്യസിച്ചിരുന്ന എല്ലാ സൈന്യത്തിന്റേയും നേതൃത്വം അദ്ദേഹത്തെ ഏല്പിച്ചിരുന്നു. നാലു സൈന്യങ്ങളുടേയും അമീർ അദ്ദേഹത്തിന്റെ കീഴിലായിരുന്നു. ഐക്യമുന്നണി സൈന്യം ബസ്റയും അജ്നാദീനും കീഴടക്കിയ ശേഷം ദിമശ്ഖ് (ദമസ്കസ്) ഉപരോധിച്ചിരുന്ന ഘട്ടത്തിലായിരുന്നു ഹദ്റത്ത് അബൂബക്കർ(റ)വഫാത്തായത്.

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് ആരംഭിക്കുന്നതുവരെ ഈ ഉപരോധം തുടർന്നു. ഒരു ദിവസം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) സമർഥമായ നിലയിൽ പദ്ധതി ആവിഷ്ക്കരിച്ച് പട്ടണത്തിന്റെ ഒരു ഭാഗത്തുനിന്ന് ചുറ്റുമതിൽ ചാടി അകത്തുകടക്കുകയും ആ ഭാഗത്തുള്ള കവാടം തുറക്കുകയും അദ്ദേഹത്തിന്റെ പട്ടാളം ഉള്ളിൽ പ്രവേശിക്കുകയും ചെയ്തു. പട്ടണത്തിന്റെ രണ്ടാമത്തെ ഭാഗത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)വാതിൽപൊളിച്ച് അകത്തുകടക്കുന്നതിൽ വിജയിച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ)നഗരം കീഴടക്കുന്നതു കണ്ടപ്പോൾ എതിരാളികൾ ഹദ്റത്ത് ഖാലിദിന് കിഴക്കുഭാഗത്തെ കവാടം തുറന്നു കൊടുക്കുകയും അദ്ദേഹവുമായി രേഖാമൂലം സന്ധി ഉണ്ടാക്കുകയും ചെയ്തു. യഥാർഥത്തിൽ അതവരുടെ വ്യക്തമായ ചതിയായിരുന്നു. കാരണം ഒന്നാമതായിപ്പറഞ്ഞാൽ, ഹദ്റത്ത് ഖാലിദ് അമീർ ആയിരുന്നില്ല. രണ്ടാമത്തേത് ഒരു ഭാഗത്തുനിന്ന് നഗരം കീഴടങ്ങാൻ പോകുന്ന അവസ്ഥയിൽ അതറിയാതെയാണ് മുഴുവൻ നഗരത്തിനുവേണ്ടി അദ്ദേഹം സന്ധി ചെയ്തത്. എന്തായാലും ചതിപ്രയോഗത്തിലൂടെചെയ്ത ഈ സന്ധിയ്ക്ക് ഒരു പ്രാബല്യവുമുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഖാലിദ്(റ) ക്രിസ്ത്യാനികൾക്കു നല്കിയ അഭയം പിൻവലിക്കുന്നത് ഹദ്റത്ത് അബൂഉബയ്ദഃ(റ)ഇഷ്ടപ്പെട്ടില്ല. അദ്ദേഹം മുസ്ലീംകളോടു പറഞ്ഞു: "ഖാലിദ് സൈന്യത്തിന്റെ അമീർ അല്ല എന്നതു ശരിതന്നെ. എങ്കിലും, ഏതെങ്കിലും മുസ്ലിമിൽ നിന്നുണ്ടായിട്ടുള്ള അഭയ വാഗ്ദാനം എല്ലാ മുസ്ലീംകളുടേയും വാഗ്ദാനമായി കണക്കാക്കപ്പെടുമെന്ന് നബി(സ)തിരുമേനി നിർദേശിച്ചിട്ടുണ്ട്."

അങ്ങനെദമസ്കസിന്റെ പകുതി ഭാഗം ജയിച്ചടക്കിയിട്ടും നഗരവാസികളെ തടവുകാരാക്കിയില്ല. യുദ്ധമുതൽ പിടിച്ചെടുത്തതുമില്ല. എന്നല്ല, സന്ധിനിർദേശങ്ങൾ പാലിച്ചുകൊണ്ടു നഗരവാസികൾക്ക് പൂർണമായും അഭയം നല്കി. *ഖാലിദ് വിജയകരമായ നിലയിൽ ബയ്ത്തുൽ*

*മുഖദ്ദസിൽ പ്രവേശിച്ചുവെന്നും അബൂഉബയ്ദയാണ് സന്ധി ചെയ്തത് എന്നുമുള്ള പരാമർശം ഒരു നിവേദനത്തിൽ വന്നിട്ടുള്ളത് ശരിയല്ല.*

ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദിനു പകരം ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചപ്പോൾ അനുസരണത്തിന്റെ ഉദാത്തമായ മാതൃക കാണിച്ചുകൊണ്ട് ഹദ്റത്ത് ഖാലിദ് (റ)ഇങ്ങനെ വിളംബരം ചെയ്തു: 'മുസ്ലീംകളേ! ഈ സമുദായത്തിന്റെ വിശ്വസ്തനാണ് നിങ്ങൾ ക്കു അമീറായി നിയമിക്കപ്പെട്ടിരിക്കുന്നത്.' ഇതു കേട്ടപ്പോൾ ഹദ്റത്ത് അബൂഉബയ്ദഃ(റ)പറഞ്ഞു: 'ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്ന് നബി(സ)തിരുമേനി പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.'

**ആദർശവാദിയായ നേതാവ്**

ഫഹ്ൽ യുദ്ധസ്ഥലത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സന്നിധിയിൽ റോമൻ അംബാസഡർ വന്നു. ഇസ്ലാമിക ജേർണലിന്റെ ലാളിത്യം കണ്ട് റോമൻ അംബാസഡർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. പിന്നീടു കൂടിക്കാഴ്ച നടത്തിയപ്പോൾ അദ്ദേഹത്തിന്റെ ലാളിത്യത്തിലുംപ്രഭാവത്തിലും സ്വാധീനശക്തിയിലും ആകർഷിതനായി. ഈ സന്ദർഭത്തിൽ ആ അംബാസഡർ, 'നിങ്ങൾ ഇവിടെനിന്ന് മടങ്ങിപ്പോയാൽ നിങ്ങളുടെ ഓരോ സൈനികനും ഈരണ്ട് അശ്റഫി താൻ നല്കുന്നതാണ്' എന്ന നിർദേശം മുന്നോട്ടുവച്ചു. ഹദ്റത്ത് അബൂഉബയ്ദഃ (റ)യെപ്പോലുള്ള ധൈര്യവാനും വിശ്വസ്തനുമായ വ്യക്തിയ്ക്ക് ആദർശങ്ങൾ വിറ്റുള്ള കച്ചവടം നടത്താൻ എങ്ങനെയാണ് കഴിയുക? തൊട്ടടുത്ത ദിവസം യുദ്ധമൈതാനിയിൽ ഇരുസൈന്യങ്ങളും തമ്മിൽ പൊരിഞ്ഞ പോരാട്ടം നടന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) സൈന്യത്തിന്റെ ഹൃദയമിടിപ്പായിനിന്ന് അതീവ ബുദ്ധികൂർമതയോടും ധൈര്യത്തോടും മുസ്ലീംകളെ നയിച്ചുകൊണ്ടു വമ്പിച്ച റോമാസൈന്യത്തെ കീഴടക്കി.

ഹുമസ് വിജയത്തിനുശേഷം ലാദ്ഖിയഃയുടെ കോട്ടകെട്ടിയ പട്ടണവും ഹദ്റത്ത് അബൂഉബയ്ദഃ(റ) സമർഥമായി കീഴടക്കി. എങ്ങനെയെന്നാൽ, രഹസ്യമായി ചില കിടങ്ങുകൾ കുഴിപ്പിച്ച് തന്റെ സൈന്യത്തിന്റെ ഒരുഭാഗം അവിടെ വിട്ടു. പുറപ്പെട്ടുപോകാൻ ബാക്കി സൈന്യത്തിന് നിർദേശം കൊടുത്തു. സൈന്യം താവളം വിട്ടു കഴിഞ്ഞിരിക്കുന്നുവെന്ന് ധരിച്ച ഉപരോധക്കാർ പട്ടണത്തിന്റെ അഭയകവാടം തുറന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സൈന്യം കിടങ്ങുകളിൽനിന്ന് പുറത്തുചാടി പട്ടണത്തിൽ പ്രവേശിച്ചു.

**ഇസ്ലാമിക നീതിയുടെ ഗംഭീര മാതൃക**

തുടർച്ചയായുള്ള ഈ പരാജയങ്ങൾക്കുശേഷം റോമൻ രാജാവ് രാജ്യമൊട്ടുക്കുമുള്ള സൈന്യങ്ങളെ 'യർമൂക്ക്' എന്ന സ്ഥലത്ത് ഒരുമിച്ചുകൂട്ടി. ഹദ്റത്ത് അബൂഉബയ്ദഃ (റ) അവരെ നേരിടാൻ ജേർണൽമാരുമായി കൂടിയാലോചന നടത്തി. അതിൽ പിടിച്ചടക്കിയ പ്രദേശത്തുള്ള സകല സൈന്യങ്ങളേയും സംഘടിപ്പിച്ച് പോരാടാൻ തീരുമാനമായി. എന്നാൽ, ആ പരിതഃസ്ഥിതിയിൽ മുസ്ലിം സ്ത്രീകളേയും കുട്ടികളേയും ക്രൈസ്തവ വാസികളുടെ ദയാവായ്പിൽ വിടുക എന്നത് അപകടമുക്തമായിരുന്നില്ല. മറുഭാഗത്ത് പിടിച്ചടക്കിയ പ്രദേശങ്ങളിലെ ജനങ്ങളിൽനിന്ന് സംരക്ഷണ വാഗ്ദാനം നല്കി കപ്പവും നികുതിയും വാങ്ങുകയും ചെയ്തിരുന്നു. ആ ദുർഘടസന്ധിയിൽ സമുദായത്തിന്റെ വിശ്വസ്തൻ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ഐതിഹാസികമായ തീരുമാനം, അദ്ദേഹത്തിന്റെ അമാനത്തു നിർവഹണത്തിന്റെ പ്രൗഢി നല്ലവണ്ണം പ്രകടമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: 'കീഴടക്കിയ പ്രദേശങ്ങളിൽനിന്നുള്ള സൈന്യങ്ങൾ ദമസ്കസിൽ സംഘടിക്കുക. ഈ നേരത്ത് ഞങ്ങൾക്കു നിങ്ങളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ നിർവാഹമില്ല, അതുകൊണ്ടു നിങ്ങളുടെ സൂക്ഷിപ്പു മുതലുകൾ മടക്കി വാങ്ങിക്കൊള്ളുക' എന്നു പറഞ്ഞ് അവിടത്തെ നിവാസികളിൽനിന്ന് പിരിച്ചെടുത്ത കപ്പവും നികുതിയും അവർക്കു തിരിച്ചുകൊടുക്കുക.'

അങ്ങനെ ഹുമുസിലെ ക്രിസ്ത്യാനികൾക്കും പിടിച്ചടക്കിയ മറ്റു പ്രദേശങ്ങളിലെ ആളുകൾക്കും ലക്ഷക്കണക്കിന് തുക മടക്കി നല്കി. ഈ അതുല്യമായ നീതിയും ന്യായവും അമാനത്തു തിരിച്ചുകൊടുക്കലും അവരെ വല്ലാതെ സ്വാധീനിച്ചു. അവർ പറഞ്ഞു, 'നിങ്ങളുടെ നീതിപൂർവമായ ഭരണം മുമ്പേനിലനിന്നുവന്ന അക്രമപരമായ ഭരണത്തെക്കാൾ ഞങ്ങൾക്കു ഉത്തമമാണ്.' മുസ്ലീംകൾ അവിടെനിന്ന് പുറപ്പെടാൻ ഒരുങ്ങുമ്പോൾ തദ്ദേശവാസികളായ ക്രിസ്ത്യാനികൾ കരഞ്ഞുകൊണ്ടാണ് അവരെ യാത്രയാക്കിയത്. ഹൃദയാവേശത്താൽ അവർ പ്രാർഥിച്ചു, ' അല്ലാഹു നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരുമാറാകട്ടെ.' യഹൂദികൾ പറഞ്ഞതിങ്ങനെയാണ്, 'തൗറാത്താണ! നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം ഖയ്സറിന് ഹുമസിനെ കീഴടക്കാൻ സാധ്യമല്ല.' അങ്ങനെ അവർ നഗരത്തിന്റെ അഭയകവാടങ്ങൾ അടച്ചു. ഓരോയിടത്തും കാവൽക്കാരെ നിറുത്തി.

**യുദ്ധരംഗത്തും പ്രബോധനം**

യർമൂക്ക് യുദ്ധത്തിനുമുമ്പേ ഇരു കക്ഷികളിൽ ദൗത്യമാറ്റമുണ്ടായപ്പോൾ റോമൻ സന്ദേശവാഹകനായ ജോർജ് ഇസ്ലാമിക സൈന്യതാവളത്തിൽ വന്ന് അവർ ജമാഅത്തായി നമസ്കരിക്കുന്നതു കണ്ട് അതിൽ പ്രഭാവിതനായി. പിന്നീടു ഹദ്റത്ത് അബൂഉബയ്ദഃ (റ)ഇസ്ലാമിന്റെ സന്ദേശം അദ്ദേഹത്തിനെത്തിക്കുകയും ഹദ്റത്ത് ഈസാ(അ)യെ കുറിച്ച് 'അദ്ദേഹം അല്ലാഹുവിന്റെ ദൂതനും അല്ലാഹുവിന്റെ വചനവുമാണ്' എന്ന അന്നിസാഅ് അധ്യായത്തിലെ വചനങ്ങൾ അദ്ദേഹത്തെ കേൾപ്പിക്കുകയും ചെയ്തപ്പോൾ സത്യത്തിനും നേരിനും സാക്ഷ്യം പറഞ്ഞുകൊണ്ട് അദ്ദേഹം ഇസ്ലാം സ്വീകരിച്ചുവെന്നു മാത്രമല്ല തിരിച്ചു

പോകാൻ വിസമ്മതിക്കുകയും ചെയ്തു. എന്നാൽ, 'സമുദായത്തിന്റെ വിശ്വസ്തൻ' ഹദ്റത്ത് അബൂഉബയ്ദഃ(റ) ഇസ്ലാമിന്റെ അംബാസഡറായ ഹദ്റത്ത് ഖാലിദിനോടൊപ്പം തിരിച്ചു പോകാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അങ്ങനെ മാധ്യസ്ഥനോടു വിശ്വസ്തത പുലർത്തുന്ന കാര്യത്തിലും പോറലേൽക്കാൻ അനുവദിച്ചില്ല. ഈ മാധ്യസ്ഥ പ്രവർത്തനങ്ങൾ പരാജയപ്പെട്ടതിനുശേഷം ഹദ്റത്ത് അബൂഉബയ്ദഃ(റ)ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും വലിയ യുദ്ധത്തിന് നേതൃത്വം വഹിച്ചു. ഇതിൽ 30,000 മുസ്ലീംകൾ ലക്ഷക്കണക്കിനു വരുന്ന റോമൻ പട്ടാളത്തെ പരാജയപ്പെടുത്തുകയും 3000 മുസ്ലീംകൾക്കെതിരിൽ 7000 റോമക്കാർ മരിക്കുകയും ചെയ്തു.

**ബയ്ത്തുൽ മുഖദ്ദസിന്റെ ഐതിഹാസിക വിജയം**

ബയ്ത്തുൽമുഖദ്ദസിന്റെ ചരിത്രപരമായ വിജയത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)സുപ്രധാനമായ പങ്കാണ് വഹിച്ചത്. ഹദ്റത്ത് അംറ് ബിൻ ആസ്(റ)ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ച ഘട്ടത്തിൽ, മുസ് ലീംകളുടെ ഖലീഫ ഹദ്റത്ത് ഉമർ(റ) നേരിട്ട് വന്ന് ഈ വിശുദ്ധ നഗരവുമായി സമാധാനസന്ധി ചെയ്യണമെന്ന നിബന്ധന ക്രിസ്ത്യാനികൾ മുന്നോട്ടുവച്ചു. അങ്ങനെ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ അപേക്ഷ മാനിച്ച് ഹദ്റത്ത് ഉമർ(റ)നേരിട്ട് വന്ന് ഉടമ്പടി ചെയ്തു. ഹിജ്റ 14-ാം വർഷം ഹദ്ത്ത് ഉമർ (റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സ്ഥാനത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ ദമസ്കസിന്റെ ഭരണാധികാരിയായി നിയമിച്ചു. അതിനുശേഷം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ സിറിയദേശത്ത് അദ്ദേഹം മുഖേന ഒരുപാട് പരിഷ്ക്കരണങ്ങൾ നിലവിൽ വന്നു. ഇതിനു പുറമെ ഹദ്റത്ത് അബൂഉബയ്ദഃ(റ) മഹത്തായ പ്രബോധകന്റെ പങ്കുവഹിച്ചുകൊണ്ട് ഒരുഭാഗത്ത് ക്രൈസ്തവരായ അറബ് ഗോത്രങ്ങൾവരെ ഇസ്ലാമിന്റെ സന്ദേശമെത്തിക്കാനുള്ള ഏർപാടു ചെയ്യുകയും അദ്ദേഹത്തിന്റെ പരിശ്രമഫലമായി അവർ മുസ്ലീംകളാകുകയും ചെയ്തു. മറുഭാഗത്ത് സിറിയയിലേയും റോമിലേയും ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ ധാർമികതയിലും പെരുമാറ്റത്തിലും നീതിന്യായത്തിലും ആകർഷിതരായി ഇസ്ലാം സ്വീകരിച്ചു.

**അംവാസിൽ പ്ലേഗ്**

ഹിജ്റ 18-ാം വർഷം ഹദ്റത്ത് അബൂഉബയ്ദഃ(റ) അംവാസ് എന്ന സ്ഥലത്ത് തമ്പടിച്ചിരിക്കുന്ന ഘട്ടത്തിൽ സിറിയയിൽ നാശകരമായ പ്ലേഗ് പൊട്ടിപുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ)സിറിയയിൽ പര്യടനത്തിനായി പുറപ്പെട്ട സന്ദർഭമായിരുന്നു അത്. സർഗ് എന്ന സ്ഥലത്തുവച്ച് ഹദ്റത്ത് അബൂഉബയ്ദഃ(റ)ഹദ്റത്ത് ഉമർ(റ)നെ സ്വീകരിച്ചു. പ്ലേഗ് വ്യാപകമായി പടർന്നു പിടിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിഞ്ഞത് അവിടെവന്നപ്പോഴായിരുന്നു. സ്വഹാബാക്കൾ ഹദ്റത്ത് ഉമറിനോട്, അവിടെനിന്ന് മടങ്ങിപ്പോകാനും പ്ലേഗ് പടർന്നു പിടിച്ചിരിക്കുന്ന പ്രദേശത്ത് പ്രവേശിക്കാതിരിക്കാനും പറഞ്ഞു. പ്രവേശിച്ചാൽ പ്ലേഗ് പിടിക്കുമെന്നുള്ള ആശങ്കയും അവർ പ്രകടിപ്പിച്ചു. ഹദ്റത്ത് ഉമർ(റ)തന്നെയും അല്ലാഹുവിന്റെ തൃപ്തി ഇഷ്ടപ്പെടുന്ന വിഷയത്തിൽ ഉന്നതസ്ഥാനത്തുള്ള വ്യക്തിയായിരുന്നു. അദ്ദേഹം സ്വഹാബാക്കളുടെ അഭിപ്രായം മുൻകരുതലെന്നോണം മടികൂടാതെ സ്വീകരിക്കുകയും മദീനയിലേക്ക് മടങ്ങുകയും ചെയ്തു. പക്ഷേ, സിറിയയുടെ അതിർത്തിയിലെത്തിയപ്പോൾ, ''പ്ലേഗു പടർന്നുപിടിച്ചതുകൊണ്ട് അവർ നിർബന്ധിച്ച് മടക്കി അയച്ചതാണെന്നും സത്യത്തിൽ അവിടെനിന്നുള്ള മടക്കം മരണത്തിന്റെ വായിൽനിന്ന് തന്നെ രക്ഷിക്കുകയില്ലെന്നും അവിടെ പോകുക എന്നത് മരണത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിനു മുമ്പേ തന്നെ മരിപ്പിക്കുകയില്ലെന്ന് തനിക്ക് നല്ലവണ്ണം അറിയാമെന്നും മദീനയിലെ ചില നിർബന്ധകാര്യങ്ങൾ ചെയ്തതിനുശേഷം തനിക്ക് അവസരം കിട്ടിയാൽ ഉടനെ സിറിയയിലേക്ക് പോകുമെന്നും ഹദ്റത്ത് ഉമർ(റ) തുറന്നു പറഞ്ഞുകൊണ്ടിരുന്നു.

**ദൈവവിധി പ്രശ്നം**

സർഗിൽവച്ച് അൻസ്വാറുകളും മുഹാജിറുകളും ഹദ്റത്ത് ഉമറു(റ)മായി കൂടിയാലോചന നടത്തുമ്പോൾ, ഹദ്റത്ത് ഉമർ പകർച്ചവ്യാധിയുള്ള പ്രദേശങ്ങളിൽ പോകാൻപാടില്ല എന്ന തീരുമാനമുണ്ടായി. സ്വഹാബാക്കളുടെ ഒരു സംഘം അതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. അവരിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യും ഉണ്ടായിരുന്നു. (അദ്ദേഹത്തോടു പകർച്ചവ്യാധിയുള്ള സ്ഥലം വിട്ട് തന്നോടൊപ്പം മദീനയിലേക്ക് പോരാൻ ഹദ്റത്ത് ഉമർ(റ)പറഞ്ഞതാണ്. പക്ഷേ, അദ്ദേഹം ഇസ്ലാമിക സൈന്യത്തോടൊപ്പം താമസിക്കുന്നതിന് മുൻഗണന നല്കുകയാണ് ചെയ്തത്). ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ഉറച്ച അഭിപ്രായം ഹദ്റത്ത് ഉമർ(റ)പര്യടനം പൂർത്തിയാക്കാതെ മടങ്ങിപ്പോകാൻ പാടില്ല എന്നായിരുന്നു. അദ്ദേഹം പറഞ്ഞു, 'മരണത്തിൽനിന്ന് രക്ഷപ്പെടാൻ നമ്മൾ വിധിയിൽ നിന്നോടണമോ?' വിധിയെ സംബന്ധിച്ച് സൂക്ഷ്മദൃഷ്ടിയുള്ള ആളായിരുന്നു ഹദ്റത്ത് ഉമർ(റ). അദ്ദേഹം പറഞ്ഞു, 'അബൂഉബയ്ദാ! താങ്കളിൽനിന്ന് ഞാനിത് പ്രതീക്ഷിച്ചിരുന്നില്ല. (അതായത് മരണത്തിൽനിന്ന് രക്ഷപ്പെടാൻവേണ്ടിയാണ് ഞാനിതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് താങ്കൾ കരുതുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.) പിന്നീടു ദൈവവിധിയെക്കുറിച്ച് അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു, 'നമ്മൾ അല്ലാഹുവിന്റെ ഒരു വിധിയിൽനിന്ന് മറ്റൊരു വിധിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.' മനോഹരമായ ഒരു ഉദാഹരണത്താൽ അത് ഇങ്ങനെ വ്യക്തമാക്കി: 'അബൂഉബയ്ദാ! താങ്കൾക്കു രണ്ടു താഴ്വരകളിൽ ഒട്ടകത്തെ മേയ്ക്കാൻ അനുവാദമുണ്ട്. അതിലൊന്ന് പച്ചപ്പുള്ളതും സസ്യശ്യാമളവുമാണ്.

രണ്ടാമത്തേത് ഊഷരനിലമാണ്. താങ്കൾ പച്ചപ്പുള്ള താഴ്‌വരയിൽ മൃഗങ്ങളെ മേയ്ക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ വിധിയിൽപ്പെടുകയില്ലേ?' അതിനുശേഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)-അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല-വന്ന് നബി(സ)തിരുമേനിയുടെ ഒരു നിവേദനം കേൾപ്പിച്ച് ആ വിഷയം കൂടുതൽ വ്യക്തമാക്കി. അദ്ദേഹം പറഞ്ഞു, 'ഞാൻ നബി(സ)തിരുമേനിയിൽനിന്ന് കേട്ടിട്ടുണ്ട്. ആ മഹാത്മാവ് പറഞ്ഞു, ഏതെങ്കിലും പ്രദേശത്ത് പകർച്ച വ്യാധിയുള്ളതായി നിങ്ങൾ അറിഞ്ഞാൽ ആ മണ്ണിൽ നിങ്ങൾ പ്രവേശിക്കരുത്. നിങ്ങൾ ആദ്യമേ തന്നെ അവിടെ പാർത്തുവരുന്നവരാണെങ്കിൽ അവിടെ നിന്ന് ഓടിപ്പോകുകയുമരുത്.' ഇതുകേട്ടപ്പോൾ ഹദ്റത്ത് ഉമർ(റ) മടങ്ങിപ്പോകാനുള്ള ഉചിതമായ തീരുമാനം എടുക്കാൻ കഴിഞ്ഞതിൽ അല്ലാഹുവിനെ സ്തുതിക്കുകയും മടക്കയാത്ര ആരംഭിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂഉബയ്ദഃ(റ), ഹദ്റത്ത് അബ്ദുർറഹ് മാൻ ബിൻ ഔഫിൽ നിന്നുള്ള ഈ നിവേദനം കേട്ട് പകർച്ചവ്യാധി പടർന്നിരുന്ന ആ പ്രദേശം വിട്ട് പോകാൻ പാടില്ല എന്ന തീരുമാനത്തിൽ ഉറച്ചു നിന്നതായിട്ടാണ് മനസ്സിലാകുന്നത്. മദീനയിൽ മടങ്ങിയെത്തിയ ഹദ്റത്ത് ഉമർ (റ) ഒരു കത്തുമുഖേന എന്തോ കാര്യം അറിയിച്ചുകൊണ്ട് അദ്ദേഹത്തെ മദീനയിലേക്ക് വിളിച്ചു. തന്നെ പ്ലേഗിൽനിന്ന് രക്ഷിക്കാനാണ് മദീനയിലേക്ക് വിളിക്കുന്നതെന്ന് മനസ്സിലാക്കി അദ്ദേഹം പറഞ്ഞു: 'ഇസ്‌ലാമിക സൈന്യത്തെ ഉപേക്ഷിച്ചു വരാൻ ഞാനിഷ്ടപ്പെടുന്നില്ല.' അദ്ദേഹത്തോട് സൈന്യത്തെ ഏതെങ്കിലും തുറന്ന സ്ഥലത്ത് മാറ്റി പാർപ്പിക്കാൻ ഹദ്റത്ത് ഉമർ(റ) നിർദേശിച്ചു. അദ്ദേഹം അതു പാലിച്ചുകൊണ്ട് ജാബിയ്യഃയിലേക്ക് സൈന്യത്തെ മാറ്റി.

**രോഗവും ദേഹവിയോഗവും**

ജാബിയ്യഃയിൽ അല്ലാഹുവിന്റെ വിധി വെളിപ്പെട്ടു. അത് ഹദ്റത്ത് അബൂഉബയ്ദഃ(റ) പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. (അദ്ദേഹം മദീനയിൽ പോകാതിരുന്നതും ഈ ദൈവവിധിയുടെ എന്തെങ്കിലും സൂചന ലഭിച്ചതുകൊണ്ടാകാം). ഹദ്റത്ത് അബൂഉബയ്ദഃ(റ) രോഗിയായപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)നെ തന്റെ പ്രതിനിധിയായി അദ്ദേഹം നിശ്ചയിച്ചു. മുസ്‌ലീംകളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'ജനങ്ങളേ! പ്ലേഗിന്റെ പകർച്ച, യഥാർഥത്തിൽ നിങ്ങളുടെ രക്ഷിതാവിന്റെ കരുണയും നിങ്ങളുടെ നബിയുടെ ക്ഷണവുമാണ്.' ഒരുപാട് പുണ്യാത്മാക്കൾ അതിൽ മരിച്ചിരുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യും ആ വീരമൃത്യുവിൽ -ശഹാദത്തിൽ- തന്നെയും ഭാഗഭാക്കാക്കേണമേ എന്നാണ് തന്റെ രക്ഷിതാവിനോടു പ്രാർഥിച്ചിരുന്നത്. അങ്ങനെ അദ്ദേഹം അതിൽ വഫാത്താകുകയും ചെയ്തു.

രണാങ്കണത്തിൽ പോരാടി വീരമൃത്യുവരിക്കണമെന്ന ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സത്യസന്ധമായ ആഗ്രഹം അദ്ദേഹത്തിന്റെ 58-ാം വയസ്സിൽ ഇപ്രകാരം അല്ലാഹു പൂർത്തിയാക്കി.

അദ്ദേഹത്തിന്റെ വസ്വിയ്യത്തനുസരിച്ച് ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)ജനാസ നമസ്കരിപ്പിച്ചു. ആ സന്ദർഭത്തിൽ സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഇന്ന് നിങ്ങളിൽനിന്ന് എങ്ങനെയുള്ള വ്യക്തിയാണ് വിടപറഞ്ഞതെന്നാൽ, അല്ലാഹുവാണ്! ഇദ്ദേഹത്തെക്കാളധികം നിഷ്കളങ്കനും പരിശുദ്ധനും ഇനിയൊന്നും സാധിക്കാൻ ആഗ്രഹമില്ലാത്തവനും ലജ്ജാശീലനും ജനങ്ങളുടെ ഗുണകാംക്ഷിയുമായ ഒരു വ്യക്തിയേയും ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് എഴുന്നേല്ക്കുക അദ്ദേഹത്തിന് കാരുണ്യത്തിനായി പ്രാർഥിക്കുക.'

യഥാർഥത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ജീവിതം ലാളിത്യത്തിന്റേയും വിനയത്തിന്റേയും വണക്കത്തിന്റേയും വിശ്വസ്തതയുടേയും സത്യസന്ധതയുടേയും പ്രജാപരിപാലനത്തിന്റേയും മനോഹരമായ മാതൃകയായിരുന്നു.

**ലാളിത്യം**

അദ്ദേഹത്തിന്റെ ലാളിത്യത്തിന്റേയും ഭൗതികതയോടുള്ള വിരക്തിയുടേയും ഒരു നേർകാഴ്ച ഹദ്റത്ത് ഉമർ(റ)സിറിയയിൽ പോയപ്പോൾ കാണുകയുണ്ടായി. ഇസ്‌ലാമിക സൈന്യത്തിന്റെ ഉന്നതാധികാരി ഹദ്റത്ത് അബൂഉബയ്ദഃ(റ) സാധാരണ വേഷത്തിൽ ഒട്ടകപ്പുറത്ത് യാത്രചെയ്ത് ഹദ്റത്ത് ഉമർ(റ)നെ സ്വീകരിക്കാൻ പുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ) സിറിയൻകോട്ടുകളിൽ വിഭൂഷിതരായി വന്ന മറ്റു മുസ്‌ലിം ജേർണൽമാരെ കണ്ടപ്പോൾ (അവർ കാലത്തിന്റെ ഖലീഫയെ വരവേല്ക്കാനും ആദരിക്കാനും അണിഞ്ഞൊരുങ്ങി വന്നതായിരുന്നു) ഇവർ സമ്പന്നരെപ്പോലെ ആഢംബരജീവിതവും അനറബികളുടെ ശീലങ്ങളും അമിതവ്യയത്തിന്റെ സ്വഭാവങ്ങളും സ്വീകരിച്ചേക്കുമോ എന്ന ആശങ്കയാൽ അവരെ ഉപദേശിച്ചു. എന്നാൽ, അദ്ദേഹം ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ വീട്ടിൽ താമസിച്ചപ്പോൾ കാര്യങ്ങൾ തികച്ചും വിഭിന്നമായിരുന്നു. ഒരു വാളും പരിചയും ഒട്ടകത്തിന്റെ ജീനിയുമല്ലാതെ മറ്റൊന്നും അവിടെ കണ്ടില്ല. ഹദ്റത്ത് ഉമർ(റ) ചോദിച്ചു: 'അബൂഉബയ്ദാ! കുറച്ചു വീട്ടു സാധനങ്ങളെങ്കിലും വാങ്ങി വെക്കാമായിരുന്നില്ലേ?' ഹദ്റത്ത് അബൂഉബയ്ദഃ(റ)പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ! നമുക്കിതു മതിയായതാണ്.'

**യോദ്ധാക്കളോടുള്ള പെരുമാറ്റം**

അദ്ദേഹം തനിക്കായി എന്തെങ്കിലും ചെലവഴിക്കുന്നതിനു പകരം തന്റെ യോദ്ധാക്കളേയും പട്ടാളക്കാരേയുമാണ് അധികവും ശ്രദ്ധിച്ചിരുന്നത്. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) 400 ദീനാറും 4000 ദിർഹമും സമ്മാനമായി അദ്ദേഹത്തിന് അയച്ചുകൊടുത്തു. അദ്ദേഹം അതെല്ലാം തന്റെ സൈന്യത്തിൽ വിതരണം ചെയ്തു. എന്തെങ്കിലും തനിക്കായി എടുത്തുവയ്ക്കാനിഷ്ടപ്പെട്ടില്ല. ഹദ്റത്ത് ഉമർ(റ) ഇക്കാര്യം അറിഞ്ഞപ്പോൾ

നിയന്ത്രണം വിട്ട് പറഞ്ഞുപോയി, 'അൽഹംദുലില്ലാഹ്! അബൂഉബയ്ദഃയെപ്പോലുളളവർ ഇപ്പോൾ മുസ്‌ലീംകളിലുണ്ട്.'

**നിസ്വാർഥത**

ഈ ആത്മപരിത്യാഗവും നിസ്വാർഥതയും ഉണ്ടായിട്ടും ദൈവഭയത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നുവച്ചാൽ, അവസാനം രോഗിയായി കിടക്കുമ്പോൾ ഒരു സ്വഹാബി അദ്ദേഹത്തെ കാണാൻ വന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ)കരയുന്നത് അദ്ദേഹം കണ്ടു. എന്തിനാണ് കരയുന്നതെന്ന് അദ്ദേഹം ചോദിച്ചു. ഇങ്ങനെയായിരുന്നു മറുപടി: ''മുസ്‌ലീംകൾ കൈവരിക്കാൻ പോകുന്ന വിജയങ്ങളെ സ്മരിച്ചുകൊണ്ടു നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞു, 'അബൂഉബയ്ദാ! താങ്കൾക്ക് ദീർഘായുസ്സ് ലഭിക്കുകയും വിജയങ്ങളുടെ സമ്പത്ത് കൈവരികയും ചെയ്താൽ മൂന്നു സേവകനും മൂന്നു യാത്രാവാഹനവും താങ്കൾക്കു മതിയായതാണ്.' ഇപ്പോൾ നിങ്ങളെക്കാൾ കൂടുതൽ അടിമകളും യാത്രാവാഹനങ്ങളും ഉളളതായി ഞാൻ കാണുന്നു. ഏതു മുഖത്തോടുകൂടിയാണ് എന്റെ യജമാനരെ കാണുക എന്ന് ഞാൻ ചിന്തിച്ചുപോകുന്നു. 'നിങ്ങളിൽ തന്നോടു അടുത്തവനും തന്റെ സ്നേഹിതനും താൻ ഏതവസ്ഥയിലാണോ നിങ്ങളെ വിട്ടുപോകുന്നത് ആ അവസ്ഥയിൽ തന്നെവന്നു കാണുന്നവനാണെന്ന് നബി(സ)തിരുമേനി ഞങ്ങളോടു വസ്വിയ്യത്ത് ചെയ്തിരുന്നു.'

ഹദ്റത്ത് ഥാബിത്(റ)ബനാനീ പറയുന്നു: 'ഹദ്റത്ത് അബൂഉബയ്ദഃ(റ)സിറിയൻ പട്ടാളക്കാരുടെ കമാൻഡർ ഇൻ ചീഫ് ആയിരുന്നു. ഒരു ദിവസം പട്ടാളക്കാരെ സംബോധന ചെയ്തു പറഞ്ഞു, 'നിങ്ങളാരും നിങ്ങളെക്കാൾ എനിക്കു തഖ്‌വയിൽ ശ്രേഷ്ഠത നല്കരുത്. സമാധാനത്തോടെ കഴിയണമെന്നു മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്.'

ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ബുദ്ധി സാമർഥ്യവും നിസ്വാർഥസേവനവും സമൂഹത്തിന്റെ നേട്ടങ്ങൾ മുന്നിൽവച്ചുളള പ്രവർത്തനവും ചരിത്രത്തിൽ തങ്ക ലിപികളാൽ എഴുതപ്പെടുന്നതാണ്. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മരണവാർത്ത അറിയിച്ചുകൊണ്ടുളള ഹദ്റത്ത് ഉമർ(റ)ന്റെ കത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് ലഭിച്ചു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദിനെ സ്ഥാനഭ്രഷ്ടനാക്കി ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ സൈന്യത്തിന്റെ അമീറായി നിയമിച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ)ജനതയുടെ വമ്പിച്ച നേട്ടങ്ങൾ മുന്നിൽ കണ്ട് ദമസ്കസുകാരുമായി ഹദ്റത്ത് ഖാലിദ്(റ)ഐക്യപ്പെടുകയും ഐക്യസന്ധിയിൽ അദ്ദേഹം ഒപ്പുവയ്ക്കുകയും ചെയ്യുന്നതുവരെ അദ്ദേഹത്തെ നിയമന വിവരം അറിയിച്ചില്ല. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) പിന്നീടു വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തോടു പരാതി പറയുകയുണ്ടായി. എന്നാൽ, ഹദ്റത്ത് അബൂഉബയ്ദഃ(റ)ഒഴികഴിവ് പറഞ്ഞ് മാറുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് അദ്ദേഹത്തെ സമാധാനപ്പെടുത്തുകയുമാണ് ചെയ്തത്. ഇസ്‌ലാമിക ജേർണൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ആ അവസരത്തിൽ ഖിലാഫത്തിനോടുളള അനുസരണത്തിന്റെ ഗംഭീരമാതൃക കാണിച്ചുകൊണ്ടു പറഞ്ഞു: 'ജനങ്ങളേ! നിങ്ങൾക്ക് അമീറായി ഈ സമുദായത്തിന്റെ വിശ്വസ്തൻ നിയമിതനായിരിക്കുന്നു.' ഹദ്റത്ത് അബൂഉബയ്ദഃ(റ) മറുപടിയായി പറഞ്ഞു, 'ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്നും ഗോത്രത്തിലെ ശ്രേഷ്ഠനായ യുവാവാണെന്നും നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.'

**സഹിഷ്ണുത**

ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സൽപെരുമാറ്റം സ്വന്തക്കാരോട് മാത്രമായിരുന്നില്ല. അന്യരോടും അപരിചിതരോടും സഹിഷ്ണുത കാണിക്കുകയും അവർക്ക് ഉപകാരിയാവുകയും ചെയ്തിരുന്നു. സിറിയയിലെ ക്രൈസ്തവ പ്രജകൾക്കു അദ്ദേഹം പൂർണസ്വാതന്ത്ര്യം നല്കി. കീഴടക്കിയ പ്രദേശങ്ങളിൽ ഇസ്‌ലാമിക വിജയങ്ങൾക്കുശേഷം ക്രിസ്ത്യാനികളുടെമേൽ ശംഖ്മുഴക്കുന്നതിനും കുരിശു വെക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ)അതിൽ ഇളവു വരുത്തുകയും സ്വാതന്ത്ര്യം നല്കുകയും ചെയ്തു. അത് വളരെ നല്ല പ്രതികരണമാണ് ക്രിസ്ത്യാനികളിലുണ്ടാക്കിയത്. ചുരുക്കംപറഞ്ഞാൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് അല്ലാഹുവിന്റെ ദൂതർ(സ) നല്കിയ 'സമുദായത്തിന്റെ വിശ്വസ്തൻ' എന്ന ബഹുമതി അദ്ദേഹം നല്ലവണ്ണം കാത്തുസൂക്ഷിച്ചു. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ അമാനത്ത് നിർവഹണത്തിന്റെ മനോഹരമായ ചിത്രമെഴുത്ത് പുസ്തകവും ഏറ്റവും നല്ല ചിത്രവുമായിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ കുറിച്ച് തിരുദൂതരുടെ സഖാക്കളിൽ വ്യതിരിക്തമായ സ്ഥാനം വഹിക്കുന്ന വ്യക്തിയാണെന്ന് പറഞ്ഞത്.

ഒരിക്കൽ ഹദ്റത്ത് ഉമർ(റ) തന്റെ മജ്‌ലിസിൽ അങ്ങേയറ്റം ആശ്ചര്യമുളവാക്കുന്ന ശൈലിയിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ കഴിവുകളെക്കുറിച്ചു പറഞ്ഞു. അദ്ദേഹം ആദ്യം തന്റെ കൂട്ടുകാരോട് അവരവരുടെ ആഗ്രഹങ്ങളും ഇച്ഛകളും വിവരിക്കാൻ നിർദേശിച്ചു. സ്വർണവും വെളളിയുംകൊണ്ട് തന്റെ വീടു നിറയണമെന്നും അങ്ങനെ അവയെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ദാനം നല്കണമെന്നാണ് തന്റെ ആഗ്രഹമെന്നും ഒരാൾ പറഞ്ഞു. വേറെ ചിലർ വേറെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചു. അവസാനം ഹദ്റത്ത് ഉമർ(റ)പറഞ്ഞു, 'വിശാലമായ ഒരു വീടുണ്ടാകുകയും ആ വീട് അബൂഉബയ്ദഃ(റ)യെപ്പോലുളള ആളുകളെക്കൊണ്ട് നിറയുകയുംവേണം' അതാണ് എന്റെ ആഗ്രഹം.

(ഹാഫിദ് മുസഫ്ഫർ അഹ്മദ് സാഹിബ് ശാഹിദ് രചിച്ച "സീറത്തെ സ്വഹാബഃ" എന്ന ഗ്രന്ഥത്തോടു കടപ്പാട്)




# പ്ലേറ്റോ: മഹാനായ സത്യാന്വേഷകൻ

എ. ക്യു. മഹ്ദി

**രാ**ജഭരണത്തിന് ലോകമെമ്പാടും തിരശ്ശീല വീണുകഴിഞ്ഞ ഒരു കാലഘട്ടമാണിത്. രാജവാഴ്ചയെന്നത് ഒരു ഏകാധിപതിയുടെ സ്വേച്ഛാപരമായ ഭരണമാണെന്നും അതിൽ സാധാരണ പൗരന്മാർക്ക് നീതിപരമായ യാതൊരു പങ്കാളിത്തവുമില്ലെന്നും കരുതുന്ന ഒരു സമൂഹമായിരുന്നു കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യഘട്ടം വരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിച്ചിരുന്നത്. പലയിടത്തും ജനങ്ങൾ സ്വയം സംഘടിക്കുകയും സ്വതന്ത്രമായ ജനാധിപത്യഭരണസമ്പ്രദായത്തിനായി സമരം ചെയ്യുകയും ചെയ്തു. രാജവാഴ്ചകൾക്കെതിരെ നിരവധി വിപ്ലവങ്ങൾ ലോകത്തങ്ങോളമിങ്ങോളം അരങ്ങേറപ്പെട്ടിട്ടുമുണ്ട്. അങ്ങനെ ലോകജനതയിൽ ഏറിയപങ്കും നിരന്തരവും സാഹസികവുമായ സമരങ്ങളിലൂടെ നേടിയെടുത്തതാണ് പിൽക്കാലത്ത് നാമിന്ന് മിക്ക ദേശങ്ങളിലും കാണുന്ന ജനാധിപത്യ ഭരണസമ്പ്രദായം അഥവാ ഡെമോക്രസി.

2500 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഒരു തത്ത്വചിന്തകൻ അന്നു ലോകത്തോട് വിളിച്ചുപറഞ്ഞ ഒരു സത്യമുണ്ടായിരുന്നു. ഒരു പ്രവചനമെന്നോണം അതു പുലരുകയും ചെയ്തിരിക്കുന്നു.

"ഈ ലോകത്ത് ജനപങ്കാളിത്തമുള്ള ഭരണവ്യവസ്ഥകൾ നിലവിൽ വരും. അന്ന്, ആ ജനാധിപത്യഭരണസമ്പ്രദായം നികൃഷ്ടവും ദുർബലവും കാര്യക്ഷമതയില്ലാത്തതുമായിരിക്കും.'' ഒരു ദീർഘദർശനമെന്നോണം പറഞ്ഞിട്ട് അദ്ദേഹം ഇത്രകൂടി കൂട്ടിച്ചേർത്തു.

ഇതാ ഞാനിപ്പോൾ ജീവിക്കുന്നത് ഒരു രാജവാഴ്ചക്കാലത്താണ്. ഈ ഭരണസമ്പ്രദായത്തേയും ഒരിക്കലും ഞാനംഗീകരിക്കുന്നില്ല.

പിന്നെ ഏതുതരം ഭരണരീതിയാണ് ലോകത്തിനനുയോജ്യം?

ഉത്തരവും അദ്ദേഹം തന്നെ പറയുകയായിരുന്നു.

"അത്, രാജവാഴ്ചയ്ക്കും ജനാധിപത്യത്തിനും ഇടയ്ക്കുള്ള ഒരു ഭരണസമ്പ്രദായമാണ്. ആ ഭരണവ്യവസ്ഥിതിയായിരിക്കും ലോകത്തിന് അനുയോജ്യം. ഇന്നും എന്നും.'' അദ്ദേഹം തുടർന്നു.

"തത്ത്വചിന്തകർ രാജാക്കന്മാരാകുകയോ ഭരണാധികാരികൾ തത്ത്വചിന്തയുടെ പാഠവും ആവേശവും ശക്തിയും ഉൾക്കൊള്ളുകയോ ചെയ്യാതെ, അതായത് പക്വമായ ബുദ്ധിശക്തിയും രാഷ്ട്രീയനേതൃത്വവും ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കാതെ ആർക്കും മനുഷ്യരാ

ശിയെ മുന്നോട്ടു നയിക്കാനാവില്ല."

അർഥവത്തായ വാക്കുകൾ, സമ്പുഷ്ടമായ വരികൾ.

"തത്ത്വജ്ഞാനിയായ ഒരു രാജാവിൽ എല്ലാ പ്രശ്നങ്ങൾക്കും ഉത്തമപരിഹാരം കണ്ടെത്താം.." ഒരു സുവിശേഷമെന്നോണം അദ്ദേഹം കൂട്ടിച്ചേർത്തു. നേതൃവർഗത്തെ സൃഷ്ടിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ സമ്പ്രദായമെന്തെന്നും അദ്ദേഹം വിശദീകരിച്ചു.

"കായികവും മാനസികവുമായ പരിശീലനം നൽകി രൂപപ്പെടുത്തി സമൂഹത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന, രാഷ്ട്രത്തിലെ പൗരന്മാരെ മൂന്നു വിഭാഗമായും, ഭരണവർഗത്തെ രണ്ടു വിഭാഗമായും ഞാൻ തരംതിരിക്കുന്നു. ജനാധിപത്യ സമ്പ്രദായമാണ് കാംക്ഷിക്കുന്നതെങ്കിൽ, ഏറ്റവും മികച്ച ഒരു വിഭാഗത്തെ കണ്ടെത്തി അവർക്ക് രാഷ്ട്രഭരണപരിശീലനവും ജീവിത പരിചയവും നൽകി, തത്ത്വശാസ്ത്രം കൂടി പഠിപ്പിച്ച് ഭരണം ഏൽപ്പിക്കാവുന്നതാണ്."

"ഇനി രണ്ടാമത്തെ വ്യക്തിഗത ഭരണമാണ് (രാജഭരണം) കാംക്ഷിക്കുന്നതെങ്കിൽ, ഈ കഴിവുകൾ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ഭരണാധികാരിയുടെ മാത്രം കരങ്ങളിൽ രാജ്യഭരണം ഏൽപ്പിക്കാവുന്നതാണ്."

സ്വജീവിതകാലത്തുണ്ടായിരുന്ന രാജഭരണാധികാരികൾക്കും പിന്നീട് അദ്ദേഹത്തിന്റെ കാലശേഷം ലോകത്ത് നിലവിൽവന്ന വ്യത്യസ്ത ജനാധിപത്യഭരണ സമ്പ്രദായങ്ങൾക്കും ഈ മഹാന്റെ ഉപദേശവും തത്ത്വചിന്താദർശനങ്ങളും സ്വീകാര്യമായില്ല. അങ്ങനെ കാലാകാലങ്ങളിൽ നിലനിന്നിരുന്ന സ്വേച്ഛാപരമായ രാജഭരണങ്ങളും, അതിനു ശേഷം ഈ വർത്തമാനകാലത്ത് വിവിധദേശങ്ങളിൽ അരങ്ങേറിയ വിവിധ ജനാധിപത്യ സമ്പ്രദായങ്ങളും സേവിക്കുകയല്ല, നീതിരഹിതമായി ദ്രോഹിക്കുകയും പീഡിപ്പിക്കുകയുമാണ് ചെയ്യുന്നതെന്ന് നാമും ഇപ്പോഴറിയുന്നു. ഭരണാധികാരികളുടെ ആ പീഡനത്തിന്റെ തുടർച്ച, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും അഭംഗം തുടരുകയും നാമതു ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അന്ന്, ആ മഹാൻ നിർദേശിച്ച രാഷ്ട്രഭരണപരിശീലനം സിദ്ധിച്ച ആരുണ്ട് ഇന്നീ ജനാധിപത്യകാലത്ത്? ഏതു ഭരണാധികാരിയിൽ, ജനപ്രതിനിധിയിൽ, നമുക്കാ കാര്യക്ഷമത ഇന്നു കണ്ടെത്താൻ കഴിയും? ജീവിതപരിചയം സിദ്ധിച്ചവർ ഇവരിലെത്ര പേരുണ്ടാകും?

ഒരിക്കലും ഇതിന് അനുകൂലഭാവത്തിലുള്ള ഒരു മറുപടി നമുക്കു കിട്ടിയെന്നുവരില്ല.

പ്രപഞ്ചസത്തയുടെ ആത്മാവും പൊരുളും സൃഷ്ടികർത്താവായ ഏകദൈവമാണെന്ന് ഏറ്റുപറഞ്ഞ ആ മഹാൻ, അന്നുവരെ നിലവിലിരുന്ന വികലമായ എല്ലാ മതാചാരനുഷ്ഠാനങ്ങൾക്കുമെതിരെ ആഞ്ഞടിച്ചു.

ഈ മഹാനായ സത്യാന്വേഷകന് താൻ പ്രകടിപ്പിച്ച തത്ത്വചിന്തകൾക്കുവേണ്ടി സ്വജീവിതകാലത്തു തന്നെ കനത്തവിലയും നൽകേണ്ടി വന്നു. അന്നത്തെ ഭരണാധികാരിയിൽ നിന്ന് അതിക്രൂരമായ ശിക്ഷ അദ്ദേഹത്തിന് ഏറ്റുവാങ്ങേണ്ടി വരികയായിരുന്നു. രാജാവ്, അദ്ദേഹത്തെ ഒരു അടിമയായി പ്രഖ്യാപിച്ച് നാടുകടത്തുകയും, അടിമച്ചന്തയിൽ കൊണ്ടുപോയി വിൽക്കുവാൻ കല്പ്പിക്കയും ചെയ്തു. ആ മഹാന്റെ ഒരു സ്നേഹിതൻ തക്കസമയത്ത് ഇടപെട്ട് ആ അടിമയെ വിലയ്ക്കു വാങ്ങിയതു കൊണ്ടാണ്, 2500 വർഷങ്ങൾക്കിപ്പുറവും ആ മനുഷ്യന്റെ വാക്കുകൾക്ക് കാതോർക്കാൻ നമുക്കവസരമുണ്ടാകുന്നത്.

ആരായിരുന്നു ആ മനുഷ്യൻ? അന്നത്തെ ഭരണാധികാരികളുടെ മുഖത്തുനോക്കി, നിർഭയം "നിങ്ങൾ ഒരു സ്വേച്ഛാധിപതിയാണ്, എനിക്കൊരിക്കലും നിങ്ങളെ അംഗീകരിക്കാനാവില്ല. എന്നു പറയാൻ ധൈര്യം കാട്ടിയ ആ വ്യക്തിയാരാണ്?

അതു മറ്റാരുമല്ല, 'പ്ലേറ്റോ' എന്ന മഹാനായ തത്ത്വചിന്തകനായിരുന്നു. അദ്ദേഹം ജനിച്ചതും ജീവിച്ചിരുന്നതും ഗ്രീക്കിലെ ഏഥൻസ് നഗരത്തിലായിരുന്നു, മഹാനായ സോക്രട്ടീസിന്റെ നാട്ടിൽ, ഏകദേശം സോക്രട്ടീസ് ജീവിച്ചിരുന്ന അതേ കാലത്തു തന്നെ. ക്രിസ്തുവിനു നാലു നൂറ്റാണ്ടുകൾക്കു മുമ്പായിരുന്നു ആ യവനചിന്തകന്റെ ജീവിതകാലഘട്ടം.

സോക്രട്ടീസിന്റെ പ്രിയശിഷ്യന്മാരിൽ ഒരാൾ കൂടിയായിരുന്നു പ്ലേറ്റോ. എന്നാൽ, സോക്രട്ടീസിനേക്കാൾ പ്രസിദ്ധനായ ഒരു തത്ത്വചിന്തകനായാണ് ലോകം പ്ലേറ്റോയെ അംഗീകരിക്കുന്നത്.

ഒരു യഥാർഥ ചിന്തകനെസംബന്ധിച്ചിടത്തോളം സ്വന്തം ജീവനേക്കാൾ വിലപ്പെട്ടതാണ് സത്യം എന്നും, ശരിയും തെറ്റും മുഖം നോക്കാതെ പറഞ്ഞുകൊടുക്കുകയെന്നതാണ് ചിന്തകന്റെ കടമയെന്നും പ്ലേറ്റോ വിശ്വസിച്ചു. തന്റെ ജീവിതകാലത്തുതന്നെ അദ്ദേഹമതു പ്രാവർത്തികമാക്കുകയും ചെയ്തു.

ഒരു രാജ്യത്തെ പൗരന്മാരെ നന്മയുടെ ഔന്നത്യത്തിലെത്തിക്കുന്നവനാണ് യഥാർഥ രാഷ്ട്രതന്ത്രജ്ഞൻ എന്നദ്ദേഹം പറഞ്ഞു. നമ്മുടെ ചിന്തകൾ വർത്തമാനകാലത്തേയ്ക്കു നീക്കിക്കൊണ്ടുവന്നാൽ, ഇത്തരം രാഷ്ട്രതന്ത്രജ്ഞന്മാർ ഇന്നു ലോകത്തെവിടെയെങ്കിലും ഭരണാധിപന്മാരായി നിലവിലുണ്ടോ എന്ന ചോദ്യം ഉയരുന്നതാണ്. ഉൽകൃഷ്ടമായ പല ചിന്താധാരകളുടെയും ജന്മഭൂമിയായ ആർഷഭാരതത്തിലെപോലും ഭരണാധികാരികളുടെ ഇന്നത്തെ അവസ്ഥയെന്താണ്? രാജ്യത്തെ പൗരന്മാർ ഇന്ന് ഏതു ദിശയിലേക്കാണ് ജീവിതം നീക്കിക്കൊണ്ടിരിക്കുന്നത്? നമ്മുടെ സമൂഹത്തെയൊന്നാകെ ഗ്രസിച്ചിരിക്കുന്ന ഗുരുതരമായ രോഗമെന്താണ്? ഈ രോഗം എങ്ങനെ ചികിത്സിച്ചു ഭേദമാക്കാം?

ഖേദകരം തന്നെ, ഈ പ്രശ്നങ്ങൾക്കു മുമ്പിൽ നാമിന്ന് നിസ്സഹായരാണ്. നമ്മുടെ ആശ്വാസവും ചിന്തയും പ്രതീക്ഷകളും ഒക്കെ ഇന്നത്തെ ഭരണാധികാരികൾക്കു

മുമ്പിൽ വഴിമുട്ടി നിൽക്കുന്നു. പുതിയ സാമൂഹ്യവ്യവസ്ഥിതിക്കു മുമ്പിൽ നാം പകച്ചു നിന്നു പോവുകയാണ്.

ക്രിസ്തുവിനു 427 വർഷങ്ങൾക്കു മുമ്പ് ഏഥൻസിലെ ഒരു സമ്പന്ന പ്രഭുകുടുംബത്തിലായിരുന്നു പ്ലേറ്റോയുടെ ജനനം. ലോകം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വലിയ തത്ത്വചിന്തകനായി അദ്ദേഹം അറിയപ്പെടുന്നു. ചിന്തകനെന്നതിൽക്കവിഞ്ഞ് ഒരു സാമൂഹ്യപരിഷ്കർത്താവും, ഊർജതന്ത്രജ്ഞനും, ജ്യോതിശാസ്ത്ര വിദഗ്ദ്ധനുമായിരുന്നു അദ്ദേഹം. ഗ്രീക്ക് സേനാനായകനായിരുന്ന അരിസ്റ്റോൺ ആയിരുന്നു പ്ലേറ്റോയുടെ പിതാവ്.

അന്നത്തെ റിപ്പബ്ലിക്കിലെ ആശയങ്ങളിൽ നിന്ന് വ്യതിചലിച്ച് പൊതുവിദ്യാഭ്യാസം എല്ലാവർക്കും നിർബന്ധമാക്കണമെന്നും, ന്യായാധിപന്മാരുടേയും സമ്പന്നരുടേയും മാത്രം കുത്തകയായിരുന്ന വിദ്യാഭ്യാസം മറ്റു സാധാരണ ജനങ്ങൾക്കും കൂടി ലഭ്യമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

രൂപവും ദ്രവ്യവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന 'തിയറി ഓഫ് ഫോംസ്' അഥവാ 'ആശയസിദ്ധാന്തം' പ്ലേറ്റോയുടെ ഏറ്റവും വലിയ സംഭാവനയാണ്. ഈ സിദ്ധാന്തപ്രകാരം ആശയങ്ങൾക്കു മാത്രമാണ് പ്രപഞ്ചത്തിൽ അസ്തിത്വമുള്ളത്. ആശയമെന്നു അദ്ദേഹം വിവക്ഷിച്ചത് ദൈവികമായ ആത്മസത്തയെക്കുറിച്ചാവാം. ആശയങ്ങൾ വസ്തുക്കളേയോ മനസ്സിനെയോ ആശ്രയിച്ചല്ല നിലകൊള്ളുന്നതെന്നും, രണ്ടിനും അതീതമാണെന്നും അദ്ദേഹം വിശ്വസിച്ചു.

മൗലികസത്യം ആശയങ്ങളാണ്. ആശയങ്ങളുടെ പകർപ്പുകൾ മാത്രമാണ് വസ്തുക്കൾ. നന്മ, തിന്മ, സൗന്ദര്യം എന്നിങ്ങനെയുള്ള ആശയങ്ങളാണ് മാറ്റമില്ലാത്ത സത്യങ്ങൾ. സൗന്ദര്യം എന്ന ആശയത്തിന്റെ പകർപ്പുകളാണ്, പനിനീർ പുഷ്പവും സുന്ദരിയായ ഒരു സ്ത്രീപോലും. അതുപോലെ പ്രപഞ്ചത്തിലെ മറ്റെല്ലാ വസ്തുക്കളിലും നിലകൊള്ളുന്നത് അമൂർത്തവും അതീന്ദ്രിയവുമായ ആശയങ്ങൾ മാത്രമാണ്. ഇത് കാലദേശങ്ങൾക്ക് അതീതവുമാണ്.

യുക്തിചിന്ത മാത്രമാണ് ആശയങ്ങളെ പ്രാപിക്കാനുള്ള ഉപാധി. പ്രപഞ്ചരഹസ്യം സംഖ്യയിലും രൂപത്തിലുമാണ്. തത്ത്വശാസ്ത്രപഠനത്തിന് ഗണിതശാസ്ത്രം അനിവാര്യമാണ്.

ഗണിതശാസ്ത്രം കൂടി അറിയുന്നവനേ തത്ത്വശാസ്ത്രപഠനത്തിനു കഴിയൂ എന്നു വിശ്വസിച്ച അദ്ദേഹം, ഒരു തത്ത്വശാസ്ത്രമഹാവിദ്യാലയമായി പ്രവർത്തിച്ചിരുന്ന 'അക്കാദമി' എന്നു പേരുവിളിച്ച തന്റെ വീടിന്റെ മുമ്പിൽ ഒരു ബോർഡിൽ ഇങ്ങനെ എഴുതി വച്ചു.

"ക്ഷേത്രഗണിതം അറിയാത്തവർ ഈ കവാടം കടക്കരുത്."

പ്ലേറ്റോ സ്ഥാപിച്ച 'അക്കാദമി' അദ്ദേഹത്തിന്റെ മരണശേഷവും 800 കൊല്ലം നിലനിന്നിരുന്നു.

വ്യക്തിജീവിതങ്ങളെ ആധാരമാക്കിയല്ല, തികച്ചും മാതൃകാപരമായ ഒരു ഭരണകൂടത്തെ സംബന്ധിക്കുന്ന സങ്കൽപ്പത്തിലൂടെയാണ് പ്ലേറ്റോ നീതിയെ നിർവചിച്ചത്. നീതിയെന്നു പറഞ്ഞാൽ ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു ചെയ്യേണ്ട ജോലി കൃത്യമായി ചെയ്യുകയെന്നതാണ് എന്നദ്ദേഹം സൂചിപ്പിച്ചു. രാഷ്ട്രതന്ത്രജ്ഞൻ വ്യാപാരിയുടെ നിയന്ത്രണത്തിൽ വരുന്നതും, ഭരണാധികാരികളെ സേനാനികൾ കീഴ്പ്പെടുത്തുന്നതും പ്ലേറ്റോയുടെ തത്ത്വശാസ്ത്രമനുസരിച്ച് അനീതിയാണ്.

മൂന്നുതരം പൗരന്മാരാണ് താൻ വിഭാവന ചെയ്യുന്ന മാതൃകാ റിപ്പബ്ലിക്കിൽ ഉണ്ടാവുക എന്നദ്ദേഹം പറഞ്ഞു.

ഒന്ന്, രാഷ്ട്രം അടക്കി ഭരിക്കുന്ന ബുദ്ധിജീവികൾ. രണ്ട്, രാഷ്ട്രത്തെ ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കേണ്ട ധീരസേനാനികൾ. മൂന്ന്, നേതാക്കന്മാരെ അനുസരിച്ചു കഴിയേണ്ട അദ്ധ്വാനിക്കുന്ന ജനവിഭാഗം.

അദ്ദേഹം പറഞ്ഞ, മേൽസൂചിപ്പിച്ച വിഷയങ്ങളിലെ ആദ്യത്തെ, 'രാഷ്ട്രം ഭരിക്കേണ്ട ബുദ്ധിജീവികൾ' എന്നതിലെ 'ബുദ്ധിജീവികൾ' എന്ന പ്രയോഗവും, മൂന്നാമതു സൂചിപ്പിച്ച 'നേതാക്കന്മാരെ അനുസരിച്ചു കഴിയേണ്ട 'അദ്ധ്വാനിക്കുന്ന ജനവിഭാഗം' എന്നതിലെ 'അദ്ധ്വാനിക്കുന്ന' എന്ന ഭാഗവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്ലേറ്റോയുടെ സങ്കൽപ്പത്തിലെ ഈ മൂന്നു കാര്യങ്ങളും ഈ ആധുനിക കാലത്ത് നിറവേറ്റുകയോ പൂർത്തീകരിക്കപ്പെടുകയോ ചെയ്യുന്നുണ്ടോ? അദ്ദേഹം നിർവചിച്ച നീതി ശാസ്ത്രത്തിൽ പറഞ്ഞപ്രകാരമുള്ള ബുദ്ധിജീവികളാണോ ഇന്നു രാജ്യം ഭരിക്കുന്നത്. ഏതു ഹീന മാർഗത്തിലൂടെയായാലും, നിരപരാധികളും പാമരന്മാരുമായ പൗരജനങ്ങളുടെ വോട്ടു നേടി അധികാരസ്ഥാനത്തെത്തുവാൻ ഭാഗ്യമുണ്ടാകുന്ന ജനാധിപത്യ രാഷ്ട്രീയാചാര്യന്മാർക്ക് ബുദ്ധി പോയിട്ട് അറിവു പോലും ആവശ്യമില്ല എന്ന അവസ്ഥയല്ലേ ഇന്നുള്ളത്.

"സ്വന്തം സ്ഥാനങ്ങളിലിരുന്നു അവരവർ കൃത്യമായി ജോലി ചെയ്യുക" എന്നത് ഇന്നു നമ്മുടെ രാജ്യത്തെവിടെയെങ്കിലും പാലിക്കപ്പെടുന്നുണ്ടോ? ഇന്ത്യാമഹാരാജ്യത്തെ ഗവൺമെന്റ് ഉദ്യോഗസ്ഥരേയും കേരളത്തിലെ 'പ്രബുദ്ധ' തൊഴിലാളി വർഗത്തേയുമായിരുന്നോ മഹാനായ പ്ലേറ്റോ രണ്ടര സഹസ്രാബ്ദങ്ങൾക്കു മുമ്പ് വിഭാവനം ചെയ്തിരുന്നതെന്ന് തോന്നിപ്പോകും.

"രാഷ്ട്രതന്ത്രജ്ഞൻ വ്യാപാരിയുടെ നിയന്ത്രണത്തിൽ വരുന്നത് തെറ്റാണ്'' അദ്ദേഹം പറഞ്ഞു. വാസ്തവത്തിൽ ഇന്നു ഭരണതലങ്ങളിൽ എന്താണു സംഭവിച്ചിരിക്കുന്നത്. വ്യാപാരി (സാമ്പത്തിക ശേഷിയുള്ളവൻ എന്നർഥം)യുടെ അമിത സ്വാധീനത്തിലും അധീനതയിലുമാണ് ഇന്ന് ഭരണകൂടങ്ങൾ ചലിക്കുന്നത്. അതോ, കച്ചവടക്കാരനെന്നു നാട്ടിൽ വിവക്ഷിക്കപ്പെടുന്ന വ്യാപാരി പിരിച്ചുനൽകുന്ന നികുതിപ്പണമാണ് ഭരണചക്രത്തെ ചലിപ്പിക്കുന്നതെന്ന് അർഥമാക്കി

യാണോ അന്ന് പ്ലേറ്റോ അത് പറഞ്ഞതെന്നും, കേരളത്തിന്റെയെങ്കിലും ഇന്നത്തെ നികുതിവരുമാന വ്യവസ്ഥ കാണുമ്പോൾ തോന്നിപ്പോകുന്നു.

റിപ്പബ്ലിക്കിലെ മൂന്നാമത്തെ പൗരന്മാരെപ്പറ്റി പ്ലേറ്റോ പറഞ്ഞു, "നേതാക്കന്മാരെ അനുസരിക്കുന്ന അദ്ധ്വാനിക്കുന്ന വർഗം."

നേതാക്കന്മാരെ അനുസരിക്കപോകട്ടെ അവരെ അപായപ്പെടുത്താതെയിരിക്കുക എന്ന പ്രാഥമിക ദയവുപോലും കാട്ടാത്ത അനുയായികളുടെ കാലമാണിത്. 'അദ്ധ്വാനം' എന്നത് ഒരു പാഴ്‌വാക്കാണിന്ന്. ജോലി ചെയ്യാതെ എങ്ങനെ ജീവിക്കാം, എത്ര സമ്പാദിക്കാം എന്ന ചിന്തയും ലക്ഷ്യവുമുള്ള ഒരു സമൂഹത്തിനിടയിലാണ് നാമിന്നു ജീവിക്കുന്നത്.

പ്ലേറ്റോ പറഞ്ഞു, "ഭരണാധികാരിയെ സേനാനികൾ കീഴ്പ്പെടുത്തുന്നത് അനീതിയാണ്."

ഇന്ന് എത്രയോ രാജ്യങ്ങളിൽ അരങ്ങേറുന്ന പട്ടാളസായുധ വിപ്ലവങ്ങൾ ഉദാഹരണങ്ങളാണ്. ഭരണകേന്ദ്രങ്ങൾ നിമിഷനേരം കൊണ്ട് കീഴടക്കി, കഴിയുമെങ്കിൽ ഭരണാധികാരിയെത്തന്നെ വധിച്ച് ഭരണം സ്തംഭിപ്പിച്ച്, സൈന്യം സ്വന്തം തേർവാഴ്ച നടത്തുന്നു. തികച്ചും നീതിരഹിതമായ ഭരണമാണ് സൈനിക ആയുധബലത്തിന്റെ പേരിൽ പട്ടാളം നടത്തുന്നതെങ്കിലും, നാട്ടിൽ ഇന്നു നിലവിലുള്ള ജനാധിപത്യഭരണസംവിധാനത്തേക്കാൾ എത്രയോ നന്നാണ് അതെന്നു പറയുന്നവരും കുറവല്ല.

"ബുദ്ധിശക്തിയും ധീരതയും പക്വതയുമാണ് മനുഷ്യന്റെ ഏറ്റവും മികച്ച ഗുണങ്ങൾ. വിവേകബുദ്ധി കൊണ്ട് വികാരങ്ങളെ നിയന്ത്രിക്കുവാനും ലക്ഷ്യപ്രാപ്തിക്കായി ചില ലൗകിക സുഖങ്ങളെപ്പോലും ത്യജിക്കുവാനും മനുഷ്യൻ തയ്യാറാകുമ്പോൾ അവനിൽ പക്വത കൈവരുന്നു. ഈ മൂന്നു ഗുണങ്ങളും ഏതൊരുവനിൽ ഒത്തുചേരുന്നുവോ അവനാണു നീതിമാനായ മനുഷ്യൻ. അങ്ങനെയുള്ള വ്യക്തികളുടെ ആത്മാവിൽ ആന്തരികമായ യോജിപ്പുകാണും. അവരുടെ പ്രവൃത്തികൾ എല്ലാം നീതിപൂർവകമായിരിക്കും. നികൃഷ്ടമായ ഒരു പ്രവൃത്തിയും അവർ ചെയ്യുകയില്ല."

ദിവ്യവും സാത്വികവുമായ പ്രബോധനങ്ങളിലൂടെ മനുഷ്യനെ നന്മയിലേക്കു നയിക്കുവാനാണ് പ്രവാചകഗുരുക്കന്മാർ ഭൂമിയിൽ അവതരിക്കുകയെന്ന് പ്ലേറ്റോ തന്റെ ചിന്തകളുടെ ആത്മവിശകലനത്തിലൂടെ ഗ്രീക്ക് നിവാസികളെ ഉണർത്തി.

ആത്മാവിന്റെ അനശ്വരതയിൽ അദ്ദേഹം വിശ്വാസം അർപ്പിച്ചിരുന്നു. ആത്മാവിനെപ്പറ്റി ഭാരതീയ തത്ത്വചിന്തകളിൽ നിഴലിച്ചുനിന്ന സങ്കല്പവും പ്ലേറ്റോവിന്റേതിനു സാദൃശ്യമുള്ളതാകുന്നു. ശരീരം നശ്വരവും, ആത്മാവ് അനശ്വരവുമാണെന്നുള്ള ഭാരതീയ ചിന്തകന്മാരുടെ വിചാരധാരയോട് ആ യവന തത്ത്വചിന്തകൻ പൂർണമായും യോജിച്ചു. മനുഷ്യന്റെ ജഢികമായ ശരീരം ബലഹീനവും ആത്മാവ് മഹത്തരവുമായതിനാൽ ആത്മാവിനെ ഭൗതികദേഹത്തിൽ നിന്നും വേർപ്പെടുത്തുകയാണ് മനുഷ്യജന്മത്തിന്റെ ലക്ഷ്യമെന്നാണ് പ്ലേറ്റോ വിശ്വസിച്ചിരുന്നത്. മരണമെന്നത് ആത്മാവും ദേഹവും തമ്മിലുള്ള വേർപെടൽ ആയതിനാൽ അതു തത്ത്വചിന്തകന്റെ ലക്ഷ്യസാഫല്യമാണെന്ന് അദ്ദേഹം പറഞ്ഞു. അതിനാൽ തത്ത്വചിന്തകനെ സംബന്ധിച്ചിടത്തോളം മരണം ഒരു പ്രശ്നമല്ല; ജീവിതം തന്നെ മരണത്തിനുവേണ്ടിയുള്ള ഒരു തയ്യാറെടുക്കലാണ്.

പ്ലേറ്റോ ധാരാളം എഴുതുകയുണ്ടായെങ്കിൽ അദ്ദേഹത്തിന്റെ ഗുരുവായ സോക്രട്ടീസ് തന്റെ മഹത്തായ ആശയങ്ങൾ ഒന്നും എഴുതിവച്ചിരുന്നില്ല. പ്ലേറ്റോയുടെ തൂലികയാണ് സോക്രട്ടീസിന്റെ തത്ത്വങ്ങൾക്കും ആശയങ്ങൾക്കും സ്ഥിരപ്രതിഷ്ഠ നൽകിയത്. മുപ്പത്തിയാറോളം ഗ്രന്ഥങ്ങൾ പ്ലേറ്റോ രചിച്ചിട്ടുണ്ട്.

പ്ലേറ്റോയുടെ പ്രധാനപ്പെട്ട രചനകൾ സമാഹരിച്ച് 'ഡയലോഗ്സ്' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തത്ത്വശാസ്ത്രവും സാഹിത്യവും കലയുമെല്ലാം അതിൽ കോർത്തിണക്കിയിരുന്നു. ഈ ഗ്രന്ഥം ഗ്രീക്കിൽനിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

തന്റെ ആശയസിദ്ധാന്തത്തിൽ ഉറച്ചുനിന്നുകൊണ്ട് പ്ലേറ്റോ പറയുന്നു,

"അനുകരണത്തിന്റെ അനുകരണമാണ് കല. 'മേശ' എന്ന ആശയം ഒന്നേയുള്ളു. നാം നിർമിക്കുന്ന മേശകൾ, 'മേശ' എന്ന ആശയത്തിന്റെ പകർപ്പുകൾ മാത്രമാണ്. ചിത്രകാരൻ ഈ മേശയെ ആലേഖനം ചെയ്യുമ്പോൾ അനുകരണവസ്തു വീണ്ടും അനുകരിക്കപ്പെടുന്നു. അതിനാൽ അയാളുടെ കലാസൃഷ്ടി സത്യത്തിൽ നിന്ന് മൂന്നു പ്രാവശ്യം അകന്നുനിൽക്കുന്നു."

പ്രചോദനത്താൽ ഭ്രാന്തന്മാരായിത്തീരുന്ന ദുർബലമനസ്സുകളായിട്ടാണ് സാഹിത്യകാരന്മാരെ പ്ലേറ്റോ ചിത്രീകരിച്ചിട്ടുള്ളത്. ഈ ഭ്രാന്തിന്റെ ജല്പനമാണത്രേ കവിത.

ഇങ്ങനെ കലയേയും സാഹിത്യത്തേയും കുറിച്ച് പ്ലേറ്റോ പറഞ്ഞിട്ടുള്ളത് രൂക്ഷമായ വിമർശനങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ട്.

ഏഥൻസിലെ തെരുവുവീഥിയിലൂടെ ബുദ്ധിപരമായ സംവാദങ്ങളിൽ ഏർപ്പെട്ടു നടന്നിരുന്ന സോക്രട്ടീസിനെക്കുറിച്ച് കുട്ടിക്കാലത്തു തന്നെ പ്ലേറ്റോ കേട്ടിരുന്നു. അവർ തമ്മിൽ നന്നേ പ്രായവ്യത്യാസവുമുണ്ടായിരുന്നു. സ്വയം ചിന്തിക്കാൻ തുടങ്ങിയ നാൾ മുതൽ പ്ലേറ്റോ, സോക്രട്ടീസിനെ ആരാധിക്കുവാൻ തുടങ്ങി. സോക്രട്ടീസിനെ കാണാൻ വെമ്പൽകൊണ്ടു നടന്നിരുന്ന പ്ലേറ്റോ, തന്റെ ഇരുപതാം വയസ്സിലാണ് 62-കാരനായ സോക്രട്ടീസിനെ കണ്ടുമുട്ടിയത്. അദ്ദേഹവുമായി കൂടുതൽ ഇടപഴകിക്കഴിഞ്ഞപ്പോൾ മനുഷ്യവംശത്തിന്റെ സകലപ്രശ്നങ്ങൾക്കും ഉത്തരം സോക്രട്ടീസ് ആണെന്നു പ്ലേറ്റോ വിശ്വസിച്ചു.

ആത്മീയ ചിന്തകൾക്കൊപ്പം

ഇസ്‌ലാമും സെക്കുലര്‍ ഡമോക്രസിയും 3

# മതത്തെ രാഷ്ട്രമാക്കി മാറ്റുവാന്‍ സാദ്ധ്യമാണോ?

മനുഷ്യന്റെ ആത്മീയ-സാമൂഹിക വികാസത്തിനായി അല്ലാഹു അവതരിപ്പിച്ച സ്നിഗ്ദ സുന്ദരവും ആര്‍ദ്രപൂര്‍ണവുമായ മതത്തെ അധികാരത്തിന്റെ സമ്മര്‍ദ സ്വഭാവമുള്ള രാഷ്ട്രമാക്കി പരിവര്‍ത്തിപ്പിക്കാന്‍ സാദ്ധ്യമല്ല.

എ. എം. മുഹമ്മദ് സലീം

ജനാധിപത്യം സ്വീകരിച്ച ആധുനിക രാഷ്ട്രങ്ങളില്‍ സെക്കുലര്‍ സങ്കല്‍പ്പത്തിന്റെ കേന്ദ്ര വിഷയം രാഷ്ട്രം മതത്തിലും മതം രാഷ്ട്ര കാര്യങ്ങളിലും ഇടപെടാതിരിക്കുക യെന്നതാണ്. മദ്ധ്യകാല യൂറോപ്പില്‍ മതവും അധികാരത്തിന്റെ മൂര്‍ത്ത രൂപമായ രാഷ്ട്രവും കൂടിച്ചേര്‍ന്നപ്പോള്‍ സംഭവിച്ച തിക്തയാഥാര്‍ഥ്യങ്ങള്‍ നാം ചര്‍ച്ചചെയ്തതാണ്. സെക്കുലര്‍ ജനാധിപത്യത്തില്‍ രാഷ്ട്രത്തില്‍ മതം വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. വ്യക്തിക്ക് അവനിഷ്ടമുള്ള ഏത് മതവും വിശ്വസിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനും ഇഷ്ടമില്ലെങ്കില്‍ ആ മതത്തില്‍ നിന്ന് വിട്ടുപോവാനും അവകാശമുണ്ടായിരിക്കുകയും സ്റ്റേറ്റ് ഈ അവകാശം പരിരക്ഷിക്കുകയും വേണം. സ്റ്റേറ്റ് ഒരു മതത്തേയും നേരിട്ട് പ്രോത്സാഹിപ്പിക്കുകയോ ഒരു പ്രത്യേക മതത്തിന് സാമ്പത്തിക സഹായം ചെയ്യുകയോ ചെയ്യാന്‍ പാടുള്ളതല്ല. അതെല്ലാം മതവിശ്വാസികള്‍ തന്നെ കണ്ടെത്തേണ്ടതാണ്. ഇന്ന വിശ്വാസം സ്വീകരിച്ചു കൊള്ളണമെന്നോ ഇന്ന വിശ്വാസത്തില്‍ നിന്ന് വിട്ടു പോവാന്‍ പാടില്ലെന്നോ ആരേയും നിര്‍ബന്ധിക്കാന്‍ സ്റ്റേറ്റിന് യാതൊരധികാരവുമില്ല. ഇങ്ങനെ രാഷ്ട്രത്തില്‍ നിന്നും മതം വിട്ടു നില്‍ക്കണമെന്ന നിലപാടാണ് സെക്കുലറിസം സ്വീകരിക്കുന്നത്. ഇത് നീതിയുടെ നിലപാടാണ് സെക്കുലറിസത്തിന്റെ ഈ സിദ്ധാന്തം ഇസ്‌ലാം മതവുമായി പൊരുത്തപെട്ടു പോകുമോ എന്നുള്ളതാണ് ചര്‍ച്ചാവിഷയം.

സെകുലറിസം സംബന്ധിച്ച ഒരു വൈരുദ്ധ്യമെന്തന്നാല്‍, മുസ്‌ലിംകള്‍ ന്യൂനപക്ഷീയരായ ഇന്ത്യയെയും ബ്രിട്ടനെയും അമേരിക്കയേയും പോലെയുള്ള രാജ്യങ്ങളില്‍ ഭൂരിപക്ഷ മതത്തിന്റെ സ്വാധീനം ഭരണകൂടത്തില്‍ ഉണ്ടാവാന്‍ പാടില്ലെന്നും ന്യൂനപക്ഷത്തിന്റെ മത സ്വാതന്ത്ര്യത്തെ ഹനിക്കുന്ന യാതൊ

കായികവിദ്യാഭ്യാസത്തിലും പ്ലേറ്റോ പ്രാവീണ്യം പ്രകടിപ്പിച്ചിരുന്നു. അതിലൂടെ സമ്പാദിച്ച ആകാരസൗഷ്ടവമാണ് അദ്ദേഹത്തിന് 'പ്ലേറ്റോ' എന്ന പേരു നല്‍കാനിടവന്നത്. അദ്ദേഹത്തിന്റെ യഥാര്‍ഥപേര് 'അരിസ്റ്റോക്ലെസ്' എന്നായിരുന്നു.

ഒരു ധനികകുടുംബത്തിലാണ് പ്ലേറ്റോ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ഏഥന്‍സിലെ അവസാന രാജാവിന്റെ വംശപരമ്പരയില്‍പെട്ട ആളായിരുന്നു. തന്റെ വിദ്യാഭ്യാസം പൂര്‍ത്തിയാക്കിയശേഷം ഭരണകാര്യങ്ങളില്‍ ഇടപെട്ട്, ആദര്‍ശധീരനായ ഒരു രാഷ്ട്രീയനേതാവാകാനാണ് അദ്ദേഹം തീരുമാനിച്ചത്. അക്കാലത്ത് ഏഥന്‍സിലെ ഭരണസംവിധാനത്തില്‍ കടന്നുകൂടാന്‍ അദ്ദേഹത്തിനു യാതൊരു പ്രയാസവും ഉണ്ടായിരുന്നുമില്ല. B.C. 404- ല്‍ പ്ലേറ്റോ രാഷ്ട്രീയജീവിതത്തില്‍ പ്രവേശിക്കുകയുണ്ടായി.

പ്ലേറ്റോ വിവാഹിതനായിരുന്നോ എന്നു വ്യക്തമല്ല, അദ്ദേഹം ഒരിക്കലും വിവാഹം കഴിച്ചിരുന്നില്ല എന്ന വിശ്വാസമാണ് പ്രബലം. അദ്ദേഹത്തിന്റെ കൃതികളിലൊന്നും ഇതു സംബന്ധമായ സൂചനയില്ല. മരണപത്രികയില്‍ തന്റെ സ്വത്തിന്റെ അവകാശിയായി 'അഡമാന്റിസ്' എന്നൊരു ബാലന്റെ പേര് അദ്ദേഹം രേഖപ്പെടുത്തിയിരുന്നു. ഈ ബാലന്‍ ഒരുപക്ഷേ അദ്ദേഹത്തിന്റെ പുത്രനോ, പൗത്രനോ ആകാമെന്നും ചരിത്രകാരന്മാര്‍ വിശ്വസിക്കുന്നു.

മഹാനായ അരിസ്റ്റോട്ടില്‍, പ്ലേറ്റോയുടെ ശിഷ്യനായിരുന്നു. പ്ലേറ്റോയുടെ അന്ത്യം അനായാസമായിരുന്നു. ഒരു സ്നേഹിതന്റെ വിവാഹാഘോഷ ചടങ്ങില്‍ സംബന്ധിച്ചു കൊണ്ടിരിക്കെ, തന്റെ 81-ാമത്തെ വയസ്സില്‍ (BC 347- ല്‍) പ്ലേറ്റോ അന്തരിച്ചു. തന്റെ തത്ത്വശാസ്ത്ര വിദ്യാലയമായ 'അക്കാദമി' യുടെ സമീപത്തുള്ള നദീതീരത്ത് പ്രസിദ്ധനായ ആ യവനചിന്തകന്റെ മൃതദേഹം സംസ്ക്കരിച്ചു. പക്ഷേ, ആ മഹാന്റെ തത്ത്വചിന്തകള്‍ ഇന്നും ലോകമൊട്ടാകെ ജീവിച്ചിരിക്കുന്നു.

രുവിധ തീരുമാനങ്ങളും ഉണ്ടാവാൻ പാടില്ലെന്നും മുസ്‌ലിംകൾ ആഗ്രഹിക്കുന്നു. എന്നാൽ മുസ്‌ലിം ഭൂരിപക്ഷരാജ്യമായ സൗദി അറേബ്യയും പാകിസ്താനും സെക്കുലരിസം സ്വീകരിക്കേണ്ടതല്ലേ എന്ന കാര്യത്തിൽ വ്യക്തമായ തീരുമാനം അവർ പറയുന്നില്ല. ഏത് അവസരത്തിലും എല്ലാവരോടും നീതിയും നിഷ്പക്ഷതയും ഉയർത്തിപിടിക്കാൻ പറഞ്ഞ വിശുദ്ധ ഖുർആന്റെ തത്ത്വങ്ങൾക്ക് നിരക്കുന്ന നിലപാടല്ല ഇത്. ഹിന്ദു ഭൂരിപക്ഷ രാജ്യമായ ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാ പരമായി ലഭിക്കുന്ന അവകാശങ്ങൾ മുസ്‌ലിം രാജ്യങ്ങളിൽ അന്യമതസ്ഥർക്ക് വകവെച്ചു കൊടുക്കുന്നുണ്ടോ? ചില മുസ്‌ലിം കക്ഷികൾ മത സ്വാതന്ത്ര്യത്തെ പറ്റിവെച്ചു പുലർത്തുന്ന ധാരണകൾ അങ്ങേയറ്റം മനുഷ്യത്വവിരുദ്ധവും പ്രാകൃതവും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾക്ക് എതിരുമാണ്. അത് പിന്നീട് വിവരിക്കാം.

**മതത്തെ രാഷ്ട്രമാക്കി മാറ്റുവാൻ സാധ്യമാണോ ?**

മതവും രാഷ്ട്രവും തികച്ചും വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുന്നസ്ഥാപനങ്ങളാണ്. അതിനാൽ മതം രാഷ്ട്രത്തിലും രാഷ്ട്രം മതത്തിലും ഇടപെടാൻ പാടില്ല എന്നാണ് സെക്കുലർ സങ്കൽപ്പം. ഇതിന്ന് കടകവിരുദ്ധമായാണ് മത രാഷ്ട്ര വാദികൾ പറയുന്നത്. മതത്തെ രാഷ്ട്രീയത്തിൽ നിന്ന് വേർപെടുത്താൻ പാടില്ലെന്നു മാത്രമല്ല മതം തന്നെ ഒരു രാഷ്ട്രീയ വ്യവസ്ഥയാണ് എന്നാണ് വാദം. അധികാരമില്ലെങ്കിൽ മതം പൂർണമാവില്ല എന്നാണ് അവർ പറയുന്നത്. ഈ വാദം നിഷ്ക്കളങ്കരായ മുസ്‌ലിംകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

രാഷ്ട്രം എന്നത് അധികാരബലത്തിന്റെ കാണപ്പെട്ടരൂപമാണ്. പരമാധികാരമാണ് (Sovereignty) രാഷ്ട്രത്തിന്റെ ഒഴിച്ചു കൂടാനാകാത്ത ഘടകം. പരമാധികാരമാവട്ടെ ഏറെക്കുറെ അമൂർത്തവും നിരവധി വ്യത്യസ്ത നിർവചനങ്ങളുള്ളതുമായ ഒരു ആശയവുമാണ്. സ്വന്തം അധികാര പരിധിക്കുള്ളിൽ കൽപ്പനകൾ നടത്താനും ആ കൽപ്പനകൾ ബലാൽ നടപ്പാക്കാനുമുള്ള പരമമായ അവകാശമാണ് രാഷ്ട്രത്തിന്റെ പരമാധികാരം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. രാഷ്ട്രം ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നത് മതം ലക്ഷ്യം നേടുന്നത് പോലെയല്ല. ഉപദേശവും അനുനയവും രാഷ്ട്രത്തിന്റെ നിയമാനുസാരമുള്ള പരുക്കൻ കരങ്ങൾക്ക് യോജിച്ചതല്ല. മതം മനുഷ്യ ഹൃദയങ്ങളോടാണ് സംവദിക്കുന്നത്.

രാഷ്ട്രത്തോട് എതിർത്തു നിൽക്കാനോ വിയോജിച്ചു നിൽക്കാനോ രാജ്യത്തിനകത്ത് മറ്റൊരു സ്ഥാപനവുമില്ല. അധികാരത്തോട് ഭ്രാന്തമായ അഭിനിവേശമുള്ള ഫാസിസമാണ് രാഷ്ട്രത്തെ അപകടകരമായ ഒരു സ്ഥാപനമാക്കി മാറ്റുന്നത്. ദൈവത്തെപോലെ ആരാധ്യമായ ഒരു മൂർത്തിയാണ്. രാഷ്ട്രമെന്നാൽ ഫാസിസ്റ്റ് സങ്കൽപ്പം. ഫാസിസ്റ്റ് ആദർശത്തിന്പിന്തുണ ലഭിച്ചത് ജർമൻ ആശയ വാദിയായ ഹെഗേലിന്റെ ചിന്തകളിൽ നിന്നാണ്. 'രാഷ്ട്രം എന്നാൽ ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണെന്നാണ്' (State is the march of God on earth) അദ്ദേഹം പറഞ്ഞത്. രാഷ്ട്രം നൈതികവും പരമാധികാരിയുമായ ഒരു സ്ഥാപനമാണെന്നും അതിന്റെ സർവവലയിതമായ സ്വത്വം അപ്രമാദിത്വമുള്ളതാണെന്നും രാഷ്ട്രത്തിന് വേണ്ടി മനുഷ്യൻ ബലിയാവണമെന്നും ഹെഗേൽ വാദിച്ചു. ഈ ദർശനം ജർമനിയുടെ പിൽക്കാല ചരിത്രത്തിലുണ്ടാക്കിയ മാരകമായ പ്രത്യാഘാതങ്ങളായിരുന്നു ഹിറ്റ്ലറുടെ നാസിസവും ഇറ്റലിയിലെ ബെന്നറ്റ് മുസ്സോളനിയുടെ ഫാസിസവും. ഫാസിസ്റ്റ് സിദ്ധാന്ത പ്രകാരം രാഷ്ട്രം ഒരു അതിമാനുഷ സ്ഥാപനമാണ്. രാഷ്ട്രവും വ്യക്തിയുമായി തട്ടിച്ചുനോക്കുമ്പോൾ വ്യക്തി ഒന്നുമല്ല. രാഷ്ട്രം തന്നെയാണ് സർവസ്വവും. രാഷ്ട്രം എന്നത് ഏതെങ്കിലും ഒരു സാമൂഹിക ലക്ഷ്യം നേടാനുള്ള ഒരു മാർഗമല്ല അത് സ്വയം തന്നെ ഒരു ലക്ഷ്യമാണ്. രാഷ്ട്രത്തിന്റെ താൽ പര്യങ്ങൾക്കപ്പുറത്ത് വ്യക്തിക്ക് താൽപര്യങ്ങളില്ല. വ്യക്തി ആത്മ സാക്ഷാത്ക്കാരം നേടുന്നത് തന്നെ രാഷ്ട്രത്തിന് സ്വയം സമർപ്പിക്കുമ്പോൾ മാത്രമാണ്. രാഷ്ട്രത്തിന് വെളിയിൽ സ്വകാര്യ താൽപര്യങ്ങളുണ്ടെന്ന ചിന്തപോലും പാടില്ല. അതുണ്ടാകുകയാണെങ്കിൽ ആ വ്യക്തിക്ക് കാര്യമായ ഏന്തെങ്കിലും തകരാറുണ്ടെന്ന് വ്യക്തമാണ്. അങ്ങനെ കരുതുന്ന വ്യക്തി തന്റെ യഥാർഥ സ്വാതന്ത്ര്യം എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് മനസ്സിലാക്കുന്നില്ല. അത് കൊണ്ട് ചോദ്യം ചെയ്യപ്പെടാതെ രാഷ്ട്രത്തിന്റെ ഇച്ഛക്ക് പൂർണമായും വിധേയനായി പൗരൻ ജീവിക്കണം. അതുകൊണ്ടാണ് ഹിറ്റ്ലർ പറഞ്ഞത് ആര്യൻ രാഷ്ട്രത്തെ അനുസരിക്കുന്നതിൽ കവിഞ്ഞൊരു ആനന്ദം ജർമൻ പൗരനില്ല എന്ന്. അങ്ങനെയാണ് രാഷ്ട്രം എന്ന അധികാരസ്ഥാപനം അധികാര പൂജകരായ ഫാസിസ്റ്റുകൾക്ക് ദൈവത്തോട് തദാത്മ്യം പ്രാപിക്കുന്ന ഒരു അതിമാനുഷ സ്ഥാപനമായി മാറുന്നത്.

സ്റ്റേറ്റിനോടുള്ള കമ്മ്യൂണിസ്റ്റ് സമീപനം കൂടി ഈ അവസരത്തിൽ പരാമർശിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ദേശീയത അവ സാനം രാഷ്ട്രമായി പരിണമിക്കുമെന്നും അത് പരിപാവനമാണെന്നും ദൈവത്തിന്റെ ഭൂമിയിലെ പ്രകടനമാണെന്നും പറഞ്ഞ ആശയവാദിയായ ഹെഗേലിന്റെ വീക്ഷണത്തിന് വിരുദ്ധമായി സമൂഹത്തിന്റെ വികാസ ദശയിൽ ബൂർഷ്വാസി കണ്ടെത്തിയ ഒരു മർദനോപാധിയാണ് രാഷ്ട്രം എന്നാണ് മാർക്സ് പറഞ്ഞത്. വർഗരഹിത സമൂഹത്തിന്റെ ആവിർഭാവത്തിന് ശേഷം അത് നിഷ്ക്രമിക്കുമെന്നും അദ്ദേഹം പ്രവചിക്കുകയുണ്ടായി. State will wither away എന്ന മാർക്സിയൻ വചനം പ്രസിദ്ധമാണല്ലോ. വിപ്ലവത്തിന്റെ സംഹാരാത്മകമായ

രണഭേരികൾക്ക് നടുവിൽ മുഴങ്ങിയ മാർക്സിസത്തിന്റെ മാനവീയ ദർശനത്തിന്റെ ഉട്ടോപ്യൻ സ്വപ്ന മായിരുന്നു അധികാര സ്ഥാപന ത്തെക്കുറിച്ച് മാർക്സ് നടത്തിയ ഈ കൊഴിഞ്ഞു പോക്ക് പരാമ ർശം. പക്ഷേ മാർക്സിയൻ കമ്മ്യൂ ണിസം റഷ്യയിൽ നടപ്പാ ക്കിയ സ്റ്റാലിൻ സംസാരിച്ചത് സ്റ്റേറ്റിന്റെ അപ്രതിരോധ്യമായ ശക്തിയേയും ബലത്തേയും വാഴ്ത്തിക്കൊണ്ടായി രുന്നു. രാഷ്ട്രത്തെ അദ്ദേഹം ഇരു മ്പുമറയാക്കി (Iron curtain) മാറ്റി. അദ്ദേഹം പറഞ്ഞത് *ലക്ഷക്കണക്കി നാളുകളെക്കൊണ്ട് ഉൽപ്പാദന ത്തിലും വിതരണത്തിലും ഒരു ഏകീകൃത മാനദണ്ഡം കർശന മായി അനുസരിപ്പിക്കുന്ന ഒരു ആസൂത്രിത ഭരണ സംവിധാനം കൂടാതെ സോഷ്യലിസത്തെ പറ്റി ചി ന്തിക്കാനാവില്ലെന്ന് ലെനിൻ വ്യക്ത മാക്കി' (മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വ ങ്ങൾ പേ.281)* 1939 ലെ റിപ്പോർട്ടിൽ കമ്മ്യൂണിസ്റ്റ് സേച്ഛാധി പതി യായ സ്റ്റാലിൻ പറഞ്ഞത്, മാർക് സും ഏംഗൽസും പറഞ്ഞ രാഷ്ട്ര ത്തിന്റെ കൊഴിഞ്ഞു പോക്കിനെ പറ്റിയുള്ള യഥാർഥ അർഥം വിമർ ശകർക്ക് മനസ്സിലായിട്ടില്ല എന്നാണ്. സോവ്യറ്റ് റഷ്യ യിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രം ഫാസിസ്റ്റ് ജർമനിയെ പോലെ തന്നെ തികഞ്ഞ പരാജയ മായി കലാശിച്ചു എന്നത് പിൽക്കാല ചരിത്രം.

ഇസ്ലാമിന്റെ സാങ്കേതിക പദങ്ങൾ കടമെടുത്ത് മതരാഷ്ട്ര വാദമുന്നയിക്കുന്ന മൗലാനാ മൗദൂ ദി ചിന്തിച്ചു തുടങ്ങിയ രണ്ടാം ലോക മഹായുദ്ധത്തിന് മുമ്പുള്ള കാല ഘട്ടത്തിൽ ഫാസിസവും നാസിസ വും ആവേശകരമായി മുന്നേറുന്ന ഒരു കാലഘട്ടമായിരുന്നു എന്ന പ്രത്യേകതയുമുണ്ട്. ഇന്നത്തെ പോലെയുള്ള എതിർപ്പ് ഫാസി സത്തോട് അന്ന് കമ്മ്യൂണിസ്റ്റു കാരും കാണിച്ചിരുന്നില്ല എന്നത് വസ്തുതയാണ്. രണ്ടാം ലോക മഹായുദ്ധകാലത്ത് എതിർ ചേരിയി ലായി യുദ്ധം ചെയ്തുവെങ്കിലും അതിന് മുമ്പ് കമ്മ്യൂണിസ്റ്റ് റഷ്യ യും ഫാസിസ്റ്റ് ജർമനിയും തമ്മിൽ സഖ്യവും അനാക്രമണ സന്ധിയു മുണ്ടായിരുന്നു. ജർമൻ വിദേ ശകാര്യമന്ത്രിയായിരുന്നു ജൊയാ ചിൻ വോൺ റിബൺട്രോവും സോവ്യറ്റ് യൂണിയൻ വിദേശകാര്യ മന്ത്രി വ്യാചസ്ലേവ് മൊളോ ട്ടോവും തമ്മിൽ 23 ആഗസ്റ്റ് 1939 ൽ ഒപ്പു വെച്ച കരാർ പ്രസിദ്ധമാണ്. 1941 ജൂൺ 22ന് ജർമനി റഷ്യയെ ആക്രമിക്കുന്നത് വരെ ഈ കരാർ നിലനിന്നു. രണ്ടാം ലോക മഹായു ദ്ധത്തിൽ ത്രിരാജ്യ സഖ്യത്തി നെതിരെ സഖ്യകക്ഷികളുടെ ഭാഗത്ത് നിന്ന് റഷ്യ യുദ്ധം ആരംഭി ച്ചപ്പോഴാണ് കമ്മ്യൂണിസം ഫാ സിസത്തിനെതിരാണെന്ന പ്രചാര ണത്തിന് ആക്കം കൂടിയത്. അന്ന് ആശയാധിഷ്ഠിത രാഷ്ട്രത്തിന് വേണ്ടി വാദിക്കുന്നവർക്ക് ആവേശം നൽകുന്നതായിരുന്നു ഫാസിസത്തിന്റെയും കമ്മ്യൂണി സത്തിന്റെയും മുന്നേറ്റങ്ങൾ. രണോ ത്സുകവും രാഷ്ട്രീയ പ്രബുദ്ധ വുമായ ഒരു മനസ്സുണ്ടായിരുന്ന മൗലാനാ മൗദൂദി സാഹിബിനും ഇത്തരം ഐഡിയോളജിക്കൽ സ്റ്റേ റ്റിനോടും ആഭിമുഖ്യമുണ്ടാവുക സ്വാഭാവികം. ഈ സ്വാധീനം സമ്മതിച്ചു കൊണ്ട് തന്നെ മൗദൂദി സാഹിബ് തുറന്നെഴുതുന്നത് കാണു ക: *'മേൽ പറഞ്ഞ സ്വഭാവ ത്തോടു കൂടിയ ഒരു രാഷ്ട്രത്തിന്റെ പ്രവർ ത്തന വൃത്തം സങ്കുചിതവും പരിമി തവുമായിരിക്കാവതല്ലെന്ന് സ്പ ഷ്ടം. തീർച്ചയായും അതൊരു സാർവജനീന രാഷ്ട്രമായിരിക്കും. വിശാലമായ മനുഷ്യ ജീവിതമാക മാനമാണ് ഇസ്ലാമിക രാഷ്ട്ര ത്തിന്റെ പ്രവർത്തന മണ്ഡലം. അത് അതിന്റേതായ സദാചാര സിദ്ധാന്ത ത്തിനും പരിഷ്ക്കരണ പരിപാടി ക്കുമൊത്തു നാഗരികതയുടെ ഓരോ വശത്തേയും വാർത്തെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ മുമ്പിൽ ആർക്കും തന്നെ ഇത് തന്റെ സ്വ കാര്യ ഇടപാടാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുക സാദ്ധ്യമല്ല. ഈ നിലക്ക് അതിന് ഫാസിസ്റ്റ് കമ്മ്യൂ ണിസ്റ്റ് രാഷ്ട്രങ്ങളോട് ഒരു തരത്തിലുള്ള സാദൃശ്യമുണ്ടെന്ന് പറയാം' (ഇസ്ലാമിലെ രാഷ്ട്രീയ സിദ്ധാന്തം. പേ .44 . ഐ. പി എച്ച്. 1992*)

മൗലാന മൗദൂദി സാഹിബ് മതത്തെ (ദീൻ) സ്റ്റേറ്റ് അഥവാ രാഷ്ട്രം എന്നാണ് വിളിക്കുന്നത് എന്നതിൽ നിന്ന് തന്നെ അദ്ദേഹം അധികാരത്തിന് കൊടുക്കുന്ന പ്രാ ധാന്യം വ്യക്തമാണല്ലോ. ഭരണമി ല്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്ക പ്പെടാത്ത സങ്കൽപ്പവീടാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. അദ്ദേ ഹം എഴുതുന്നു: *'ലോകത്ത് നിങ്ങൾ കണ്ടു കൊണ്ടിരിക്കുന്ന സകല ഭരണ ദൂഷ്യങ്ങളുടെയും നാരായ വേര് വാസ്തവത്തിൽ ഭരണദൂഷ്യമാകുന്നു.' (ഖുത്തു ബാത്ത്-390*) രാഷ്ട്ര ഭരണവും ദൈവത്തിന്റെ ഭരണവും വിഭജന ത്തിന് വിധേയമല്ല എന്ന് പറഞ്ഞു കൊണ്ട് ഏറ്റവും വലിയ അധികാര സ്ഥാപനമായ രാഷ്ട്രത്തെ അഥവാ രാഷ്ട്രം കൈയാളുന്ന അധികാര സ്ഥരെ ദൈവത്തേപോലെ അനുസ രിക്കുന്ന പൂജ്യരെയും പൂജകരെ യും സൃഷ്ടിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. തന്റെ ഭരണകൂടത്തിന് ദൈവിക ഭരണം (ഹുകൂമത്തെ ഇലാഹിയ്യ) എന്നാണ് വിളിക്കുന്നത്. ഇങ്ങനെയൊരു വിശേഷണം നൽകുന്നത് കൊണ്ട് ദൈവം നേരിട്ട് വന്ന് പാർലമെന്റിലെത്തി അധികാര പീഠത്തിലിരിക്കുമെന്ന് ആരും കരുതേ ണ്ടതില്ല. ദൈവത്തിന് വേണ്ടി അതെല്ലാം ചെയ്യുന്നത് അദ്ദേഹമോ അദ്ദേഹത്തിന്റെ പാർട്ടിയായ ജമാ അത്തെ ഇസ്ലാമിയോ ആയിരി ക്കും. മറ്റു പ്രജകൾ ഈ ഭരണം ദൈവിക ഭരണമാണെന്ന് വിശ്വസിച്ച് ഈ ആൾ ദൈവങ്ങളെ അനു സരിച്ച് ജീവിക്കുകയാണ് വേണ്ടത്. അദ്ദേഹം എഴുതുന്നു: *'സൃഷ്ടി ക്കുക, ആഹാരം നൽകുക, ജീവിപ്പി ക്കുക, മരിപ്പിക്കുക, സൂര്യചന്ദ്രന്മാരെ അധീനപ്പെടുത്തുക, രാപ്പകലുകൾ കറക്കുക എന്നിവയും വിധി നിർണയവും ഭരണാധികാരവും രാജത്വവും ശാസനാധികാരവും*

*നിയമനിർമാണാധികാരവും എല്ലാം തന്നെ ഒരേയൊരു സമഗ്രാധിപത്യ ഭരണ കർത്തൃത്വത്തിന്റെ വ്യത്യസ്ത വിഭാഗങ്ങളാണ്. ഈ സമഗ്രാധിപത്യ ഭരണകർതൃത്വം വിഭജനത്തിന് വിധേയമല്ല. ഒരാൾ അല്ലാഹുവിന്റെ കല്പന അവലംബിക്കാതെ മറ്റാരുടെയെങ്കിലും കൽപ്പന നിർബന്ധമായും അനുസരിക്കേണ്ടതാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ അല്ലാഹുവല്ലാത്തവരെ വിളിച്ച് പ്രാർഥിക്കുന്നത് പോലെ ശിർക്കാണ് അദ്ദേഹം ചെയ്യുന്നത്.' (ഇലാഹ് റബ്ബ് ഇബാദത്ത് ദീൻ . പേ40)*

എന്നാൽ മതം എന്നനിലക്ക് അധികാരത്തിന്റെ ഏന്തെങ്കിലും സമ്മർദം ചെലുത്താൻ ആഹ്വാനം ചെയ്യുന്ന ഒരു വചനം പോലും ഖുർആനിലില്ല എന്ന് മാത്രമല്ല മതത്തിന്റെ പേരിൽ അധികാരം ചെലുത്തുന്നത് അനിസ്ലാമികവും പാപവുമാണെന്നും വിശുദ്ധ ഖുർആൻ പറയുന്നു. അധികാര പരാഗങ്ങൾ ഒട്ടുമില്ലാത്ത ഒരു ആത്മീയ നിവേദനമായാണ് ഇസ്ലാം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. വിശുദ്ധ ഖുർആൻ പറയുന്നു: **'മതത്തിൽ യാതൊരു വിധ അധികാരബല പ്രയോഗവുമില്ല.' (2:257)**ഖുർആന്റെ ഈ ഉജ്ജ്വല പ്രഖ്യാപനം ഇസ്ലാമിനെ രാഷ്ട്രമാക്കി മാറ്റാനുള്ള എല്ലാ ശ്രമങ്ങളുടെയും സാധ്യതയും സാധുതയും എക്കാലത്തും ഇല്ലാതാക്കിയിരിക്കുകയാണ്. വളരെയേറെ ഉദ്ധരിക്കപ്പെടുന്ന ഈ സൂക്തം അഗാധമായ അർഥങ്ങളുള്ള ഒരു വചനമാണ്. ഇസ്ലാം മനുഷ്യഹൃദയത്തേയാണ് അഭിസംബോധന ചെയ്യുന്നത് എന്ന് ഈ വചനം പ്രഖ്യാപിക്കുന്നു. ഖുർആന്റെ മറ്റൊരു വചനം നോക്കൂ: **'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും വിശ്വസിച്ചേനെ, എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരുന്നതിന് നീ അവർക്ക് നേരെ ബലം പ്രയോഗിക്കുമോ?' (10:10)** സ്വാതന്ത്ര്യപ്രേമികളെ ആവേശ ഭരിതരാക്കുന്ന വിശുദ്ധ ഖുർആന്റെ ഇത്തരം നിരവധി വചനങ്ങൾക്ക് കടക വിരുദ്ധമായി അധികാര സ്ഥാനങ്ങൾ ബലം പ്രയോഗിച്ച് കയ്യേൽക്കാൻ ആഹ്വാനം ചെയ്യുന്ന മൗലാനാ മൗദൂദിയുടെ ഈ ഉദ്ധരണി ശ്രദ്ധിക്കുക:*'അതുകൊണ്ട് മുന്നോട്ട് കടന്ന് വന്ന് അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ ഭൂമിയിൽ രാജ്യദ്രോഹികളായി വർത്തിക്കുകയും ചെയ്യുന്നവരുടെ കൈകൾ പിടിച്ചു നിർത്തുകയും അല്ലാ ഹുവിന്റെ പ്രാതിനിധ്യമാകുന്നഅധികാരം സ്വയംകയ്യേൽക്കുകയും ചെയ്യുക.. .മനുഷ്യന്റെ മേൽ മനുഷ്യന്റെ സ്വേച്ഛാധിപത്യം ഉന്മൂലനം ചെയ്ത് അല്ലാഹുവിന്റെ മാത്രം ദിവ്യത്വവും ആധിപത്യവും സ്ഥാപിക്കുക'.(ഖുതുബാത്ത് പേ.390)* ഖുർആൻ വീണ്ടും പറയുന്നു: പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യ സന്ദേശമാകുന്നു ഇഷ്ടമുള്ളവൻ വിശ്വസിച്ചു കൊള്ളട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ (18:30) പറയുക: **'അല്ലയോ ജനങ്ങളെ! നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോ ളിതാ സത്യം നിങ്ങളിൽ വന്നെത്തി യിരിക്കുന്നു. ആകയാൽ ആർ സന്മാർഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന് വേണ്ടി മാത്രം, ആർ വഴിതെറ്റുന്നുവോ അത് അതിന്റെ നഷ്ടത്തിലേക്കും. ഞാൻ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനായിനിയോ ഗിക്കപ്പെട്ടിട്ടില്ല. നിനക്ക് വെളിപ്പെട്ടതിനെ നീ പിന്തുടരുക. അല്ലാഹു വിധികൽപ്പിക്കുന്നത് വരെ ഉറച്ച് നിൽക്കുകയും ചെയ്യുക. അവൻ വിധികർത്താക്കളിൽ ഉത്തമനാണ്. '**(10: 109–110). ഇസ്ലാം മതത്തിൽ വിശ്വസിക്കാത്ത വരെയോർത്ത് കഠിനമായ ഹൃദയ വ്യഥ അനുഭവിച്ച തിരുമേനി (സ) യെ ആശ്വസിപ്പിച്ചു കൊണ്ട് ഖുർആൻ നൽകിയ സാന്ത്വനം ശ്രദ്ധിക്കുക: **'അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത പക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ?' (18: 7)** മുഹമ്മദ് നബി (സ) രാഷ്ട്രം സ്ഥാപിച്ച് അതിന്റെ ശക്തിയിലാണ് ഇസ്ലാമിക സമൂഹത്തെ നിർമിച്ചതെന്ന് പറയുന്ന അധികാര കാമുകന്മാർ ഈ ഖുർആൻ വാക്യം ഒന്നോർക്കണം:**'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റിലും നിന്ന് ചിതറിപോയിക്കളയുമായിരുന്നു. അതിനാൽ അവർക്ക് മാപ്പു നൽകുകുകയും പാപമോചനത്തിന് വേണ്ടി പ്രാർഥിക്കുകയും പ്രധാനമായ കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിനെ ഭരമേൽപ്പിക്കുക. തീർച്ചയായും അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു.' (3:160)**

സ്റ്റേറ്റ് അഥവാ രാഷ്ട്രം എന്ന അർഥത്തിൽ വിശുദ്ധ ഖുർആനിൽ ഒരൊറ്റപദവുമില്ല. ആ പദം താരതമ്യേന അധുനിക കാലത്ത് ദേശരാഷ്ട്രങ്ങളുടെ വളർച്ചയുമായി ബന്ധപ്പെട്ട് രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിക്കേ് കയറി വന്ന ഒരു പദമാണ്. നാസ്, ഉമ്മത്ത്, ഖൗം എന്നീ പദങ്ങൾ ജനസമൂഹം എന്ന അർഥത്തിലാണ് ഖുർആനിൽ പ്രയോഗിച്ചത്. അതു കൊണ്ടാണ് അതിന് മുമ്പൊരിക്കലും രാഷ്ട്രം എന്ന അർഥത്തിൽ ഉപയോഗിച്ചിട്ടില്ലാത്ത 'ദീൻ' എന്ന പദം അനേകം വ്യാഖ്യാന കസറത്തുകൾ നടത്തി രാഷ്ട്രം എന്ന അർഥം അതിൽ കൃത്രിമമായി അദ്ധ്യാരോപിക്കാൻ മൗലാനാ മൗദൂദി ധൃഷ്ടനായത്. ചുരുക്കത്തിൽ മതത്തെ രാഷ്ട്രമാക്കി മാറ്റാൻ ഒരിക്കലും ഇസ്ലാം അനുവദിക്കുന്നില്ല. (തുടരും)

www.alislam.org

പേജ് 12ൽ നിന്ന് തുടർച്ച

രിക്കുന്ന പ്രതിജ്ഞകളെ നിങ്ങൾ നിറവേറ്റുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും നാനാ തരം മാലിന്യങ്ങളിൽ നിന്നും ശുദ്ധമാക്കി അവന്റെ സാമീപ്യം കരസ്ഥമാക്കിയ മുത്തഖീങ്ങളിൽ അവർ ഉൾപ്പെടുകയും ചെയ്യുന്നതാണ്. അവരെ അല്ലാഹു സ്നേഹിക്കുന്നു. പ്രതിജ്ഞകൾ പാലിച്ചിട്ടില്ലെങ്കിൽ അനുഗ്രഹങ്ങൾ ലഭിക്കില്ല എന്ന് മാത്രമല്ല, മറിച്ച് നിങ്ങളോട് നിങ്ങളുടെ പ്രതിജ്ഞകളെകുറിച്ച് ചോദിക്കുന്നതാണ്. ഇതിൽ എല്ലാ പ്രതിജ്ഞകളും ഉടമ്പടികളും ഉൾപ്പെടുന്നു. അല്ലാഹുവിനോട് ചെയ്തിരിക്കുന്ന കരാറുകളെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ സൃഷ്ടികളോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകളെ കുറിച്ചും കരാറുകളെ കുറിച്ചും അത് പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ചോദിക്കുന്നതാണ്. ഉദാഹരണമായി കഴിഞ്ഞ ഖുത്ബുബയിൽ അനാഥ രുടെ സംരക്ഷണത്തെ കുറിച്ച് പറയുകയുണ്ടായി. അവരുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനെ കുറിച്ചും അതൊരു കരാറായിട്ടാണ് പറഞ്ഞത്. നിങ്ങൾ ഈ ഉത്തരവാദിത്വത്തെ നിറവേറ്റുന്നില്ലെങ്കിൽ നിങ്ങൾ കരാർലംഘനമാണ് ചെയ്യുന്നത്. ഇതു സംബന്ധമായി അല്ലാഹു നാളെ ചോദിക്കുന്നതാണ്. ഇതേ പോലെ ഭരണാധികാരികൾ അവർ തങ്ങളുടെ ഭരണ ചക്രം ശരിയാം വണ്ണം ചലിപ്പിക്കുന്നില്ലെങ്കിൽ അവരും ചോദിക്കപ്പെടുന്നതാണ്. പൊതുജനങ്ങളുടെ അവകാശം നൽകുന്നില്ലെങ്കിൽ അവർ ചോദിക്കപ്പെടുന്നതാണ്. ദൗർഭാഗ്യമെന്ന് പറയട്ടെ മുസ്ലിം നാടുകളിലുള്ള നേതാക്കന്മാരുടെ പൊതു അവസ്ഥ ഇതാണ്. അവർ തങ്ങളുടെ കടമകൾ നീതിപൂർവം നിർവഹിക്കുകയോ ജനങ്ങളുടെ അവകാശങ്ങൾ നൽകുകയോ ചെയ്യുന്നില്ല. അല്ലാഹു ചോദിക്കില്ല എന്ന് കരുതി നിർഭയരായിക്കുകയാണ്. അല്ലാഹു പറയുന്നു: തീർച്ചയായും നിങ്ങൾ ചോദിക്കപ്പെടുന്നതാണ്.

ഭാരവാഹികളെ കുറിച്ച് നേരത്തെ പറഞ്ഞതാണ്. അവർ നീതിയോടു കൂടി പെരുമാറുക. അവർ അവരുടെ കടമ നിറവേറ്റുന്നില്ലെങ്കിൽ ജമാഅത്ത് പ്രവർത്തനത്തിനായി ആവശ്യമായ സമയം നൽകുന്നില്ലെങ്കിൽ, ആലോചിച്ച് തീരുമാനമെടുക്കുന്നില്ലെങ്കിൽ, ജമാഅത്തംഗങ്ങളുടെ പ്രശ്നങ്ങളിൽ നീതിക്ക് മുൻതൂക്കം നൽകുന്നില്ലെങ്കിൽ അവരും അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടതായി വരും. ഒരു സാധാരണ അഹ്മദി ഏതെല്ലാം പ്രതിജ്ഞകളാണ്, കടമകളാണ് നിറവേറ്റേണ്ടത് എന്നതിനെ കുറിച്ച് ഞാൻ പറഞ്ഞു വന്നതാണ്. ബൈഅത്തിൽ പറയപ്പെട്ട കാര്യങ്ങൾ നിറവേറ്റുന്നില്ലെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടതായി വരുന്നതാണ്.

മറ്റൊരു സുപ്രധാന കരാറിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ നാട്ടിലെ പൗരന്മാരും അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് വിശുദ്ധ ഖുർആനെ സാക്ഷിയാക്കിക്കൊണ്ട് ചില സന്ദർഭങ്ങളിൽ രാജ്യത്തിന്റെ രാജാവിന്റെ പേരിൽ പ്രതിജ്ഞ എടുക്കുന്നു. രാജാവിന്റെ പേരിലാണെങ്കിലുംപ്രതിജ്ഞ നിറവേറ്റേണ്ടതുതന്നെയാണ്. അത് പൂർത്തിയാക്കേണ്ടത് ഒരു മുസ്ലിമിന് നിർബന്ധമാണ്. പൂർത്തിയാക്കാതിരിക്കുക എന്നത് വിശ്വാസത്തിലുള്ള കുറവാണ്. തിരുനബി (സ)പറയുകയുണ്ടായി ദേശ സ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്. ഇതിന്റെ സൂക്ഷ്മ വശങ്ങളെ കുറിച്ചും അഹ്മദികൾ ശ്രദ്ധിക്കേണ്ടതാണ്.

പ്രതിജ്ഞ നിറവേറ്റാത്തതു കാരണം ഉണ്ടാകുന്ന മറ്റൊരു പ്രശ്നം കൂടി ഞാൻ പറയാം. അത് ഒരു വീട്ടിൽ നിന്നും പുറപ്പെട്ട് രണ്ടു വീടുകളിലും കുടുംബത്തിലും സമൂഹത്തിലും അസ്വസ്ഥതക്ക് കാരണമാകുന്നു. കുലാഅ്, ത്വലാഖ് സമയങ്ങളിൽ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കാത്തതാണത്. അതിനെ കുറിച്ച് നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ പ്രതിജ്ഞാലംഘനം നടക്കുന്നു. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ നേരത്തെ പറഞ്ഞതു പോലെ നീതിയോടും കാര്യങ്ങൾ നേരെ ചൊവ്വേ പറയുന്നതിലൂടെയും പരിഹാരത്തിന് ശ്രമിച്ചാൽ പരിഹരിക്കപ്പെടുന്നതാണ്. പ്രശ്നങ്ങൾ തന്നെയുണ്ടാകില്ല. ഇനി പ്രശ്നങ്ങൾ ഉണ്ടായാൽ തന്നെ ഭാര്യഭർതൃബന്ധത്തിൽ അകൽച്ചയുണ്ടാകുമ്പോൾ അല്ലാഹു നമുക്ക് നൽകിയിരിക്കുന്ന ഉപദേശം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ച് ഭർത്താവ് ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം ധനം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചു വാങ്ങരുത്. കള്ള ആരോപണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമം ചെയ്തുകൊണ്ടും നിങ്ങളത് മേടിക്കുമോ? നിങ്ങൾ പരസ്പരം ഒട്ടിച്ചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽ നിന്ന് ഉറച്ചകരാർ വാങ്ങുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങനെ തിരിച്ച് വാങ്ങും? (4:21,22)

നമ്മുടെ ഇടയിൽ ഖുലാഅ്, തലാഖ് പ്രശ്നങ്ങളിൽ ഈ കല്പനയനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ ദീർഘകാലമായി ഖസായിൽ നടന്നു വരുന്ന കേസ്സുകൾ ഉണ്ടാകുമായിരുന്നില്ല. ചിലർ ത്വലാഖ് നൽകി കള്ള ആരോപണം ഉന്നയിക്കുന്നു. ഇത് വ്യക്തമായ പാപമാണ്. വല്ല യാഥാർത്ഥ്യവുമുണ്ടെങ്കിൽ തന്നെ അല്ലാഹുവിലേക്ക് കാര്യങ്ങൾ വിടുകയാണ് വേണ്ടത്. സാക്ഷ്യം നൽകുന്നതിന് വിവിധ നിബന്ധനകളുണ്ട്.

മറ്റൊരു സുപ്രധാന കാര്യം വിവാഹം എന്നത് ഒരുടമ്പടിയാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. ഭാര്യയും

ഭർത്താവും തമ്മിലും ചില ഉടമ്പടികൾ ഉണ്ടാകും. അതിൽ ബാഹ്യവുമായി ഒരു തെളിവും ഉണ്ടായിരിക്കില്ല. എന്നാൽ തന്നെയും ആ ഉടമ്പടികളും പൂർത്തിയാക്കണമെന്ന് അല്ലാഹു പറയുന്നു. അല്ലാഹു എല്ലാ സ്ഥലത്തുമുണ്ട്. എന്തെങ്കിലും കാരണത്താൽ ഈ ബന്ധം ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾ രഹസ്യമായി പറഞ്ഞ കാര്യങ്ങൾ പുറത്ത് പറയാൻ പാടില്ല. നിങ്ങൾ നൽകിയിരിക്കുന്ന വസ്തുക്കളെ കുറിച്ച് ചോദിക്കാൻ പാടില്ല. ചില സന്ദർഭങ്ങളിൽ പെൺകുട്ടിയുടെ ഭാഗത്ത് നിന്ന് വ്യക്തമായ അന്യായം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഖാസിക്ക് വ്യക്തമായാലൊഴികെ പുരുഷൻ സ്ത്രീക്ക് ഏതവസ്ഥയിലും മഹർ നൽകുകതന്നെ വേണം. ഖുലാഅ് ആയതുകൊണ്ട് മഹർ നൽകേണ്ട എന്ന ഒഴികഴിവൊന്നും പാടില്ല. ഇതിന് ഹഖ് മഹറുമായി ബന്ധമില്ല. ഇതിന്റെ മറ്റു വശങ്ങളുമുണ്ട്. എന്നാൽ ഞാൻ ഇപ്പോൾ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഒരുകാര്യത്തിലേക്ക് മാത്രമാണ്.

പുരുഷനും സ്ത്രീയും മനസ്സിലാക്കേണ്ടത് വിവാഹം ഒരു ഉടമ്പടിയാണ്. ആ ഉടമ്പടി പാലിക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്. ഇനി വല്ല കാരണവശാലും ഈ ഉടമ്പടി അവസാനിപ്പിക്കുകയാണെങ്കിൽ തന്നെ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. രഹസ്യങ്ങൾ സൂക്ഷിക്കേണ്ടതാണ്. ഇവിടെ അല്ലാഹു സ്ത്രീക്ക് തുല്യ അവകാശം നൽകിയിട്ടുണ്ടെങ്കിൽ സ്ത്രീകൾ തങ്ങളുടെ കാര്യങ്ങളും ശരിയായ രീതിയിൽ അവതരിപ്പിച്ചു കൊണ്ട് നീതിയോട് കൂടി ഈ പ്രതിജ്ഞ നിറവേറ്റാനായി തന്റെ വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കുക. വല്ല കാര്യവും വന്നാൽ തന്നെ അന്യായമായി പുരുഷന്മാരുടെ പേരിൽ വ്യാജാരോപണങ്ങളും അവരുടെ കുറ്റങ്ങളും പറയരുത്.

ഒരു വിശ്വാസിക്ക് ഉണ്ടായിത്തീരേണ്ട ഉന്നത പദവിയെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: തങ്ങളുടെ പ്രശ്നങ്ങളിൽ അവ അല്ലാഹുവുമായി ബന്ധപ്പെട്ടതാണെങ്കിലും സൃഷ്ടികളുമായി ബന്ധപ്പെട്ടതാണെങ്കിലും അനിയന്ത്രിതമായി വല്ല ആക്ഷേപത്തിനും പാത്രമാകുമോ എന്ന് ഭയപ്പെട്ടുകൊണ്ട് തന്റെ അമാനത്തുകളുടെയും കരാറുകളുടെയും അതി സൂക്ഷ്മമായ വശങ്ങളെ കൂടി പരിഗണിക്കുകയും തന്റെ അമാനത്തുകളെ കുറിച്ചും ഉടമ്പടികളെ കുറിച്ചും എപ്പോഴും ആത്മ പരിശോധന നടത്തികൊണ്ടിരിക്കുകയും തഖ്‌വയുടെ സൂക്ഷ്മ ദർശിനിയിലൂടെ അതിന്റെ ആന്തരിക വശങ്ങളെ കുറിച്ച് നോക്കിക്കാണുകയും, അറിയാതെ അവരുടെ അമാനത്തുകളിലും കരാറുകളിലും വല്ല കോട്ടവും സംഭവിച്ചിട്ടുണ്ടോ എന്ന് നോക്കുകയും അല്ലാഹുവിന്റെ അവരുടെ പക്കലുള്ള അമാനത്തുകളായ സർവ ശക്തികളും സർവ അവയവങ്ങളും ജീവനും സ്വത്തും അഭിമാനവും തുടങ്ങിയവ തഖ്‌വയുടെ അടിസ്ഥാനത്തിൽ അതാതു സ്ഥലങ്ങളിൽ ഉചിതമായ നിലയിൽ അവർ ഉപയോഗിക്കുന്നു. വിശ്വസിക്കുന്ന സമയത്ത് അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞയെ കഴിവിന്റെ പരമാവധി സത്യസന്ധമായ രീതിയിൽ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇതേ പോലെ സൃഷ്ടികളുമായി ബന്ധപ്പെട്ട അമാനത്തുകൾ അവരുടെ പക്കലുള്ളതിനെ അല്ലെങ്കിൽ അമാനത്തിന്റെ ഗണത്തിൽ പെടുന്നവയെല്ലാം കഴിവിന്റെ പരമാവധി തഖ്‌വയുടെ അടിസ്ഥാനത്തിൽ നിറവേറ്റാൻ ശ്രമിക്കുന്നു. വല്ല പ്രശ്നവും വന്നാൽ തഖ്‌വയെ മുൻനിർത്തികൊണ്ട് തീരുമാനമെടുക്കുന്നു. ഈ തീരുമാനത്തിൽ അവർക്ക് നഷ്ടം സംഭവിച്ചാലും ശരി. എല്ലാ പ്രവർത്തനത്തിലും തഖ്‌വയുടെ സൂക്ഷ്മ വശങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പറയുന്നു:മനുഷ്യന്റെ ആത്മീയമായ സൗന്ദര്യങ്ങൾ യഥാർഥത്തിൽ തഖ്‌വയുടെ അതി സൂക്ഷ്മമായ വശങ്ങളിലൂടെ ചലിക്കുന്നതിലാണുള്ളത്.

തഖ്‌വയുടെ അതി സൂക്ഷ്മമായ വശങ്ങൾ ആത്മീയ സൗന്ദര്യത്തിന്റെ പ്രതി ബിംബവും അതിന്റെ രൂപലാവണ്യവുമാണ്. അല്ലാഹുവിന്റെ കരാറുകളെയും പ്രതിജ്ഞകളും കഴിവിന്റെ പരമാവധി നിർവേറ്റുക എന്നത് അടിമുതൽ മുടി വരെയുള്ള ശക്തികളും അവയവങ്ങളും ബാഹ്യമായ തലത്തിൽ നോക്കുമ്പോൾ കണ്ണ്, ചെവി, കൈ, കാല്, മറ്റു അവയവങ്ങൾ, ആന്തരികമായി ഹൃദയം മറ്റു കഴിവുകളും ശക്തികളും ധാർമിക ഗുണങ്ങളും ഇവയെല്ലാം കഴിവിന്റെ പരമാവധി ആവശ്യമുള്ള സ്ഥലങ്ങളിൽ ശരിയാം വണ്ണം ഉപയോഗിക്കുകയും അനുചിതമായ സ്ഥലങ്ങളിൽ നിന്നും തടുക്കുകയും അതിന്റെ ഗൂഢമായ അക്രമത്തെ തൊട്ട് ജാഗരൂഗരായിരിക്കുകയും അതോടൊപ്പം തന്നെ സൃഷ്ടി കളോടുള്ള കടമയും നിറവേറ്റുകയും ചെയ്യുക എന്നിവയിലെല്ലാമാണ് മനുഷ്യന്റെ ആത്മീയ സൗന്ദര്യം ബന്ധപ്പെട്ട് നിൽക്കുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു തഖ്‌വയെ വസ്ത്രത്തോടാണ് ഉപമിച്ചത്. **ലിബാസുത്തഖ്‌വ** എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ഇത് സൂചിപ്പി ക്കുന്നത് ആത്മീയ സൗന്ദര്യവും ആത്മീയ ഭംഗിയും തഖ്‌വ മുഖേന യാണ് ഉണ്ടാകുക എന്നതാണ്. തഖ്‌വ എന്ന് പറഞ്ഞാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാന ത്തുകളും വിശ്വാസ പ്രതിജ്ഞ കളും അതേ പോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും കരാറുകളും കഴിവിന്റെ പരമാവധി പരിഗണിക്കുക. അതായത് അതിന്റെ അതി സൂക്ഷ്മമായ വശങ്ങളിൽ വരെ കഴിവിന്റെ പരമാവധി പ്രവർ ത്തിക്കുക.

തഖ്‌വയിൽ ചരിച്ചുകൊണ്ട് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരും കരാറുകളും പ്രതിജ്ഞകളും നിറവേറ്റുന്നവരുമായി അല്ലാഹു നമ്മേ മാറ്റട്ടെ.

വിവ. മൗലവി എം. നാസിർ അഹ്മദ്

കുറിപ്പുകൾ

# സിറിയയിലെ യുദ്ധത്തീ

മുസാഫിർ


മുല്ലപ്പൂ വിപ്ലവം എന്നറിയപ്പെടുന്ന അറബ് മുസ്‌ലിം ലോകത്തെ രാഷ്ട്രീയമാറ്റങ്ങളുടെ ഭാഗമായി കഴിഞ്ഞ രണ്ടരവർഷമായി ഒരു ലക്ഷത്തോളം മനുഷ്യ ജീവൻ അപഹരിച്ചു കഴിഞ്ഞ സിറിയൻ ഏകാധിപതി ബശാർ അൽ അസദിന്റെ ഭരണകൂടത്തിനെതിരെ വിമത സൈനികർ കലാപം നടത്തു കയാണ്. കലാപകാരികളുടെ പ്രക്ഷോഭത്തിൽ ഇടപെടാൻ തക്കം പാർത്തു കഴിയുന്ന അമേരിക്കക്കും ഇസ്രയേലിനും പാശ്ചാത്യ രാജ്യങ്ങൾക്കും ഇപ്പോൾ ഒരവസരം കൈവന്നിരിക്കയാണ്. കഴിഞ്ഞ ആഗസ്ത് 21ന് സിറിയയിലെ സിവിലിയൻ ജനങ്ങളുടെമേൽ സരിൻ എന്ന രാസായുധം പ്രയോഗിച്ച് നടത്തിയ കൂട്ടക്കൊലയായിരുന്നു അത്. സ്ത്രീകളും കുട്ടികളുമടക്കം ഇരുനൂറിലധികം ആളുകൾ കൊല്ലപ്പെട്ടുവെന്ന് ഔദ്യോഗിക വൃത്തങ്ങളും, 1700 ഓളം പേർ മരിച്ചുവെന്ന് സിറിയൻ പ്രതിപക്ഷവും പറയുന്ന ഈ സംഭവത്തിൽ എത്ര ആളുകൾ മരിച്ചുവെന്ന് കൃത്യമായ വിവരം ലഭിച്ചിട്ടില്ല. ക്രൂരമായ ഈ കൂട്ടക്കുരുതി സിറിയൻ ഭരണകൂടം നടത്തിയതാണെന്നും പറഞ്ഞ് അമേരിക്കയുടെ നേതൃത്വത്തിൽ ഇസ്റായേലും ബ്രിട്ടനും ഫ്രാൻസും സഊദി



അറേബ്യയും ആ രാജ്യത്തെ ആക്രമിക്കാൻ പടയൊരുക്കം നടത്തു കയാണ്. എന്നാൽ രാസായുധ പ്രയോഗം നടത്തിയത് അമേരിക്ക സഹായിക്കുന്ന വിമത പ്രക്ഷോഭകരാണെന്നും സിറിയയിൽ ഇടപെടാനാണ് ഈ ഹീനകൃത്യം ചെയ്തതെന്നും ഐക്യരാഷ്ട്ര സഭയിലെ സിറിയൻ സ്ഥാനപതി ബശ്ശാർ അൽ ജഅ്ഫരി വ്യക്തമാക്കി. സിറിയൻ സേനക്കെതിരെ ഇടക്കിടെ രാസായുധങ്ങൾ പ്രയോഗിക്കുന്നത് വിദേശ സഹായം ലഭിക്കുന്ന വിമതസേനയാണെന്നും അദ്ദേഹം പറഞ്ഞു. രാസായുധം ഉണ്ടാക്കാൻ പടിഞ്ഞാറൻ രാജ്യങ്ങളുടെ സഹായത്തോടെ തീവ്രവാദി ഗ്രൂപ്പുകൾക്ക് തുർക്കിയുടെ ഭാഗത്ത് ലാബ് ഒരുക്കിയിട്ടുണ്ടെന്നും സഊദിയും തുർക്കിയും ഖത്തറുമാണ് അവർക്ക് ആവശ്യമായ സാമഗ്രികളും ധനവും നൽകി സഹായിച്ചതെന്നും രാസായുധങ്ങൾ പിന്നീട് സിറിയയിൽ കൊണ്ടു വന്നതാണെന്നും ജഅ്ഫരി ആരോപിച്ചു. മാത്രമല്ല ഏത് സമയത്തും സിറിയക്ക് മേൽ അമേരിക്ക ചാടിവീഴാൻ അവസരം പാർത്തു നിൽക്കേ പിഞ്ചുകുട്ടികളും സ്ത്രീകളും അടങ്ങുന്ന സ്വന്തം ജനതക്കെതിരെ ഇത്ര ഭീകരമായ ഒരാക്രമണം അഴിച്ചു വിടാൻ ബശാർ അൽ അസദ് തയ്യാറാകില്ല എന്ന് പല നിരീക്ഷകരും ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

സിറിയക്കെതിരെയുള്ള യുദ്ധത്തിന് അന്താരാഷ്ട്ര സമൂഹത്തിന്റെ അംഗീകാരം നേടാൻ ഐക്യരാഷ്ട്ര സഭയുടെ രക്ഷാസമിതിയിൽ ബ്രിട്ടൻ പ്രമേയമവതരിപ്പിക്കും. പക്ഷേ വീറ്റോ അധികാരമുള്ള റഷ്യയും ചൈനയും പ്രമേയത്തെ രക്ഷാസമിതിയിൽ എതിർക്കുമെന്നുറപ്പാണ്. ഐക്യരാഷ്ട്ര സഭയുടെ അന്വേഷണ സംഘത്തി

ന്റെ റിപ്പോർട്ട് പുറത്ത് വരുന്നതിന് മുമ്പ് തന്നെ അമേരിക്കയും സഖ്യ കക്ഷികളും സിറിയൻ ഭരണകൂട മാണ് രാസായുധം പ്രയോഗിച്ചത് എന്ന നിഗമന ത്തിലെത്തി സ്വന്തം നിലക്ക് ആക്രമണത്തിന് വട്ടം കൂട്ടുകയാണ്. ഇത് യുഎൻ ചാർട്ട റിന്റെ ലംഘനമാണെന്ന് റഷ്യൻ വിദേശ കാര്യ മന്ത്രി പ്രഖ്യാപി ച്ചിട്ടുണ്ട്. ബശ്ശാറിനെതിരെ സിറിയൻ പ്രക്ഷോഭത്തിന് പിന്തുണ നൽകി കൊണ്ടുള്ള അന്താരാഷ്ട്ര സമൂഹ ത്തിന്റെ ആഗോള കൂട്ടായ്മയായ 'ഫ്രണ്ട്സ് ഓഫ് സിറിയ' കഴിഞ്ഞ വർഷം സമ്മേളിച്ചപ്പോൾ 114 രാജ്യങ്ങൾ പങ്കെടുത്തിരുന്നു. 2012 ഫെബ്രുവരിയിൽ ഫ്രഞ്ച് പ്രസിഡ ന്റായിരുന്ന നിക്കോളാസ് സാർക്കോ സിയുടെ നേതൃത്വത്തിൽ രൂപീക രിച്ച ഈ അന്താരാഷ്ട്ര സംഘട നക്ക് സഊദി അറേബ്യയും ഖത്ത റുംഅമേരിക്കയുമാണ് കാർമികത്വം വഹിച്ചത്. പ്രൊഫഷണൽ പട്ടാള ക്കാർക്ക് നൽകുന്നത് പോലെ കൃത്യ മായ ശമ്പളം നൽകി സിറിയയിലെ വിമത സേനയെ ശക്തിപ്പെടുത്തു കയായിരുന്നു ഈ സംഘടനയുടെ ഉദ്ദേശ്യം. എന്നാൽ ഇപ്പോൾ ഈ സംഘടനയിൽ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഇറ്റലി, തുർക്കി, സഊദി അറേബ്യ, ഖത്തർ, യു എ ഇ, ജോർദാൻ ഈജിപ്ത് എന്നീ രാജ്യങ്ങൾ മാത്രമായി ചുരുങ്ങി യിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ലോക പൊതു ജനാഭിപ്രായം സിറിയൻ ആക്രമണത്തിനെതിരാണ് എന്നാണ്. പല യൂറോപ്യൻ നഗരങ്ങ ളിലും ആക്രമണത്തിനെതിരെ പ്രകടനം നടക്കുന്നു. ബ്രിട്ടീഷ് പാർലമെന്റ് ആക്രമണത്തിനെ തിരെയുള്ള നിലപാടാണ് കൈകൊ ണ്ടത്. കാന്റൻ ബറി ആർച്ച് ബിഷപ്പ് റേജസ്റ്റീൻ വിൽബി ആക്രമിക്കാ നുള്ള തീരു മാനങ്ങളിൽ ധൃതി പാടില്ലെന്നും മുസ്‌ലിം ലോകത്ത് നിന്നും അറബ് ലോകത്ത് നിന്നും ഇത്വരെ കാണാ ത്ത രീതിയിലുള്ള പരിണിതി യായിരിക്കും സിറിയൻ അക്രമണം മൂലം ഉണ്ടാവുകയെന്നും മുന്നറി യിപ്പ്



ബശ്ശാർ അൽ ജഅ്ഫരി

നൽകിയിട്ടുണ്ട്. ഈ പശ്ചാത്ത ലത്തിൽ സിറിയൻ ആക്രമണ പ്രമേയം യുഎന്നിൽ പരാജയ പ്പെട്ടാൽ ബശ്ശാർ ഭരണകൂടത്തി നെതിരെ സ്വന്തം നിലക്ക് ആക്രമി ക്കാനാണ് അമേരിക്ക ഒരുങ്ങുന്നത്. അതായത് സ്വന്തം ജനതക്ക് മേൽ രാസായുധം പ്രയോഗിച്ചഭരണാധി കാരിയിൽ നിന്നും ആ ജനതയെ മോചിപ്പിക്കാനുള്ള മഹത്തായ ശ്രമ മായിരിക്കും തങ്ങൾ നടത്തുന്നത് എന്നായിരിക്കും അമേരിക്കൻ പ്രചാ രണം. ഇത്തരം ഒരാക്രമണം മേഖല യിൽ വൻ പ്രത്യാഘാതമുണ്ടാക്കു മെന്ന് റഷ്യയും ചൈനയും മുന്ന റിയിപ്പ് നൽകിയിട്ടുണ്ട്.

1998 ൽ അമേരിക്ക ഇറാഖി നെതിരെ ആക്രമണം നടത്തിയത് ഇറാഖിൽ കൂട്ടനശീകരണായു ധങ്ങളുണ്ടെന്ന് പറഞ്ഞായിരുന്നു. യുദ്ധത്തിൽ ചിരപുരാതനമായ ബാഗ്ദാദ് നഗരവും ഇറാഖിലെ ജനവാസ കേന്ദ്രങ്ങളും ചുട്ടുചാ മ്പലാക്കി. സ്ത്രീകളും കുട്ടികളു മടക്കം ലക്ഷക്കണക്കിനാളുകളെ കൊന്നൊടുക്കി. അവസാനം യു. എൻ. പരിശോധകർ ഇറാഖിൽ പരിശോധന നടത്തിയപ്പോൾ രാസ-ജൈവായുധങ്ങളുടെ ഒരുതരി പോലും കണ്ടുകിട്ടിയില്ല. ആഗോള മാധ്യമങ്ങളുപയോഗിച്ച് ആക്ര മിക്കാനൊരുങ്ങുന്ന രാജ്യത്തെപ്പറ്റി ഏതെങ്കിലും ഒരു കാരണമുണ്ടാക്കി പ്രചാരണം നടത്തുക അതിന് ശേഷം ആക്രമിക്കുക എന്ന രീതി നാം ഇറാഖ് യുദ്ധത്തിൽ കണ്ട താണ്. കുളം കലക്കിയത് നീയല്ലെ ങ്കിൽ നിന്റെ പിതാവാണ് എന്ന് പറഞ്ഞ് ഇരയായി തീർന്ന കഥയിലെ ആട്ടിൻകുട്ടിയെ പോലെ ലക്ഷ്യമിട്ട രാജ്യങ്ങളുടെ മേൽ എന്തെങ്കിലും ഒരു കാരണമു ണ്ടാക്കുകയാണ്. അറബ് രാജ്യങ്ങ ളുടെ കൊള്ളരുതായ്മയും അനൈ ക്യവും ഇതിന് അനുകൂലമായ ഘടകമാണ്. ഇറാഖിൽ അരങ്ങേ റിയ ആ യുദ്ധ നാടകമാണ് ഇവിടെ യും നാം കാണുന്നത്. അമേരി ക്കയുടെയും ഇസ്റായേലിന്റെയും സിറിയക്കെതിരെയുള്ള ആരോപണ ങ്ങൾക്ക് വിശ്വാസ്യത പകരാനാണ് സഊദി അറേബ്യയും ഖത്തറിനേ യും കൂടെ നിർത്തുന്നത്. എക്കാല വും അമേരിക്കൻ ഇസ്റയേൽ താൽപര്യത്തിന് വേണ്ടി നില കൊണ്ട മുസ്‌ലിം രാഷ്ട്രമാണ് സഊദി അറേബ്യ. ഈ രണ്ടു മുസ്‌ലിം രാജ്യങ്ങളും സിറിയൻ ആക്രമണത്തിന്റെ മുൻ നിരയി ലുണ്ട് എന്നതാണ് ഏറെ ലജ്ജാ കരം. അവരുടെ വൻ തോതിലുള്ള എണ്ണ പണം ഉപയോഗിച്ചാണ് പാശ്ചാത്യ നാടുകളിൽ നിന്ന് ആയുധങ്ങൾ വാങ്ങി സിറിയൻ വിമത സേനക്ക് നൽകുന്നത്.

മദ്ധ്യപൗരസ്ത്യ ദേശത്തെ അങ്ങേയറ്റം ദുർബലമായ മുസ്‌ലിം രാജ്യങ്ങൾക്ക് മദ്ധ്യത്തിൽ ന്യൂക്ലി യർ ആയുധങ്ങളടക്കമുള്ള ലോക ത്തിലെ തന്നെ ഏറ്റവും വലിയ സൈനിക ശക്തിയാണ് ഇസ്റയേൽ. അമേരിക്കയെ പോലും നി യന്ത്രി ക്കാനുള്ള ധന ശേഷിയും ഇച്ഛാ ശക്തിയും ഇസ്റയേലിനുണ്ട്. James Petras രചിച്ച The Power of Israel in the United States എന്ന പുസ്തകത്തിൽ പ്രതിപാദിച്ച കാര്യങ്ങൾ ശ്രദ്ധേയമാണ്. അമേരി ക്കയിൽ 60 ശതമാനം ഡമോക്രാറ്റു കളും 35 ശതമാനം റിപ്പബ്ലിക്കൻ സെനറ്റർ മാർക്കും സാമ്പത്തിക സഹായം നൽകുന്നത് ജൂത അനുകൂല പൊളിറ്റിക്കൽ ആക്ഷൻ

കമ്മിറ്റിയാണെന്ന് വാഷിങ്ങ്ടൺ പോസ്റ്റിനെ ഉദ്ദരിച്ചു കൊണ്ട് പറയുന്നു. അമേരിക്ക യിലെ ശത കോടീശ്വരന്മാരിൽ 25ശതമാനം മുതൽ 30 ശതമാനം വരെ യഹൂദരാണെന്നാണ് ഫോബ് സ് മാസിക നടത്തിയ സർവേയിൽ പറയുന്നത് എന്ന് പ്രസ്തുത പുസ്തകം പറയുന്നു. ഇങ്ങനെ അമേരിക്കയിലെ യഹൂദരുടെ ലോബിയിങ്ങ് ശക്തിയുടെ ഞെട്ടിപ്പി ക്കുന്ന പല വസ്തുതകളും പ്രസ് തുത പുസ്തകത്തിലുണ്ട്. രൂപീക രിച്ച കാലം മുതൽ ഇസ്റായേൽ സിറിയയുമായി ശത്രുതയിലാണ്. സിറിയക്കെതിരെയുള്ള ഈ അവസരം ഏറ്റവും കൂടുതൽ ഉപയോഗിക്കുക ഇസ്റായേലാ യിരിക്കുമെന്നതിൽ സംശയമില്ല. എല്ലാ സാമാന്യ യുക്തിയും വെച്ച് പരിശോധിച്ചാലും ഈ യുദ്ധം ഇസ്റായേലിന് വേണ്ടിയുള്ള യുദ്ധ മാണെന്ന് കാണാൻ കഴിയും.

മറ്റൊരു വസ്തുത, മുസ്ലിം ലോകത്ത് ഇത്വരെയില്ലാതിരുന്ന തോതിൽ സുന്നി-ശിയാ സംഘർഷം ഇന്ന് എവിടെയും സജീവമാണ്. പാകിസ്താൻ മുതൽ തുർക്കി വരെയുള്ള രാജ്യങ്ങളിൽ ബോംബ് സ്ഫോടനവും വെടിവെപ്പും കൊലപാതങ്ങളുമായി സുന്നി-ശിയാ സംഘർഷം രൂക്ഷമായി വരി കയാണ്. ആധുനിക മുസ്ലിം കളുടെ സ്വതസി ദ്ധമായ അസഹിഷ്ണുതയോടൊപ്പം അമേരിക്കയും ഇസ്റായേലും മുസ്ലിം ലോകത്തെ ഭിന്നിപ്പിക്കാനു ള്ള ഒരു തുരുപ്പ്ചീട്ടായി ഇത് ഉപയോഗിക്കുന്നുവെന്ന് വേണം കരുതാൻ. ഇസ്ലാമിന്റെ പേരിൽ തീവ്രവാദവും ഭീകരവാദവും നടത്തികൊണ്ടിരിക്കുന്ന പലരും പശ്ചാത്യ ശക്തികളുടെ മാസപ്പടി പറ്റുകാരാ ണെന്നത് ഒരു യാഥാർത്ഥ്യമാണ്. ചില രാഷ്ട്രീയ പ്രാധാന്യമുള്ള സന്ദർഭ ങ്ങളിൽ പരോക്ഷമായി പാശ്ചാത്യ ശക്തികളെ സഹായിക്കുന്ന രീതി യിൽ ജിഹാദ് വിളിയും സംഘർ ഷങ്ങളും ബോംബ് സ്ഫോടന ങ്ങളും കൊലപാതങ്ങളുമായി ഇസ്ലാം മതത്തെ തീവ്രമായി സ്നേഹിക്കുന്നതിന്റെ പേരിൽ എന്തും ചെയ്യാൻ മടിയ്ക്കാത്തവർ എന്ന് പറഞ്ഞ് രംഗപ്രവേശനം ചെയ്യുന്നവരെ ന്യായമായും സംശ യിക്കേണ്ടിയിരിക്കുന്നു. സിറിയൻ നേതാവ് ബശ്ശാറുൽ അസദിനെതിരെയുള്ള പ്രക്ഷോഭ ത്തിനും സുന്നി-ശിയാ ശാത്രവ ത്തിന്റെ ഒരു പശ്ചാത്തലം നൽകാൻ കൊണ്ട് പിടിച്ച് ശ്രമിക്കുന്നുണ്ട്. ശിയാ, അലവി വിഭാഗത്തിൽ പെടു ന്നതാണ് ബശ്ശാറിന്റെ കുടുംബം. അഞ്ച് പതിറ്റാണ്ടായി നിലനിൽ ക്കുന്ന അറബ് ബഅസ് സോഷ്യ ലിസ്റ്റ് പാർട്ടിയുടെ ഭരണമാണ് സിറിയയിൽ നിലനിൽക്കുന്നത്. പിതാവ് ഹാഫിസുൽ അസദ് 2000 ൽ മരിച്ചതിന് ശേഷമാണ് ബശ്ശാറുൽ അസദ് ഭരണമേറ്റടുത്തത്. ബ്രിട്ട നിൽ വിദ്യാഭ്യാസം നിർവഹിച്ച്, നന്നായി ഇംഗ്ലീഷ് സംസാരിക്കുന്ന ബശ്ശർ ഇംഗ്ലീഷുകാരിയെ തന്നെ യാണ് വിവാഹം കഴിച്ചത്. എല്ലാ അറബ് ഭരണാധികാരികളേയും പോലെ ജനാധിപത്യത്തിന് പുല്ലു വില കൽപ്പിക്കുന്ന കൂട്ടത്തിൽ പെട്ടയാളാണ് ബശ്ശർ. സിറിയയിൽ ഭൂരിപക്ഷം സുന്നികളാണ്. 59-60% ത്തോളം വരും സുന്നികൾ. 13% ശിയാക്കളും 10% ക്രിസ്ത്യാനികളു മാണ് ബാക്കി മറ്റുള്ളവരും. അല വികൾ, ഇസ്നാ അശരിയ്യാക്കൾ, ഇസ്മായിലികൾ എന്നി വിഭാഗക്കാ രടങ്ങിയതാണ് ശിയാക്കൾ. അതിൽ വളരെ ന്യൂനപക്ഷമായ അലവി കളിൽ പെട്ടയാളാണ് സിറിയൻ ഭരണാധികാരി ബശ്ശർ. നാലാം ഖലീഫ അലിയ്യുബ്നു അബീതാ ലിബിന്റെ നാമത്തിൽ നിന്നാണ് ഈ ശിയാ വിഭാഗത്തിന് അലവികൾ എന്ന് നാമം ലഭിച്ചത്. പ്രക്ഷോഭം നടത്തുന്ന ഭൂരിപക്ഷം ജനങ്ങളാക ട്ടെ സുന്നികളും. ഈയൊരു പശ്ചാത്തലമാണ് സുന്നി-ശിയാ സംഘട്ടനമായി സിറിയൻ പ്രക്ഷോഭം ചിത്രീകരിക്കപ്പെടുന്നത്. സിറിയൻ ഭരണകൂടത്തിന് ഇറാന്റെയും ലബനോനിലെ ശിയാ ഗ്രൂപ്പിന്റെയും പിന്തുണയും എതിർ പക്ഷത്ത് സുന്നികളായ സഊദി അറേബ്യ യും നിലയുറപ്പിക്കുമ്പോൾ സുന്നി ശിയാ വിഭജനത്തിന്റെ ചിത്രം പൂർത്തിയാവുന്നു. ഇത് സുന്നി മുസ്ലിം ലോകത്തെ സ്വാധീനി ക്കാനുള്ള സാമ്രാജ്യ ശക്തികളുടെ ഒരുശ്രമമാണ്. അഞ്ച് പതിറ്റാണ്ടായി സിറിയയിൽ ഇല്ലാത്ത ഇത്ര രൂക്ഷ മായ സുന്നി-ശിയാശത്രുത മുസ്ലിം ലോകത്ത് നിക്ഷിപ്ത താൽപര്യ മുള്ള ബാഹ്യ ശക്തികൾ സൃഷ്ടി ക്കുന്നതോ ഊതി വീർപ്പിച്ചതോ ആകാം.

സിറിയയെ അമേരിക്ക ആക്രമി ച്ചാൽ റഷ്യയും ചൈനയും എന്ത് നിലപാട് സ്വീകരിക്കും? അമേരി ക്കൻ യുദ്ധകപ്പലുകൾ നങ്കൂരമിട്ട മധ്യധരണ്യാഴിയിലേക്ക് റഷ്യയുടെയും യുദ്ധകപ്പലുകൾ പുറപ്പെട്ടിട്ടുണ്ടെന്ന് വാർത്തകളിൽ കാണുന്നു. ലോകത്ത് നീതിയും ന്യായവും നടപ്പാക്കാൻ ഒരിക്കലും അമേരിക്കയുടെ മറുപക്ഷത്ത് നിൽ ക്കുന്ന റഷ്യയും ചൈനയും മുന്നോ ട്ട് വരില്ല. അമേരിക്കയുടെ ആക്രമ ണഫലമായി അവരുടെ താൽപര്യ ങ്ങൾക്ക് ക്ഷതമേൽക്കുമോ എന്ന കാര്യത്തിൽ മാത്രമാണ് വൻശ ക്തികൾക്ക് ആശങ്ക. അങ്ങനെ യെങ്കിൽ അവർ ശക്തമായി പ്രതിക രിക്കും. അത് ലോകവ്യാപകമായ സംഘർഷമായി മാറിയേക്കാം. അത്രക്ക് തന്ത്ര പ്രാധാന്യമുള്ള ഒരു മേഖലയിലാണ് സംഘർഷമു ണ്ടാകുന്നത് എന്ന് നാം ഓർക്കണം. അല്ലെങ്കിൽ പ്രതിയോഗികളായ വൻ ശക്തികൾ തമ്മിൽ നേട്ടങ്ങൾ പങ്കുവെക്കാമെന്ന രഹസ്യധാരണ യുണ്ടാക്കി അമേരിക്ക സിറിയയെ ആക്രമിക്കുമ്പോൾ ഇറാഖിൽ ചെയ് തത് പോലെ മറുപക്ഷം എന്തെങ്കി ലും ചില്ലറ പ്രതിഷേധം പ്രകടിപ്പിച്ച് മിണ്ടാതിരിക്കുകയുമാവാം.

ഏതായാലും ശാം(സിറിയ) ദേശം സെമിറ്റിക്ക് മതങ്ങളിൽ പ്ര വചിക്കപ്പെട്ട യുഗാന്ത്യ സംഭവ ങ്ങളുമായി ബന്ധപ്പെട്ട നിരവധി സംഭവങ്ങൾക്ക് രംഗവേദിയാവേണ്ട ദേശമാണ്. റസൂൽ തിരുമേനി(സ)

അവസാന കാലത്തെ സർവനാശം വിതക്കുന്ന ശക്തികളുടെ പുറപ്പാടിനെ പറ്റിപറഞ്ഞ പ്രവചനങ്ങൾ ശാമുമായി അഥവാ സിറിയയുമായി ബന്ധപ്പെട്ടതാണ്. സിറിയ ഉമവീ ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്നു. പലകാലത്തും അതിർത്തി മാറ്റിവരക്കപ്പെട്ട ഒരു രാജ്യമാണ് ശാം. നിരവധി നാഗരിക സംസ്കൃതികളുടെ ജന്മഭൂമിയും വളർത്തുഭൂമിയുമായ സിറിയ അവയുടെയെല്ലാം ഉത്ഥാന പതനങ്ങൾക്ക് സാക്ഷ്യം വഹിച്ച ചരിത്ര ഭൂമികൂടിയാണ്. ലോകത്തിന്റെ പരിഷ്ക്കരണത്തിനും രക്ഷക്കു മായി അല്ലാഹു ഇക്കാലത്ത് നി യോഗിച്ചയച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)സിറിയയു മായിബന്ധപ്പെടുത്തി പറഞ്ഞ ഒരു മഹാപ്രവചനം നമ്മുടെ ശ്രദ്ധയിലുണ്ടായിരിക്കണം. അവിടുന്ന് പറഞ്ഞു: ***ലോകത്ത് വമ്പിച്ച ഒരു പ്രളയം (ഹശ്ർ) ഉണ്ടാകും. അതു ഒന്നാമത്തെ പ്രളയമായിരിക്കും. എല്ലാ രാജാക്കന്മാരും (രാഷ്ട്രങ്ങളും) പരസ്പരം ആക്രമിക്കും. ലോകം രക്തം കൊണ്ട് നിറയു മാറു ചോര ചൊരിച്ചിലുണ്ടാകും. ഓരോ രാജാക്കന്മാരുടേയും പ്രജകൾ തമ്മിലും ഭയങ്കരമായ യുദ്ധം നടക്കും. ലോക വ്യാപകമായ ഒരു നാശമുണ്ടാകും. ഈ എല്ലാ സംഭവങ്ങളുടെയും കേന്ദ്രം ശാം (സിറിയ) ആയിരിക്കും.*** (തദ്ക്കിറത്തുൽ മഹ്ദി – രണ്ടാം വാല്യം ഭാ, 3) സിറിയയെ പറ്റിയുള്ള ഒരു ബൈബിൾ പ്രവചനം നോക്കൂ: ഡമാസ്ക്കസിനെക്കുറിച്ചുള്ള ഒരു അരുളപ്പാട് കണ്ടാലും, ഡമാസ്ക്കസ് ഒരു നഗരമല്ലാതായി തീരും, അത് ഒരു പാഴ്ക്കൂമ്പാരമാകും അവളുടെ നഗരങ്ങൾ എന്നെന്നേക്കുമായി ഉപേക്ഷിക്കപ്പെടും (യെശയ്യാ17:1,2) സിറിയക്കും ലോകത്തിനും അങ്ങിനെയൊരു ഗതിവരാതിരിക്കട്ടെ

*(സിറിയൻ പ്രക്ഷോഭത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച 2012 മെയ് മാസത്തെകുറിപ്പ് നോക്കുക.)*

## ഈദ് മിലൻ ഹൃദയഹാരിയായി

എറണാകുളം: കൊച്ചി നഗര സന്ധ്യക്ക് ചെറിയ പെരുന്നാളിന്റെ തേൻ മധുരം പകർന്ന 'ഈദ് മിലൻ 2013' ഹൃദയഹാരിയായി. വിരുന്നിനെത്തിയ അതിഥികളെ അലോസരപ്പെടുത്താത്ത വിധത്തിൽ കാലവർഷം മാറി നിന്നപ്പോൾ സദസ്സിൽ പെയ്തത് ആഹ്ലാദത്തിന്റെ പൂനിലാമഴ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ലാ നേതൃത്വം ഹോട്ടൽ അബാദ് പ്ലാസയിൽ വെച്ച് 2013 ആഗസ്റ്റ് 10 –ാം തീയതിയാണ് പരിപാടി സംഘടിപ്പിച്ചത്. മൗലവി എം. നാസിർ അഹ്മദ് സാഹിബ് വിശുദ്ധഖുർആൻ പാരായണം ചെയ്തു. അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി ലോകത്തിന് നൽകുന്ന സന്ദേശം ഉൾക്കൊള്ളാൻ നമുക്കെല്ലാം സാധിക്കുമ്പോൾ മാത്രമെ നന്മ നിറഞ്ഞ സമൂഹം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂവെന്ന് സംഗമം ഉദ്ഘാടനം ചെയ്തു കൊണ്ട് കൊച്ചി മേയർ ശ്രീ. ടോണി ചമ്മണി അഭിപ്രായപ്പെട്ടു. യേശുദേവൻ ഉൾപ്പടെ എല്ലാവരെയും അംഗീകരിക്കുന്ന സമൂഹമാണിത്. സ്വന്തം വിശ്വാസത്തോടൊപ്പം മറ്റുള്ളവരെയും ഉൾക്കൊള്ളാനും ബഹുമാനിക്കാനും കഴിയുന്നു എന്നതാണ് ഈ ജമാഅത്തിന്റെ സവിശേഷത. അന്യമത വിശ്വാസത്തെ മാനിക്കാനും യാഥാർഥ്യം ഉൾക്കൊള്ളാനും സാധിക്കുമ്പോഴാണ് സംഘർഷ രഹിതമായ സമൂഹം കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളുവെന്ന് മേയർ ഓർമപ്പെടുത്തി. മറ്റുള്ളവർക്ക് കൂടി നാം ഇടം നൽകുമ്പോൾ ജീവിതം ആഘോഷമായി മാറുമെന്നും ഇത്തരം സദസ്സുകൾ അഹ്മദികളുടെ മഹത്വമാണ് കാണിക്കുന്നതെന്നും സിറോ മലബാർ സഭ വക്താവ് ഫാദർ പോൾ തേലേക്കാട്ട് വ്യക്തമാക്കി. വാഗ്ദത്ത മസീഹിനാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകത്തിന്റെ വിവിധ കോണുകളിൽ ധാർമികതയുടെയും സ്നേഹത്തിന്റെയും വക്താക്കളായി പ്രവർത്തിച്ചു വരികയാണെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബ് പറഞ്ഞു. കുരുക്ഷേത്ര പബ്ലിക്കേഷൻ സെക്രട്ടറി ഇ.എൻ നന്ദകുമാർ, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് സോൺ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബ് എന്നിവരും പ്രസംഗിച്ചു.

–ബി.എ. മുഹമ്മദ് നജീബ്, എറണാകുളം

## അൻസാറുല്ലാഹ് തർബിയത്ത് ക്യാമ്പ് നടത്തി

കാവശ്ശേരി: മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് മേഖലാ തർബിയത്ത് ക്യാമ്പ് ആഗസ്റ്റ് 22–ാം തീയതി കാവശേരി ജമാഅത്തിൽ വെച്ച് നടത്തി. ജില്ലാ അമീർ പ്രൊഫ. എം. കെ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം നിർവഹിച്ചു. മേഖലാ നാസിം എം. താജുദ്ദീൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്‌ലിയാർ ഖുർആൻ പാരായണം നടത്തി. മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, അബ്ദുസലാം സാഹിബ്, എച്ച് സുലൈമാൻ സാഹിബ്, അഭിലാഷ്, കെ. അയമു മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ഇന്തോ ഏഷ്യൻ ന്യൂസ് സർവീസ് ഡയറക്ടർ കെ. പി. കെ. കുട്ടി അൻസാർ ന്യൂസ് ബുള്ളറ്റിൻ, പ്രകാശനം ചെയ്തു.

# ആഗോള അഹ്മദിയ്യാ സമ്മേളനം വിജയകരമായി സമാപിച്ചു

⦿അഹ്മദിയ്യാമുസ്‌ലിം ജമാഅത്ത് 204 രാജ്യങ്ങളിൽ. ⦿ 2012-2013 നടപ്പുവർഷത്തിൽ ജമാഅത്ത് സ്ഥാപിതമായത് കോസ്റ്ററിക്കയിലും (Costa Rica) മോണ്ടിനെഗ്രോയിലും (Montenegro). ⦿പാകിസ്താനു പുറമെ 565 സ്ഥലങ്ങളിൽ പുതിയ ജമാഅത്തുകൾ. ⦿ ഈ വർഷം 394 പള്ളികളുടെ വർധന. ⦿ 136 പള്ളികൾ നാം നിർമിച്ചത്, 258 പള്ളികൾ അനഹ്മദീ മുസ്‌ലീംകൾ കൂട്ടമായി ജമാഅത്തിൽ ചേർന്നതുകൊണ്ട് നമുക്ക് ലഭിച്ചത്. ⦿ മാലിയിൽ 45 പള്ളികൾ മുസ്‌ലീംകൾ കൂട്ടത്തോടെ ബയ്അത്ത് ചെയ്തതിനാൽ നമുക്ക് ലഭിച്ചു, 6 പള്ളികൾ നാം പുതുതായി നിർമിച്ചു. ⦿ ന്യൂസിലാന്റിൽ ആദ്യത്തെ പള്ളി ഉദ്ഘാടനം ചെയ്തു. ⦿ന്യൂസിലാന്റിലും ഐർലന്റിലും ജപ്പാനിലും പള്ളികളുടെ നിർമാണം അവസാന ഘട്ടത്തിൽ. ⦿ 121 മിഷൻഹൗസുകളുടെ വർധന. ⦿71 ഭാഷകളിൽ വിശുദ്ധ ഖുർആനിന്റെ പരിഭാഷ. ⦿മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ വെബ്സൈറ്റ് തുടങ്ങി. ⦿ജൂലായ് 31 മുതൽ മാർഷൽഐലന്റിൽ ലോക്കൽ കേബിൾ ചാനലിൽ എം.ടി എ പ്രോഗ്രാം സംപ്രേഷണം തുടങ്ങി.⦿എം.ടി.എ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഘാന നാഷണൽ ടിവിയുമായി കരാർ ചെയ്തു. ⦿എം.ടി.എ, റേഡിയോ മുഖേന 18 കോടി24ലക്ഷം ആളുകൾക്ക് സന്ദേശമെത്തി.⦿വാഗ്ദത്ത മഹ്ദി മസീഹിന്റെ 18 ഗ്രന്ഥങ്ങൾ ഓൺലൈനിൽ. ⦿ വഖ്ഫെ നൗ പദ്ധതിയിൽ 2801 കുട്ടികളുടെ വർധന. ⦿ മൊത്തം വഖ്ഫെ നൗ കുട്ടികൾ 50687. ⦿ പെൺകുട്ടികൾ 19336. ⦿ആൺകുട്ടികൾ31351. ⦿പാകിസ്താനിൽ മാത്രം 28210. ⦿ഈ വർഷം ജമാഅത്തിൽ പ്രവേശിച്ചവർ 5,40,482. ⦿മാലിയിൽ മാത്രം 1,34,480 ബയ്അത്ത്. ⦿ നൈജീരിയ 96,000. ⦿ ഘാന 58,416. ⦿ബുർക്കിനോഫാസോ 50,599.⦿ ഐവറികോസ്റ്റ് 11,000. ⦿ ബനിൻ 48,000. ⦿ കാമറോൺ 24,000.സിറാലിയോൺ51,000. ⦿ഇന്ത്യ 3,322. *(റിപ്പോർട്ട് മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)*

## ഭക്തിയിലൂന്നിയുള്ള ജീവിതത്തിനെ നിലനില്പുള്ളൂ

– ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

ആൾട്ടൻ(ലണ്ടൻ): അനശ്വരമായ ജീവിതം പ്രദാനം ചെയ്യാൻ ദൈവഭക്തിയ്ക്കു മാത്രമെ സാധിക്കുകയുള്ളൂവെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയനേതാവ് ഖലീഫത്തുൽ മസീഹ് ഖാമിസ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) പറഞ്ഞു. ആൾട്ടനിലെ ഹദീഖത്തുൽ മഹ്ദിയിൽ പ്രത്യേകം സജ്ജമാക്കിയ നഗരിയിൽ യു.കെ. അഹ്മദിയ്യാ ആഗോള സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വാഗ്ദത്ത മഹ്ദിയും മസീഹുമായി ഇക്കാലഘട്ടത്തിൽ അല്ലാഹു നിയോഗിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തഖ്‌വാ അഥവാ ദൈവഭക്തിയെ കുറിച്ചു പറഞ്ഞിട്ടുളള ആത്മീയ വിഷയങ്ങളെ അധികരിച്ചുള്ളതായിരുന്നു 50 മിനിറ്റു നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഉദ്ഘാടന പ്രഭാഷണം. പ്രഭാഷണം തുടങ്ങിയത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ലിഖിത ശകലം കേൾപ്പിച്ചുകൊണ്ടായിരുന്നു. ആ മഹാത്മാവ് പറഞ്ഞു:

''ഇസ്‌ലാമിന്റെ യാഥാർഥ്യത്തിൽനിന്ന് ജനങ്ങൾ പൂർണമായും അകലെ വീണുകിടക്കുകയാണ്. ഇസ്‌ലാമികമായ യഥാർഥ ജീവിതം ഒരു മരണത്തെ ആഗ്രഹിക്കുന്നു. അതു കയ്പുള്ളതാണ്. എന്നാൽ, ആരാണോ അത് സ്വീകരിക്കുന്നത് അവൻ അവസാനം ജീവിതം കൈവരിക്കുന്നു. നബിവചനത്തിൽ വന്നിരിക്കുന്നു, 'മനുഷ്യൻ ദുൻയാവിലെ അഭിലാഷങ്ങളും സുഖങ്ങളും സ്വർഗമാണെന്ന് കരുതുന്നു. വാസ്തവത്തിൽ അതു നരകമാണ്.' ഭാഗ്യവാൻ ദൈവവഴിയിൽ ദുഃഖം തിരഞ്ഞെടുക്കുന്നു. അതാണ് സ്വർഗം. ലോകം നശ്വരമാണെന്നതിൽ ഒരു സംശയവുമില്ല. മരിക്കുന്നതിനുവേണ്ടിയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പ്രിയപ്പെട്ട എല്ലാ സുഹൃത്തുക്കളും ബന്ധുമിത്രാദികളും വേർപ്പെട്ടുപോകുന്ന ഒരു നേരം അവസാനം വരികതന്നെ ചെയ്യും. അന്നേരം അനുചിതമായ അഭിലാഷങ്ങളും സുഖങ്ങളും എത്രത്തോളം സുഖമുള്ളതായി അനുഭവപ്പെട്ടിരുന്നുവോ അത്രത്തോളം കയ്പിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. യഥാർഥമായ സമ്പൽസമൃദ്ധിയും സന്തോഷവും ദൈവഭക്തി കൂടാതെ ലഭിക്കുകയില്ല. ദൈവഭക്തിയിൽ നിലകൊള്ളുക എന്നത്, വിഷത്തിന്റെ കോപ്പ കുടിക്കുന്നതുപോലെയാണ്. ഭക്തന് അല്ലാഹുസകല സുഖങ്ങളുടേയും സാധനങ്ങൾ സംഘടിപ്പിച്ചുകൊടുക്കുന്നു. **മയ്യത്തഖില്ലാഹ യജ്അ**

**ല്ലഹു മഖ്റജവ്വയർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്** (65:3,4) അതുകൊണ്ട് സമ്പൽസമൃദ്ധിയുടെ യഥാർഥ ധർമം തഖ്‌വ അഥവാ ദൈവഭക്തിയാകുന്നു. പക്ഷേ, ദൈവഭക്തി ലഭിക്കാൻ നാം നിബന്ധനകളൊന്നും വെക്കാൻ പാടില്ല. ദൈവഭക്തി ലഭിക്കുന്നതോടെ ദൈവത്തോടു എന്തു ചോദിച്ചാലും കിട്ടുന്നതാണ്. അല്ലാഹു കരുണാമയനും ഉദാരനുമാണ്. അവൻ നിശ്ചയിക്കുന്നതു തരുന്നു. കഴിഞ്ഞുകടന്ന വൊലിയാക്കളും ഖുത്ബീംകളും ദൈവഭക്തിയിലൂടെയാണ് സർവവും കരസ്ഥമാക്കിയത്. അവർ ദൈവഭക്തി കൈക്കൊണ്ടിരുന്നില്ലെങ്കിൽ സാധാരണക്കാരെപ്പോലെയാകുമായിരുന്നു. 10നും 20നും വേണ്ടി തൊഴിലെടുത്തു ജീവിക്കുമായിരുന്നു. അതിനേക്കാൾ കൂടുതൽ ഒന്നും ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഇന്ന് അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥാനവും പ്രസിദ്ധിയും ആദരവുമെല്ലാം അവരുടെ ദൈവഭക്തിമൂലമാണ്. അവർ ഒരു മരണം വരിച്ചു. അതിനുപകരം ജീവിതം പ്രാപിച്ചു." (മൽഫൂദാത്ത് വാല്യം 3 പേജ് 90, 2003 പതിപ്പ്)

തുടർന്ന് ഖലീഫത്തുൽമസീഹ്, ദൈവഭക്തിയുടെ പ്രാധാന്യത്തെ കുറിച്ചും, അത് കരസ്ഥമാകുന്ന രീതിയെ കുറിച്ചും, ജീവിതത്തിൽ അതു ചെലുത്തുന്ന സ്വാധീനത്തെ കുറിച്ചും, വിശ്വാസത്തിന്റെ ദൃഢതയെ കുറിച്ചും വിശദീകരിച്ചു സംസാരിച്ചു. തന്റെ പ്രഭാഷണത്തിന്റെ അവസാനം പറഞ്ഞു, 'ഈ ദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഉപദേശങ്ങളനുസരിച്ച് എത്രത്തോളം പ്രവർത്തിക്കുന്നുണ്ടെന്ന് നാം രാവും പകലും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. പരിശുദ്ധമായ മാറ്റം നമ്മിലുണ്ടാകുന്നുണ്ടോ? ദൈവഭക്തിയുടെ ഉന്നതിയിലേക്ക് നമ്മുടെ ചുവടുകൾ ഉയരുന്നുണ്ടോ? പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവരെ എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. ശത്രുക്കളുടെ എല്ലാ ഗൂഢപദ്ധതികളും അവരിൽതന്നെ അല്ലാഹു മറിച്ചിടട്ടെ. ലോക അഹ്മദികളെ ഒന്നടങ്കം അല്ലാഹു ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് കാക്കട്ടെ. ലോക മുസ്‌ലീംകൾക്കുവേണ്ടി ദുആ ചെയ്യുക. അവരുടെ തെറ്റുകൾ കാരണത്താൽ, ഈമാനിന്റെ ബലഹീനത കാരണത്താൽ, പരസ്പരമുള്ള കടമകൾ നിറവേറ്റാത്ത കാരണത്താൽ, ഭരണാധികാരികൾ പ്രജകളുടേയും പ്രജകൾ ഭരണാധികാരികളുടേയും അവകാശം ധ്വംസിക്കുന്ന കാരണത്താൽ ലോകഇസ്‌ലാം പരീക്ഷണങ്ങളിൽ വീണുകൊണ്ടേയിരിക്കുകയാണ്. സമാധാന സ്ഥാപനത്തിന്റെ പേരിൽ ഇസ്‌ലാമിനെ കൂടുതൽ ബലഹീനമാക്കാനുള്ള കരുക്കൾ ശത്രുക്കൾക്ക് നല്കിക്കൊണ്ടിരിക്കുന്നത് ഇന്ന് മുസ്‌ലീംകൾ തന്നെയാണ്. കാര്യം ഇനി ഇവിടൊന്നും നില്ക്കുകയില്ല. ഇവർ ഇങ്ങനെതന്നെ മുന്നോട്ടുപോകുകയാണെങ്കിൽ ലോകത്തിലെ സമാധാനം നശിച്ചുപോകുന്ന കാലം വിദൂരമല്ല. യുദ്ധത്തിന്റെ രൂപത്തിലും ഇതു സംഭവിക്കാം. അല്ലാഹു മനുഷ്യകുലത്തെ മുഴുവൻ രക്ഷിക്കുമാറാകട്ടെ. അവൻ എപ്പോഴും നമ്മെ അവന്റെ അഭയത്തിൽ സൂക്ഷിക്കുമാറാകട്ടെ.'

30-08-2013 വെള്ളിയാഴ്ച രാത്രി ഇന്ത്യൻ സമയം 8.55 ന് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഇസ്‌ലാമിന്റെ പതാകഉയർത്തി, ദുആ ചെയ്തതോടെയാണ് യു. കെ. ജമാഅത്തിന്റെ 47-ാമത് ജൽസ സാലാനയ്ക്ക് തുടക്കം കുറിച്ചത്. തുടർന്ന് അമീറുൽമുഅ്മിനീൻ വേദിയിൽസന്നിഹിതനാകുകയും ഹാനീ ത്വാഹിർ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ യോഗനടപടികൾ ആരംഭിക്കുകയും ചെയ്തു. മുഹമ്മദു ഇസ്ഹാഖ് സാഹിബ് വാഗ്ദത്ത മഹ്ദീ മസീഹ് രചിച്ച **'ഹമേ ഉസ് യാർ സെ തഖ് വാ അത്വാ ഹെ'** എന്നു തുടങ്ങുന്ന പദ്യം ആലപിച്ചു.

ശനിയാഴ്ച ഉച്ച കഴിഞ്ഞ് ഇന്ത്യൻ സമയം രണ്ടര മണിയ്ക്ക് രണ്ടാമത്തെ സെഷൻ ഹാഫിദ് ഫദ്‌ലെ റബ്ബി സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ചു. മുസവ്വർ അഹ്മദ് സാഹിബാണ് പദ്യം ആലപിച്ചത്. ജാമിഅ അഹ്മദിയ്യ യു. കെ യിലെ ഉസ്താദ് അത്വാഉൽമുഅ്മിൻ സാഹിദ് സാഹിബ് ഹദ്റത്ത് ശേർ അലി സാഹിബിന്റെ പരിശുദ്ധ ജീവിതത്തെക്കുറിച്ചും, റബ്‌വയിലെ ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാൾ ജമീലുർറഹ്മാൻ റഫീഖ് സാഹിബ് 'മനസ്സമാധാനത്തിനുള്ള മാർഗം ദൈവസ്മരണ' എന്ന വിഷയത്തെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. യു.കെ. ഹ്യൂമൻ റൈറ്റ്സ് കമ്മിറ്റി ചെയർമാൻ ഡോക്ടർ ഇഫ്തിഖാർ അഹ്മദ് അയാസ് സാഹിബ്, വിശുദ്ധ ഖുർആന്നെതിരിൽ ശത്രുക്കൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്ക് മറുപടി എന്ന നിലയിൽ പ്രഭാഷണം നടത്തി. റബ്‌വയിലെ നാദിർ അഅ്‌ലായും അമീർ മഖാമിയുമായ മിർസാ ഖുർശിദ് അഹ്മദ് സാഹിബായിരുന്നു യോഗാദ്ധ്യക്ഷൻ.

കൃത്യം നാലരയ്ക്ക് ലജ്ന ഇമാഇല്ലാഹ് പ്രതിനിധികൾ അമീറുൽമുഅ്മിനീനെ സ്വാഗതം ചെയ്ത് വേദിയിലേക്ക് ആനയിച്ചു. ഖുർറത്തുൽ അയ്ൻ സാഹിബായുടെ ഖുർആൻ പാരായണത്തോടെ യോഗ നടപടികളാരംഭിച്ചു. തുടർന്ന് അമീറുൽമുഅ്മിനീൻ സ്ത്രീകളെ സംബോധന ചെയ്തു സംസാരിച്ചു. ഈ പ്രഭാഷണം പുരുഷന്മാരുടെ സമ്മേളന നഗരിയിലും കാണാനുള്ള ഏർപ്പാടു ചെയ്തിരുന്നു.

രാത്രി എട്ടരമണിക്ക് മൂന്നാമത്തെ സെഷൻ ആരംഭിക്കുന്നതിന് മുമ്പേ യു.കെ അമീർ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഒരു സ്പെഷ്യൽ സെഷൻ സംഘടിപ്പിച്ചിരുന്നു. ഇതിൽ കൗൺസിലർ ജോൺ സർജന്റ് (Dpty. Mayor of Merton), കൗൺസിലർ പാട്രിക്ക എല്ലിസ് (Mayor of Wastegy), കൗൺസിലർ സച്ചിൻ ഗുപ്ത (Mayor of Hounslow), മിസ്ക്ക വോൾക്കൊ (Assistant prof. at the

University of Achi, Dept.of Social Service), ബനഡിക്റ്റ് റോഗേർസ് (East Asia Team Leader CSW), മൺസ്വൂർ നാദിർ (M.P Parliament of guyana), സീമ മൽഹോത്ര (Member Of British Parliament), മുഹമ്മദ് അസ്ഗർ (Shadow Minister for communities Wales), ആനീ റോബട്ട്സ് (Mayor of Woking), മാത്യു ഓഫേർഡ് (Member of Parliament Hendon) മേരീ മേലഡ് (Member of House Of Commons) അൽഹാജ് ഡാക്ടർ അഹ്മദ്ബു യഖിബു (King Of Yangipa, Kingdom in Nigeria) സർ ഡേർനാഡ് ഹോഗൺ ഹോവ് (Commissioner Metro Politan Police) സ്റ്റീഫൻ ഹാമണ്ട് (M.P. Member of House of Commons) എന്നിവർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മാർഥതയേയും കാരുണ്യ പ്രവർത്തനങ്ങളേയും പ്രകീർത്തിച്ചുകൊണ്ടു സംസാരിച്ചു.

ഇന്ത്യൻ സമയം രാത്രി 8.55ന് മൗലാനാ ഫിറോസ് ആലം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ മൂന്നാമത്തെ സെഷൻ ആരംഭിച്ചു. മുർതസാ മന്നാൻ സാഹിബ് പദ്യമാലപിച്ചു. തുടർന്ന് സയ്യിദുനാ അമീറുൽമുഅ്മിനീന്റെ പ്രഭാഷണം തുടങ്ങി. സൂറത്തുന്നഹ്‌ലിലെ 19-ാമത്തെ വചനം ഓതിക്കൊണ്ടാണ് ഹുദൂർ പ്രസംഗത്തിന് സമാരംഭം കുറിച്ചത്. രണ്ടു മണിക്കൂർ നീണ്ടു നിന്ന പ്രസംഗം ജമാഅത്തിന് 2012-2013 നടപ്പു വർഷമുണ്ടായ അനുഗ്രഹവും അഭിവൃദ്ധിയും ഓരോന്നോരോന്നായി വരച്ചു കാണിച്ചുകൊണ്ടുള്ളതായിരുന്നു. അതിലെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് ഈ റിപ്പോർട്ടിന്റെ തുടക്കത്തിൽ ചേർത്തിട്ടുള്ളത്.

01-09-2013 ഞായറാഴ്ച ഉച്ച കഴിഞ്ഞ രണ്ടരമണിയ്ക്ക് നാലാമത്തെ സെഷൻ ഹാഫിദ് മസ്ഊദ് അഹ്മദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ചു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മൗറീഷ്യസ് ഘടകത്തിന്റെ പ്രസിഡന്റ് മൂസാ തേജു സാഹിബായിരുന്നു അദ്ധ്യക്ഷൻ. റാണാ മഹ്മൂദുൽ ഹസൻ സാഹിബ് പദ്യം ആലപിച്ചു. തുടർന്ന് മൗലാനാ മുഹമ്മദു കരീമുദ്ദീൻ സാഹിബ് ശാഹിദ്(നാസിം ഇർശാദ് വഖ്ഫെ ജദീദ്, ഖാദിയാൻ), മൗലാനാ സയ്യിദ് മുബശ്ശിർ അഹ്മദ് സാഹിബ് അയാസ് (റിസർച്ച്സെൽ റബ്‌വ), മൗലാനാ അത്വാവുൽ മുജീബ് സാഹിബ് റാശിദ്(ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ), റഫീഖ് അഹ്മദ് സാഹിബ് ഹയാത്ത്(അമീർ യു.കെ) എന്നിവർ യഥാക്രമം അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക, സ്വഹാബാക്കൾക്ക് തിരുനബി(സ)യോടുണ്ടായിരുന്ന അനുരക്തി, ഹദ്റത്ത് മസീഹ് മൗഊദിനു (അ)ഇസ്‌ലാമിക സേവനത്തിനുണ്ടായിരുന്ന അഭിവാഞ്ച, അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടന്റെ നൂറു വർഷം തുടങ്ങിയ വിഷയങ്ങൾ അധികരിച്ച് സംസാരിച്ചു. തുടർന്ന് ആഗോള ബയ്അത്തിനുള്ളതയ്യാറെടുപ്പായിരുന്നു.

**ആഗോള ബയ്അത്ത്**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഐതിഹാസികമായൊരു സംഭവമാണ് ആഗോള ബയ്അത്ത്. നടപ്പുവർഷം അനുസരണ പ്രതിജ്ഞ(ബയ്അത്ത് എന്നാണ് അറബിയിൽ ഇതിനു പറയുന്നത്)ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിക്കുന്ന എല്ലാവരും അതിനോടൊപ്പം ലോകത്തു വസിക്കുന്ന എല്ലാ അഹ്മദികളും തങ്ങളുടെ പ്രതിജ്ഞ പുതുക്കുന്നതിനുവേണ്ടി അഹ്മദിയ്യാ സെന്ററുകളിലും പള്ളികളിലും രാപകൽ വ്യത്യാസമില്ലാതെ സംഘടിക്കുന്നു. അമീറുൽമുഅ്മിനീൻ ചൊല്ലിക്കൊടുക്കുന്ന പ്രതിജ്ഞ ഏറ്റു ചൊല്ലുന്നു.

01-09-2013 ഞായറാഴ്ച ഇന്ത്യൻ സമയം വൈകുന്നേരം അഞ്ചര മണിയ്ക്ക് അമീറുൽമുഅ്മിനീൻ സമ്മേളന നഗരിയിൽ ആഗതരായി. ലോകം മുഴുവൻ ദുആയോടുകൂടി വേദന തിങ്ങുന്ന ഹൃദയത്തോടെ ബയ്അത്തിന്റെ നിമിഷം കാത്തിരിക്കുകയായിരുന്നു. അമീറുൽമുഅ്മിനീൻ ബയ്അത്തിന്റെ ഓരോ വചനവും ചൊല്ലിക്കൊടുക്കുമ്പോൾ വിങ്ങിപ്പൊട്ടുന്ന ഹൃദയത്തോടെയാണ് അഹ്മദികൾ അത് ഏറ്റു പറഞ്ഞത്. ബയ്അത്തിനുശേഷം അല്ലാഹുവിനോടുള്ള നന്ദി രേഖപ്പെടുത്തി അമീറുൽമുഅ്മിനീൻ സുജൂദു ചെയ്തപ്പോൾ ഉള്ളിൽ തളംകെട്ടിനിന്ന റബ്ബിനോടുള്ള കേഴൽ അണപൊട്ടിയൊഴുകി. നാലു ഭാഗത്തും ഏങ്ങലടികൾ ഉയർന്നു അല്പ നേരമായിരുന്നെങ്കിലും ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു അത്. അല്ലാഹു അക്ബർ.

**സമാപനയോഗം**

ഇന്ത്യൻ സമയം രാത്രി 9.10ന് ഹാഫിദ് ത്വയ്യിബ് അഹ്മദ് സാഹിബിന്റെ തിലാവത്തോടുകൂടി സമാപന യോഗം ആരംഭിച്ചു. ഫലസ്തീൻ ഗ്രൂപ്പ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിതിരുമേനി (സ)യെ പുകഴ്ത്തിക്കൊണ്ടെഴുതിയ ഖസീദ **"യാ മൻ അഹാത്വൽഖൽഖു ബിൽആലായീ – നുഥ്നീ അലയ്ക്കവ ലയ്സ ഹൗലു ഥനായീ"** മനോഹരമായി ആലപിച്ചു. സയ്യിദ് ആശിഖ് ഹുസയ്ൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിതിരുമേനി(സ)യെ സ്തുതിച്ചുകൊണ്ടെഴുതിയ ഫാർസി പദ്യം കേൾപ്പിച്ചു. അതിനുശേഷം വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് അമീറുൽമുഅ്മിനീൻ മെഡലുകൾ നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെ കുറിച്ചും തന്റെ വാദം വിളംബരം ചെയ്തുകൊണ്ടുമെഴുതിയ പദ്യം മുഹമ്മദ് ഇസ്മത്തുല്ലാഹ് സാഹിബ് ആലപിച്ചു. തുടർന്ന് അമീറുൽമുഅ്മിനീന്റെ സമാപന പ്രഭാഷണമായിരുന്നു. അല്ലാഹു നമ്മുടെ നാമം മുസ്‌ലിം എന്നു വെച്ചിരിക്കുന്നതുകൊണ്ട് നമുക്കൊന്നും ഭയക്കാനില്ലെന്ന് പല ചരിത്ര സംഭവങ്ങളും വിവരിച്ച്കൊണ്ട് ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു. ഒരു മണിക്കൂറും ഇരുപത് മിനിറ്റും ഹുദൂറിന്റെ പ്രഭാഷണം നീണ്ടുനിന്നു. 89 രാജ്യങ്ങളിൽനിന്ന് 31,205 പ്രതിനിധികൾപങ്കെടുത്തു. അൽഹംദുലില്ലാഹ്.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ലാ നേതൃത്വം ഹോട്ടൽ അബാദ് പ്ലാസയിൽ സംഘടിപ്പിച്ച 'ഈദ് മിലൻ 2013' കൊച്ചി മേയർ ശ്രീ. ടോണി ചമ്മണി ഉദ്ഘാടനം ചെയ്യുന്നു. മൗലവി എം. നാസിർ അഹ്മദ്, ഇ.എച്ച്. നജീബ്, ഫാദർ പോൾ തേലേക്കാട്ട്, ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ്, ഇ.എൻ. നന്ദകുമാർ എന്നിവർ സമീപം.

## ഖുർആൻ ഖത്തം പൂർത്തിയാക്കി



മാത്ര ജമാഅത്തിലെ മുനീബുറഹ്മാൻ ഖുർആൻ ഒരു ഖത്തം പൂർത്തിയാക്കി. ഏഴര വയസുള്ള ഇദ്ദേഹം ഡോ. അബ്ദുൽ റഹ്മാന്റെയും ജുമൈല റഹ്മാന്റെയും മകനാണ്.




പാലക്കാട് മേഖല അൻസാറുല്ലാഹ് തർബിത്ത് ക്യാമ്പ് ജില്ലാ അമീർ എം.കെ. അബ്ദുൽ കരീം സഹിബ് ഉദ്ഘാടനം ചെയ്യുന്നു.



കോഴിക്കോട്ടെ ആദ്യത്തെ പള്ളിയായ ദാറുസ്സലാം നവീകരിച്ചതിനുശേഷം



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഈദുൽ ഫിത്വ്‌റിനോടനുബന്ധിച്ച് എറണാകുളം നിർമല ശിശുഭവനിലെ കുരുന്നുകൾക്ക് സ്നേഹ വിരുന്ന് ഒരുക്കിയപ്പോൾ

7 September 2013

Vol: 85 Issue.9
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**

# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages




## MTA

Watch MTA Live, view Schedule and much more



## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**